‘ആവർത്തിക്കുന്ന സംസാരേ ചാവുന്നേവൻജനിച്ചിടാ
ഏവൻ കുലമുയർത്തിടുമവനത്രേ ജനിച്ചവൻ’

**Kshatra Sandesam**
Quarterly News Magazine of
Kshatriya Kshema Sabha
July - September 2010
Me 1185-1186 Karkidakam - Kanni
Volume 10 Issue 3

ക്ഷാത്രസന്ദേശം
ക്ഷത്രിയ ക്ഷേമ സഭയുടെ
ത്രൈമാസ വാർത്താപത്രിക
ജൂലൈ – സെപ്റ്റംബർ 2010
1185–1186 കർക്കിടകം – കന്നി
വാല്യം 10, ലക്കം 3

## വിഷയവിവരം

പത്രാധിപക്കുറിപ്പ് 1

സെൻസസും സാംസ്ക്കാരിക കേന്ദ്രങ്ങളും 3
**കെ.സി. മാനവർമ്മരാജ**

വിദ്വാന്മാരും വിദുഷികളും 4
**കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിരാജ**

കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ കാരാഗൃഹവാസത്തിനിടയാക്കിയ സാഹചര്യങ്ങൾ 5
**സമ്പാ: ഡോ. ബി.ആർ. ആർ. വർമ്മ**

വേണാട് (തിരുവിതാംകൂർ രാജവംശം) 12
**ഡോ. ആർ.പി. രാജാ**

ദേവി 15
**പ്രഭാത് കുമാർ മുഖൊപാദ്ധ്യായ**
**പരിഭാഷ: ഡോ.കെ.സി.എം. രാജ**

അന്ത്യാഭിലാഷം 17
**ഗായത്രീവർമ്മ**

ടിന്റുമോൻ ഫലിതങ്ങൾ 18
**സമ്പാ: വത്സലാ രവിവർമ്മ**

സ്നേഹം 19
**ഹൈമവതി വർമ്മ**

ഗുരുവായൂർ സത്യാഗ്രഹം 21
**വൃന്ദാദേവി തമ്പുരാൻ**

നെല്ലിപ്പടിയിലെത്തിയ ക്ഷമ 22
**കെ. കുഞ്ചുണ്ണിതമ്പുരാൻ**

ബാലവേദി, പുസ്തകജാലകം, വളരുന്ന പ്രതിഭകൾ 24

ഒറ്റ ശ്ലോകങ്ങൾ 27
**പി.കെ. കുഞ്ഞിയനുജത്തി തമ്പുരാട്ടി**

വാർത്തകൾ - വിശേഷങ്ങൾ 28

വൈവാഹികം 37

**പത്രാധിപക്കുറിപ്പ്**

# ഇവർ ചിരസ്മരണീയർ

ക്ഷത്രിയ സമുദായത്തിലെ പ്രഗത്ഭരായ മൂന്ന് കലാകാരന്മാരുടെ വേർപാടാണ് കഴിഞ്ഞ മൂന്ന് മാസത്തിനുള്ളിൽ നാം കണ്ടത്. മൂവരും മൂന്ന് വ്യത്യസ്ത മേഖലകളിൽ കഴിവും പ്രതിഭയും തെളിയിച്ചവർ. കാർട്ടൂണിസ്റ്റ് കേരളവർമ്മ ജൂലായ് ഇരുപത്തിരണ്ടിനും കഥകളി നടൻ പന്തളം കേരളവർമ്മ ആഗസ്റ്റ് ഇരുപത്തിരണ്ടിനും സിനിമ, സീരിയൽ നടൻ ആർ.വി. കുഞ്ഞിക്കുട്ടൻ തമ്പുരാൻ ആഗസ്റ്റ് ഇരുപത്തിമൂന്നിനും കലാകേരളത്തോട് വിട വാങ്ങി.

ശങ്കേഴ്സ് വീക്ലിയിലൂടെ പ്രശസ്തനായ കാർട്ടൂണിസ്റ്റാണ് കെ.വി. എന്ന തൂലികാനാമത്തിൽ അറിയപ്പെട്ടിരുന്ന കേരളവർമ്മ. കേരളവർമ്മയുടെ കാർട്ടൂണുകൾ, ആദ്യമായി പ്രത്യക്ഷപ്പെട്ടു തുടങ്ങിയത് ആയിരത്തിതൊള്ളായിരത്തി അൻപതുകളുടെ ആരംഭത്തിലാണ്. മുംബെയിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്ന കമ്മ്യൂണിസ്റ്റ് ചായ്‌വുള്ള ‘ബ്ലിറ്റ്സി’ലും ‘ക്രോസ്സ്റോഡി’ലുമാണ് അദ്ദേഹം കാർട്ടൂൺ വരച്ചു തുടങ്ങിയത്. ആയിരത്തിതൊള്ളായിരത്തി അൻപത്തിമൂന്നിൽ ഡൽഹിയിൽ ‘ശങ്കേഴ്സ് വീക്‌ലി’യിൽ കാർട്ടൂണിസ്റ്റായി ജോലിയിൽ പ്രവേശിച്ചു. ഒരു ഫ്രീലാൻസ് കാർട്ടൂണിസ്റ്റാകാനുള്ള അദ്ദേഹത്തിന്റെ ആഗ്രഹം സഫലമാകുന്നത് സ്വന്തമായി ആരംഭിച്ച ‘കെ.വി. കാർട്ടൂൺ സിൻഡിക്കേറ്റ്’ എന്ന സ്ഥാപനത്തിലൂടെയാണ്. ‘ഈസ്റ്റേൺ എക്കണോമിസ്റ്റ്’ ‘ഹിന്ദുസ്ഥാൻ ടൈംസ്’ തുടങ്ങിയ ഇംഗ്ലീഷ് പത്രങ്ങളിലും നിരവധി ഉത്തരേന്ത്യൻ ഭാഷാപത്രങ്ങളിലും ആനുകാലികങ്ങളിലും കേരളവർമ്മയുടെ കാർട്ടൂണുകൾ തുടർച്ചയായി പ്രസിദ്ധീകരിച്ചുവന്നു. അടിയന്തിരാവസ്ഥക്കാലത്ത് ഇന്ദിരാഗാന്ധിയെ അധിക്ഷേപിച്ച് കാർട്ടൂൺ വരച്ചുവെന്നാരോപിച്ച് തിഹാർ ജയിലിൽ അടയ്ക്കുകയുണ്ടായി. ഏതാണ്ട്

**പത്രാധിപ സമിതി**
**എം. രവിവർമ്മ രാജാ**
*മുഖ്യപത്രാധിപർ*
**ഡോ. എഴുമറ്റൂർ രാജരാജവർമ്മ**
**ദിനേശ്**
**ജി രാമവർമ്മ**
**ടി.എൻ. ആദിത്യവർമ്മ തമ്പാൻ**
**ആർ. കിഷോർ കുമാർ വർമ്മ**

ഓഫീസ് നിർവഹണം : ആർ. രാജരാജവർമ്മ, വത്സലാരവിവർമ്മ
മുഖചിത്രം : വിടവാങ്ങിയ കലാപ്രതിഭകൾ

മൂന്നര ദശാബ്ദകകാലത്തെ ഇന്ദ്രപ്രസ്ഥവാസത്തിനു ശേഷം ആയിരത്തിതൊള്ളായിരത്തി തൊണ്ണൂറായപ്പോഴേക്കും നാട്ടിലേക്കു മടങ്ങി. ഭാര്യാഗൃഹമായ തൃപ്പൂണിത്തുറ പാലസ് നമ്പർ 4–ൽ താമസമാക്കിയ കേരളവർമ്മയുടെ താൽപ്പര്യം പിന്നീട് കഥകളി സംഗീതത്തിലായിരുന്നു. സദനം ഗോപാലകൃഷ്ണനാശാന്റെ കീഴിൽ കഥകളി സംഗീതം അഭ്യസിക്കുകയും എഴുപത്തിയെട്ടാമത്തെ വയസ്സിൽ അരങ്ങേറ്റം കുറിക്കുകയും ചെയ്തു. കൊ.വ. 1100 കന്നിമാസത്തിലെ പുണർതം നക്ഷത്രത്തിൽ അനന്തപുരത്തു കൊട്ടാരത്തിൽ പൂയംനാൾ അംബാലിക തമ്പു രാട്ടിയുടെയും മേടങ്ങാല ഇല്ലത്ത് വാസുദേവൻ നമ്പൂതിരിയുടെയും മകനായി ജനിച്ച കേരളവർമ്മ വിവാ ഹം കഴിച്ചത് കൊച്ചി രാജകുടുംബത്തിലെ പത്മാവതി തമ്പുരാട്ടിയെയാണ്. ഏകമകൾ നന്ദിനി BSNL-ൽ ഉദ്യോഗസ്ഥയാണ്.

പ്രശസ്ത കഥകളി നടൻ കലാമണ്ഡലം പന്തളം കേരളവർമ്മ ആഗസ്റ്റ് 22ന് അന്തരിച്ചു. പന്തളത്ത് കൊട്ടാരത്തിൽ മകംനാൾ അംബാലിക തമ്പുരാട്ടിയുടെയും കുമാരനല്ലൂർ ഇളയിടത്തില്ലത്ത് വിദ്വാൻ നീലകണ്ഠൻ നമ്പൂതിരിയുടെയും പുത്രനായി 1929 ഡിസംബർ 31ന് ജനിച്ച കേരളവർമ്മ മാങ്കുളം വിഷ്ണു നമ്പൂതിരിയുടെ കീഴിൽ നാലുവർഷവും ഭാരതസർക്കാരിന്റെ സ്കോളർഷിപ്പോടെ കലാമണ്ഡലത്തിൽ ആറു വർഷവും കഥകളി അഭ്യസിച്ചു. 19–ാം വയസ്സിൽ അരങ്ങേറ്റം കുറിച്ച കേരളവർമ്മയുടെ നടനത്തിന് വിദേശരാജ്യങ്ങളുൾപ്പെടെ നിരവധി അരങ്ങുകൾ സാക്ഷ്യം വഹിച്ചു. കലാമണ്ഡലം രാമൻകുട്ടി നായരുടെ ശിക്ഷണം കേരളവർമ്മയെ കളിയരങ്ങിൽ കരുത്തനാക്കി. കത്തി–കരി–വെള്ളത്താടി വേഷങ്ങളിൽ മൗലികമായ പ്രതിഭ തെളിയിച്ചയാളാണ് കേരളവർമ്മ. വീരരസപ്രധാനമായ കത്തിവേഷങ്ങളിലും ഹാസ്യരസപ്രധാനമായ വേഷങ്ങളിലും അഭിനയ മേന്മ പുലർത്തിയിരുന്നു.

ഗുരു ചെങ്ങന്നൂർ പുരസ്കാരം (1996) കേരള സംഗീത നാടക അക്കാദമി പുരസ്കാരം (2001), കേരളകലാമണ്ഡലം അംഗീകാരമുദ്ര 2003), കലാമണ്ഡലം കൃഷ്ണൻനായർ ഗുരുകുലത്തിന്റെ കലാമണ്ഡലം കൃഷ്ണൻനായർ പുരസ്കാരം (2004), തൃപ്പൂണിത്തുറ കഥകളി കേന്ദ്രത്തിന്റെ കലാമണ്ഡലം കരുണാകരൻ സ്മാരക പുരസ്കാരം (2006), കലാസാംസ്കാരിക രംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ള കൈരളി നാട്യധർമ്മ പുരസ്കാരം (2006), കല്യാണ കൃഷ്ണ ഫൗണ്ടേഷന്റെ പ്രഥമ കഥകളി പുരസ്കാരം (2008) പട്ടിക്കാംതൊടി രാമുണ്ണിമേനോൻ സ്മാരക കഥകളി പുരസ്കാരം (2009), പന്തളത്തു കൊട്ടാരം നിർവ്വാഹകസംഘം ആദരവ് (2010) എന്നീ പുരസ്കാരങ്ങൾ അദ്ദേഹത്തെ തേടിയെത്തി.

ചിറളയം കൊട്ടാരത്തിൽ സി.എ. ചന്ദ്രികത്തമ്പുരാട്ടിയാണ് ഭാര്യ. രേണുക, ശ്രീകാന്ത്, രോഹിണി എന്നിവർ മക്കളും രവീന്ദ്രവർമ്മ (കൊടുങ്ങല്ലൂർ),പ്രിയദർശിനി (കോട്ടയം നട്ടാശ്ശേരി), ചന്ദ്രഭാനുരാജ (കടന്നമണ്ണ) എന്നിവർ മരുമക്കളുമാണ്.

സിനിമ സീരിയൽ നടനും കൊച്ചി രാജകുടുംബാംഗവുമായ തൃപ്പൂണിത്തുറ ഈടുപ്പ് പാലസിൽ ആർ.വി. കുഞ്ഞിക്കുട്ടൻ തമ്പുരാൻ (74) അന്തരിച്ചു.

മലയാള സിനിമകളിലും 'കോട്ടൺമേരി' എന്ന ഇംഗ്ലീഷ് സിനിമയിലും 'സമയം' 'ചിറ്റ' മുതലായ ടെലിവിഷൻ സീരിയലുകളിലും അഭിനയിച്ചിട്ടുണ്ട്.

സിപിഎം സഹയാത്രികനാണ്. പാർട്ടിക്കുവേണ്ടി 'കുരുക്ഷേത്ര'എന്ന പേരിൽ ആട്ടക്കഥ എഴുതിയിട്ടുണ്ട്. കഥകളി, കൂടിയാട്ട രംഗത്തെ പ്രമുഖ കലാകാരന്മാരെക്കുറിച്ചുള്ള 'ആളുകൾ അരങ്ങുകൾ' എന്ന പുസ്തകത്തിന്റെ രചയിതാവുമാണ് കുഞ്ഞിക്കുട്ടൻ തമ്പുരാൻ

ഭാര്യ: സതീവർമ (മാനേജർ, തൃപ്പൂണിത്തുറ, കഥകളി കേന്ദ്രം, വനിതാവിഭാഗം).

പ്രസിഡന്റിന്റെ കത്ത്

# സെൻസസും സാംസ്ക്കാരിക കേന്ദ്രങ്ങളും

പ്രിയ ബന്ധുജനങ്ങളേ,

ക്ഷത്രിയക്ഷേമസഭയുടെ രൂപീകരണത്തിനു നേതൃത്വം നൽകുകയും അവസാനശ്വാസം വരെ സമുദായാംഗങ്ങൾക്കുവേണ്ടി പ്രവർത്തിക്കുകയും ചെയ്ത ആദരണീയനായ എം.സി. കേരളവർമ്മ രാജയുടെ ജന്മശതാബ്ദി വർഷത്തിൽ ആ മഹാത്മാവിനെ ഓർമ്മിപ്പിച്ചുകൊണ്ട് സഭയുടെ ഭാവി പ്രവർത്തനങ്ങൾ ക്ക് എല്ലാവരുടേയും അനുഗ്രഹം അഭ്യർത്ഥിക്കുന്നു.

സഭാപ്രവർത്തനത്തെ കേരളത്തിലെയെന്നല്ല ലോകത്തെവിടെയുമുള്ള ക്ഷത്രിയരിലേക്ക് എത്തിക്കുവാനാണ് എം.സി. ചേട്ടന്റെ സ്മരണയിൽ ഞങ്ങൾ ശ്രമിച്ചുവരുന്നത്. ഇക്കാര്യത്തിൽ എല്ലാ ബന്ധുജനങ്ങളുടെയും സഹകരണം തേടുകയാണ്. ഈ ലക്കം ക്ഷാത്രസന്ദേശത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ക്ഷത്രിയക്ഷേമസഭയുടെ വാർഷികറിപ്പോർട്ടിലേക്ക് ഞാൻ നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കട്ടെ. അതിൽ സൂചിപ്പിച്ചിട്ടുള്ള രണ്ടു കാര്യങ്ങളെക്കുറിച്ചു മാത്രമേ തത്കാലം ഞാൻ പരാമർശിക്കുന്നുള്ളു. ഒന്ന്, ക്ഷത്രിയ സമുദായാംഗങ്ങളുടെ സെൻസസ്. രണ്ട് മേഖലാ സാംസ്കാരിക കേന്ദ്രങ്ങൾ. സമുദായ ക്ഷേമപരിപാടികൾ ആവിഷ്ക്കരിക്കുന്നതിന് ചില അടിസ്ഥാന വിവരങ്ങൾ ആവശ്യമാണ്. ഈ വിവരങ്ങളുടെ അഭാവത്തിൽ ക്ഷേമപദ്ധതികൾ രൂപപ്പെടുത്തുന്നതിനോ ഫലപ്രദമായി നടപ്പാക്കുന്നതിനോ കഴിയില്ല. സെൻസസ് വിവരങ്ങൾ ശേഖരിക്കുന്ന പരിപാടി കുറച്ചു വർഷം മുമ്പു തുടങ്ങിയിരുന്നുവെങ്കിലും തുടർ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ലക്ഷ്യം കാണാതെ അവസാനിക്കുകയായിരുന്നു. എന്നാൽ ഈ കുറവു പരിഹരിച്ചുകൊണ്ട് സെൻസസ് പ്രവർത്തനങ്ങൾ പുനരാരംഭിക്കുകയാണ്. അതുപോലെ തന്നെ ഉത്തരമേഖലയിൽ കോഴിക്കോടും മദ്ധ്യമേഖലയിൽ തൃശൂരും ദക്ഷിണ മേഖലയിൽ പന്തളവും കേന്ദ്രമാക്കി മൂന്നു സാംസ്ക്കാരിക കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വിവിധ സാംസ്ക്കാരിക മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള സമുദായാംഗങ്ങളുടെ വിവരങ്ങൾ ശേഖരിക്കുക, പ്രൊഫഷണൽ കലാകാരന്മാർക്ക് ആവശ്യമായ അവസരങ്ങൾ ഒരുക്കുക, സമുദായാംഗങ്ങളുടെ സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുക, വ്യക്തികളേയും കൊട്ടാരങ്ങളേയും കോവിലകങ്ങളേയും കുറിച്ച് ഡോക്യുമെന്ററികൾ തയ്യാറാക്കുക തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾക്ക് ഈ സാംസ്ക്കാരിക കേന്ദ്രങ്ങൾ നേതൃത്വം നൽകും.

ഈ പ്രവർത്തനങ്ങളിൽ എല്ലാ ബന്ധുജനങ്ങളുടേയും അകമഴിഞ്ഞ സഹകരണം ഞങ്ങൾ ആഗ്രഹിക്കുന്നു. പ്രവർത്തനത്തിൽവരുന്ന പാകപ്പിഴകൾ ചൂണ്ടിക്കാട്ടിയും വേണ്ട നിർദ്ദേശങ്ങൾ നൽകിയും ക്രിയാത്മകമായി സഭാപ്രവർത്തനങ്ങളിൽ പങ്കുചേരണമെന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ കൂടുതൽ പേർ സഭാപ്രവർത്തനത്തിന് തയ്യാറായി വരണമെന്നും അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം
കെ.സി. മാനവർമ്മരാജ
12.10.2010 രാജമന്ദിർ, നീലേശ്വരം

## എം.സി. കേരളവർമ്മ ജന്മശതാബ്ദി

ക്ഷത്രിയക്ഷേമസഭയുടെ സ്ഥാപക നേതാവ് എം.സി. കേരളവർമ്മരാജയുടെ ജന്മശതാബ്ദി സെപ്റ്റംബർ 11,18,19 തീയതികളിൽ വിപുലമായ തോതിൽ ആഘോഷിച്ചു. സെപ്റ്റംബർ 11ന് ഉത്തരമേഖലയുടെ കീഴിൽ കോഴിക്കോട്ടു വച്ചും 19ന് മധ്യമേഖലയുടെ ഭാഗമായി തൃശൂരിലും 18,19 തീയതികളിൽ ദക്ഷിണമേഖലാടിസ്ഥാനത്തിൽ ആഘോഷസമാപനങ്ങൾ തിരുവനന്തപുരത്തുമായി നടന്നു. വിശദമായ റിപ്പോർട്ട് വാർത്തകളുടെ ഭാഗത്ത് ചേർത്തിരിക്കുന്നു. ശതാബ്ദിയാഘോഷങ്ങൾ സംബന്ധിച്ച വരവ്–ചെലവ് വിവരങ്ങളും സംഭാവന നൽകിയവരുടെ പേരു വിവരങ്ങളും അടുത്തലക്കം ക്ഷാത്രസന്ദേശത്തിൽ പ്രസിദ്ധീകരിക്കും.

# കൊടുങ്ങല്ലൂർ രാജവംശം
## (ഒൻപതാം ഭാഗം)
# വിദ്വാന്മാരും വിദുഷികളും

(തുടർച്ച)

**കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിരാജ**

**വിനോദപ്രിയൻ**

വിനോദങ്ങളിൽ തമ്പുരാനു വലിയ ഭ്രമമായിരുന്നു. ഇതെക്കുറിച്ച് ചിലർ രേഖപ്പെടുത്തിയ വിവരങ്ങൾ

A. 1. പ്രസിദ്ധകവിയും, ഗാനരചയിതാവുമായ പി. ഭാസ്കരന്റെ അച്ഛൻ, നന്ത്യേലത്തു പത്മനാഭമേനോൻ പ്രൈമറി ക്ലാസിൽ പഠിക്കുമ്പോൾ, മണി അഞ്ചാകാറായിട്ടും കൂട്ടുകാരുമൊത്ത് സ്കൂൾ പറമ്പിൽ കളിക്കുന്നതുകണ്ട്, ഹെഡ്മാസ്റ്റർ, ശിക്ഷിക്കുവാനായി ചൂരലുമായിറങ്ങി. ഈ സമയം തമ്പുരാനവിടെയെത്തി. കുട്ടികൾ പഠിച്ചാൽ മാത്രം പോരാ, കളിക്കുകയും വേണം എന്നദ്ദേഹം പറഞ്ഞ് അവരെ ശിക്ഷയിൽ നിന്നും രക്ഷിച്ചു.

2. മറ്റൊരവസരത്തിൽ, പത്മനാഭമേനോനും കൂട്ടുകാരും ചേർന്ന് ഇളയതമ്പുരാൻ കോവിലകത്ത് തലപ്പന്ത് കളിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ, തമ്പുരാൻ അലക്കിതേച്ച മുണ്ടുമുടുത്ത് അവിടെയെത്തി. ഞാനും കളിക്കാൻ കൂടാം എന്നുപറഞ്ഞ് അവരോടൊപ്പം ചേർന്നുകളിച്ചു.

B. 1. തമ്പുരാന്റെ സ്യാലൻ, കോയിപ്പിള്ളി പരമേശ്വരകുറുപ്പ് പ്രൈമറി ക്ലാസ് പഠനം പൂർത്തിയാക്കി, ഉപരിപഠനത്തിന്നായി എറണാകുളത്തുപോകുവാനുദ്ദേശിച്ച്, ജ്യേഷ്ഠനോടൊപ്പം കോവിലകത്തെത്തി. ആ സമയം തമ്പുരാൻ ഭൃത്യന്മാരോടൊപ്പം 'ഗോലി' ('ഗോട്ടി'/ഉണ്ടിക്കായ) കളിക്കുകയായിരുന്നു. ജ്യേഷ്ഠൻ, തമ്പുരാനെ വിവരമറിയിച്ചു. എന്താ എറണാകുളത്തിനു മെച്ചം. തൃശൂരിൽ പഠിക്കാൻ പോയാൽ മതി. ഒടുവിലിന്റെ (ഒടുവിൽ കുഞ്ഞുകൃഷ്ണമേനോൻ) കൂടെ താമസിക്കാം. ഉള്ള കവിതാവാസന കളഞ്ഞു കുളിക്കാതെ കഴിക്കാം' എന്നു പറഞ്ഞദ്ദേഹം ഒടുവിലിന്ന് ഏതാനും ശ്ലോകങ്ങൾ എഴുതിക്കൊടുത്തു.

2. പഠിപ്പുകഴിഞ്ഞ് കുറുപ്പ് ജോലി തേടുന്ന സമയം തമ്പുരാനെ കാണാൻ ചെന്നപ്പോൾ, അദ്ദേഹം ചില നമ്പൂതിരിമാരുമായി ചതുരംഗം കളിക്കുകയായിരുന്നു. കുറുപ്പിനെ കണ്ടപ്പോൾ, തമ്പുരാൻ 'പഠിപ്പെല്ലാം കഴിഞ്ഞ് പണിയില്ലാതെ നടക്കുകയാണല്ലേ' എന്നു ചോദിച്ച്, അന്തപ്പായിക്ക് ഏതാനും പദ്യങ്ങളിൽ ഒരു ശുപാർശ കത്തു നല്കി.

C. *പ്രൊഫസർ, കെ.ടി. രാമവർമ്മ രേഖപ്പെടുത്തിയിട്ടുള്ള സംഭവങ്ങൾ*

1) തമ്പുരാൻ കോട്ടക്കൽ താമസിച്ചിരുന്നപ്പോൾ, ചതുരംഗ ഭ്രമക്കാരനായ കെ.സി. കിട്ടുണ്ണിരാജ താമസിച്ചിരുന്ന പുത്തൻ സ്രാമ്പിയിൽ പോയി ചതുരംഗം കളിച്ചിരുന്നു. മുൻമന്ത്രി ചാക്കേരി അഹമ്മദുകുട്ടിയുടെ അച്ഛനും അവിടെ ഇടയ്ക്ക് കളിക്കുവാൻ വരിക പതിവായിരുന്നു. ചില അവസരങ്ങളിൽ, ചതുരംഗം കളിക്കുവാനായി ചില മാപ്പിളമാരുടെ വീടുകളിൽ പോയിരുന്നതായും അക്കൂട്ടത്തിൽ ചാക്കേരിയുടെ 'വേങ്ങരിയിലുള്ള വീട്ടിലും പോയിട്ടുണ്ടെന്നു പറഞ്ഞുകാണുന്നു.

2) ചതുരംഗം ഭ്രമക്കാരനായ കെ.കെ.രാജ (കുമരകം കോവിലകം) തമ്പുരാന്റെ കൂടെ ഒരിക്കൽ വള്ളത്തോളിന്റെ ഭവനത്തിൽ ചെന്നു. വള്ളത്തോളും തമ്പുരാനും അന്ന് അർദ്ധരാത്രി വരെ ചതുരംഗം കളിക്കുകയുണ്ടായി.

3 മറ്റൊരവസരത്തിൽ തമ്പുരാൻ വള്ളത്തോളിന്റെ ഭവനത്തിൽ ചെന്ന് അന്നവിടെയുണ്ടായിരുന്ന കുറ്റിപ്പുറത്തു കേശവൻ നായരുമായി രാത്രി പതിനൊന്നര മുതൽ വെളുപ്പിന് രണ്ടു മണി വരെ ചതുരംഗം കളിച്ചതായി, വള്ളത്തോൾ, അദ്ദേഹത്തിന്റെ ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

D. *1964-ൽ കൊടുങ്ങല്ലൂർ വലിയ തമ്പുരാനായിരുന്ന, ഗോദവർമ്മ തമ്പുരാൻ രേഖപ്പെടുത്തിയ സംഭവം.*

തമ്പുരാനും കുട്ടിപ്പാറുവമ്മയും കോവിലകത്തു താമസിക്കുന്ന കാലം. ഈ തമ്പുരാൻ സ്കൂളിൽ പോകുന്ന അവസരത്തിൽ, കുട്ടിപ്പാറുവമ്മ, ഇദ്ദേഹത്തെ വിളിച്ച്, ചതുരംഗപ്പലകയും കരുക്കളും ഒളിപ്പിച്ചു വെക്കുവാൻ ആവശ്യപ്പെട്ടു. അദ്ദേഹം അതു ചെയ്തു. ചതുരംഗപ്പലകയും കരുക്കളും കാണാതെ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ഭാര്യ

യെ ആക്ഷേപിച്ചുകൊണ്ടിരുന്നു. അവർ അതു കേൾക്കാത്ത ഭാവത്തിലിരുന്നു. തമ്പുരാന്റെ ദേഷ്യം മാറിയപ്പോൾ, അലമാരയുടെ മുകളിൽ വെച്ചിരുന്ന പുസ്തകം ഒന്നെടുത്തു നോക്കുവാനവരാവശ്യപ്പെട്ടു. തമ്പുരാൻ പുസ്തകമെടുത്ത് പൂർത്തിയാക്കാതെ എഴുതിവെച്ചിരുന്ന 'കംസൻ' എന്ന ഖണ്ഡകാവ്യം പൂർത്തിയാക്കി.

E. വെറ്റില മുറുക്കുന്നതിലും തമ്പുരാന് നല്ല കമ്പമായിരുന്നു. ഒരിക്കൽ ചതുരംഗം കളിച്ചുകൊണ്ടിരുന്നപ്പോൾ, കോവിലകത്തെ ബന്ധുവായ 'കോഴിശ്ശേരി ' നമ്പൂതിരി അവിടെ വന്നു. നമ്പൂതിരിയെ കണ്ടപ്പോൾ തമ്പുരാന് മുറുക്കാനുള്ള ആശ വളർന്നു. അദ്ദേഹത്തോട് ഒന്നു മുറുക്കാൻ ഉണ്ടാക്കിത്തരുവാൻ തമ്പുരാനാവശ്യപ്പെട്ടു. 'അതൊക്കെ ചെയ്യാം, എന്നാൽ ആ സമയം കൊണ്ട് ഞാൻ ചൊല്ലുന്ന ശ്ലോകം പരിഭാഷപ്പെടുത്തിത്തരണം' എന്നദ്ദേഹം ആവശ്യപ്പെട്ടു. നമ്പൂതിരി ഒരു അനുഷ്ടുപ്പു ശ്ലോകം ചൊല്ലി. നമ്പൂതിരി, വെറ്റിലയിൽ ചുണ്ണാമ്പു തേക്കുന്ന നേരംകൊണ്ട് തമ്പുരാൻ അതിന്റെ പരിഭാഷ ചൊല്ലി എന്നു കേട്ടിട്ടുണ്ട്.

കേരളീയരുടെ കണ്ണിൽ, കോവിലകത്തെ മഹാമനുഷ്യൻ ഉല്പതിഷ്ണുവായ ചെറിയ കൊച്ചുണ്ണി തമ്പുരാനായിരുന്നു അദ്ദേഹത്തിന്റെ പ്രഭാവലയത്തിൽ വളർന്നു വന്ന കുഞ്ഞിക്കുട്ടൻ തമ്പുരാനും, അദ്ദേഹത്തെപ്പോലെ ഉല്പതിഷ്ണുവായിരുന്നു. ആചാരങ്ങളെ അവഗണിക്കാതെ, ജാതി വിവേചനമില്ലാതെ എല്ലാവരോടും സമഭാവനയോടെയാണിദ്ദേഹം പെരുമാറിയിരുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. മുൻപറഞ്ഞ ഗോദവർമ്മ വലിയ തമ്പുരാൻ രേഖപ്പെടുത്തിയ ഒരു സംഭവം. കുഞ്ഞുക്കുട്ടൻ തമ്പുരാന് കിഴക്കെ ബംഗ്ലാവിൽ താമസിക്കുമ്പോഴുണ്ടായതാണിത്. ഒരിക്കൽ വാലസമുദായത്തിൽപ്പെട്ട ഒരാൾ, കുഞ്ഞിക്കുട്ടനമ്മാമനെ കാണണമെന്ന ആഗ്രഹമോടെ, ഞങ്ങളുടെ കോവിലകത്തു വരികയുണ്ടായി. കുഞ്ഞിക്കുട്ടനമ്മാമൻ ആ അപരിചിതന്റെ അടുത്തു ചെന്നു നിന്ന് അല്പനേരം സംസാരിച്ചപ്പോഴേക്കും, വന്ന ആൾ ഒരു വിദ്വാനാണെന്നു മനസ്സിലായി. പിന്നീടൊട്ടും താമസമുണ്ടായില്ല, അദ്ദേഹത്തെ ഇറയത്തേയ്ക്ക് കൂട്ടിക്കൊണ്ടു വന്നിരുത്തി, ആത്മമിത്രത്തെപ്പോലെ ഉപചരിച്ചു. ഇതിനെക്കുറിച്ചാക്ഷേപം പൊട്ടിപ്പുറപ്പെട്ടപ്പോൾ, "വിദ്യക്കു അസ്പൃശ്യതയില്ല" എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

2. ഈഴവനായ കുഞ്ഞൻ ഗോവിന്ദനാശാനേയും മറ്റു നാലു പേരെയും ഗുരുകുലത്തിൽ പഠിപ്പിച്ചത് മറ്റൊരുദാഹരണമാണ്.

3. കോഴിക്കോട്ടുവച്ച് ചതുരംഗം കളിക്കാൻ മുസ്ലീം ഭവനങ്ങളിൽ പോയതും ഒരു ഉദാഹരണമാണ്.

4. വാല സമുദായത്തിൽപ്പെട്ട കെ.പി. കറുപ്പൻ ബാല്യത്തിൽ രചിച്ച 'ലങ്കാമർദ്ദനം' എന്ന നാടകം വായിച്ച തമ്പുരാൻ, അദ്ദേഹത്തിനു പദ്യത്തിൽ നല്ലൊരു സർട്ടിഫിക്കറ്റ് നൽകുകയുണ്ടായി.

5. 1084 ൽ ഭാരതവിലാസം സഭ സംഘടിപ്പിച്ച കവിതാ പരീക്ഷയിൽ, തമ്പുരാനായിരുന്നു മുഖ്യ പരീക്ഷകൻ. പരീക്ഷ്യന്മാരായി, പന്തളം കേരളവർമ്മ, ഉള്ളൂർ പരമേശ്വരയ്യർ, ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ, കോതകൃഷ്ണൻ കർത്താവ് മുതലായവരോടൊപ്പം കറുപ്പനും പങ്കെടുത്തിരുന്നു. അന്ന് കവിതാ രചനയിൽ, തമ്പുരാൻ രണ്ടാംസ്ഥാനം നൽകിയത് കെ. പി. കറുപ്പനായിരുന്നു. കവിതയുടെ ചമൽക്കാരവും സാരസ്യവും പരിഗണിച്ചാണ്, തമ്പുരാൻ കവിതയെ വിലയിരുത്തിയതെന്നും, അല്ലാതെ ജാതി നോക്കിയിട്ടല്ലെന്നും ഇതിൽ നിന്നു വ്യക്തമാകുന്നു.

6. കുമാരനാശാന്റെ കൗമാര കൃതിയായ 'ശാങ്കരശതക'ത്തിന് തമ്പുരാൻ അവതാരികയെഴുതി പ്രോത്സാഹിപ്പിക്കുകയുണ്ടായി.

ഇങ്ങിനെയൊക്കെയാണെങ്കിലും, തമ്പുരാന്റെ ആദ്യകൃതിയായ കവിഭാരതത്തിൽ, തിരുവിതാംകൂർ ഭാഗത്തെ ഈ ഈഴവ കവികളെക്കുറിച്ചു പറയാത്തതിൽ, മൂലൂർ എസ്. പത്മനാഭപ്പണിക്കർ, തമ്പുരാജന്റെ ജാതി സ്പർദ്ധയെക്കുറിച്ചെഴുതുകയുണ്ടായി. അവരെക്കുറിച്ച് വേണ്ടത്ര അറിയാൻ കഴിയാത്തതിനാലിങ്ങനെ സംവിച്ചത് എന്നു മൂലൂരിനു മനസ്സിലാക്കാൻ കഴിയാതെ പോയി. ജാതിവ്യവസ്ഥയെക്കുറിച്ച് തമ്പുരാന്റെ സുവ്യക്തമായ അഭിപ്രായം രേഖപ്പെടുത്തിയിരിക്കുന്ന 'കേരളം' മഹാകാവ്യത്തിലെ രണ്ടു ശ്ലോകങ്ങൾ ഉദ്ധരിക്കുന്നു.

*സർഗ്ഗം 1, ശ്ലോകം 94, 95 എന്നിവയാണിവ.*

*'ചണ്ടിത്തരം കാരണമായ തീണ്ടൽ*
*കൊണ്ടിപ്പൊഴൊ ശൂദ്രർ കുഴങ്ങിടുന്നു.*
*പണ്ടിങ്ങു പൂജ്യസ്ഥിതിയാണ്ടക്കൂട്ടർ*
*ഉണ്ടിന്നു ചണ്ടിത്തരമോടടുപ്പു.*
*നേരെമറിച്ചും ചിലർ പണ്ടു നീച-*
*പ്പേരേറ്റ വർഗ്ഗത്തിലുദിച്ച കൂട്ടർ*
*ഓരോ മഹാസ്ഥാനനിലക്കു കൂട്ടി*
*ചേരേണ്ട ദിക്കിങ്കലുമായിരിപ്പൂ."*

**കവനം**

കുഞ്ഞിക്കുട്ടൻ തമ്പുരാന് ഏഴ്-എട്ട് വയസ്സുള്ളപ്പോൾ, അച്ഛന്റെ കൂടെ കൊടുങ്ങല്ലൂർ താലപ്പൊലിക്ക് പോകയുണ്ടായി. തദസവസരത്തിൽ അച്ഛന്റെ പ്രേരണ മൂലം രചിച്ചതാണിദ്ദേഹത്തിന്റെ ആദ്യ കവിത, എന്നാണ് കുഞ്ഞിരാമവർമ്മ തമ്പുരാൻ രേഖപ്പെടുത്തിയിട്ടുള്ളത്.

ഗുരുകുലത്തിൽ വെച്ചാരംഭിച്ച സംസ്കൃത കവിതാരചന, അച്ഛന്റെ മാർഗ്ഗം പിൻതുടർന്ന് മലയാള കവിതയിലേക്ക് തിരിയുകയായിരുന്നു. മനോരമാപത്രത്തിലൂടെയാണിദ്ദേഹത്തിന്റെ കവിത്വം വികസിക്കാനിടയായതെന്ന് വേണം കരുതുവാൻ. ഇതു കൂടാതെ അന്നുണ്ടായിരുന്ന ആനുകാലികങ്ങളിലും, പിന്നീടുടലെടുത്തവയിലും ഇദ്ദേഹത്തിന്റെ കവിതകളും ലേഖനങ്ങളും പ്രകാശിതമായിരുന്നു. അവ വഴി സൗഹൃദം സ്ഥാപിച്ചവരോടെല്ലാം ആശയവിനിമയം നടത്തിയിരുന്നത് പദ്യത്തിലായിരുന്ന ഇദ്ദേഹത്തിന്റെ കവിതാരചനയെ സംബന്ധിച്ച് ചില വിവരങ്ങൾ കുറിക്കുന്നു.

1. മനോരമാപത്രത്തിന്റെ കവിതാപംക്തിയിൽ ഇദ്ദേഹത്തിന്റെ ഒരു സമസ്യാപൂരണം അച്ചടിച്ചുവന്നു. അതിൽനിന്നുണ്ടായ വൃത്തഭംഗത്തെക്കുറിച്ച് മാവേലിക്കര ഉദയവർമ്മ തമ്പുരാനും, ചമ്പത്തിൽ ചാത്തുക്കുട്ടി മന്നാടിയാരും, പ്രതികരിക്കുകയുണ്ടായി. മനോരമ പത്രത്തലൂടെ അദ്ദേഹം അതിനെക്കുറിച്ചു എഴുതിയ പ്രതികരണത്തിന്റെ പ്രസക്തഭാഗം ചുവടെ ചേർക്കുന്നു.

*'മാവേലിക്കര മന്ന! മാന്യതയെഴും*
*മന്നാടിയാരേ! നമുക്കീ–*
*വേലക്കൊരബദ്ധമച്ചു പിഴയിൽ*
*പെട്ടെപെടുള്ളു ദുഢം"*

*'നലമൊടുമൊരു'*

എന്ന പദം അച്ചടിച്ചുവന്നപ്പോൾ *'നലയൊടൊരു'* എന്നായതാണ് തെറ്റിനു കാരണമെന്ന് പത്രാധിപർ ചൂണ്ടിക്കാണിക്കുകയുണ്ടായി. തമ്പുരാന്റെ ആത്മവിശ്വാസത്തിന്റെ ബഹിർസ്ഫുരണമാണീ പ്രതികരണം. പരദേവതയുടെ അനുഗ്രഹം മാത്രമാണ് തന്റെ കഴിവിനു കാരണമെന്ന ഉറച്ച വിശ്വാസമാണ് കുഞ്ഞിക്കുട്ടൻ തമ്പുരാനുണ്ടായിരുന്നത്.

2) 1067 വൃശ്ചികത്തിൽ കോട്ടയത്ത് വെച്ചുനടന്ന നാടകരചനാമത്സരത്തിൽ സന്നിഹിതനായിരുന്ന പി.കെ. കൊച്ചീപ്പൻ തരകൻ പറയുന്നതു നോക്കുക.

"കുഞ്ഞിക്കുട്ടൻ തമ്പുരാൻ അതാ ആള് മാറിയിരിക്കുന്നു. അദ്ദേഹത്തിന്റെ കൂർത്ത മുഖത്തെ വീർത്തുരുണ്ട കണ്ണുകൾ രണ്ടു രക്തപിണ്ഡങ്ങളായി. അല്പനേരം ധ്യാനിച്ചിരുന്നു. അടുത്തിരുന്ന കൂനേഴത്തു പരമേശ്വരമേനോട് എഴുതാനും ആജ്ഞാപിച്ചു. പിന്നത്തെ കഥ എന്താണ് പറയേണ്ടത്. അദ്ദേഹത്തിന്റെ പരദേവതയായ ഭദ്രകാളി അദ്ദേഹത്തിൽ ആവേശിച്ചു എന്നാണ് പരമേശ്വര മേനോൻ പറഞ്ഞത്."

3. ഈ നാടകരചനയോടെ 'സരസദ്രുത കവിക്കിരീടമണി'യായ തമ്പുരാനെ ഒന്നു പരീക്ഷിക്കുവാൻ ജ്യേഷ്ഠനായ (നേരെ ജ്യേഷ്ഠനല്ല) ചെറിയ കൊച്ചുണ്ണി തമ്പുരാൻ തീരുമാനിച്ചു. ഭാഗവതത്തിലേയും, രാമായണത്തിലേയും ഭാരതത്തിലേയും, കഥകളെ കൂട്ടിയിണക്കി, നിന്ന നിൽപിൽ ഒരു ശ്ലോകമുണ്ടാക്കുവാനദ്ദേഹം ആവശ്യപ്പെട്ടു. ഒരു നിമിഷം കണ്ണടച്ചിരുന്ന തമ്പുരാൻ, ത്രിപുര ദഹനത്തിൽ ശിവൻ മഹാമേരുവിനെ വില്ലും, വാസുകിയെ ഞാണും, വിഷ്ണുവിനെ അമ്പുമാക്കിയ ഭാഗവതത്തിലെ കഥാഭാഗവും, വൈശ്രവണന്റെ പഴയ വീടായ ലങ്കാപുരി ഹനുമാൻ തീവെച്ച രാമായണത്തിലെ കഥാഭാഗവും, ആ ഹനുമാനെ തേരിന്റെ കൊടിമരത്തിൽ കെട്ടി അർജ്ജുനന്റെ സാരഥിയായ ഭാരതത്തിലെ കഥാഭാഗവും കൂട്ടിയണക്കി, കൃഷ്ണനെ വന്ദിക്കുന്ന ഒരു ശ്ലോകം നിന്ന നിൽപിൽ ചൊല്ലി.

4) 1069 ഇടവം 10ന് കോട്ടക്കൽ ലോക്കൽ ഫണ്ട് സ്കൂളിൽ വെച്ച് തമ്പുരാന് ഒരു മംഗളപത്രം സമർപ്പിക്കുകയുണ്ടായി. തമ്പുരാനതിനു മറുപടി പറഞ്ഞത് പദ്യത്തിലാണ്.

5) 1069 മിഥുനം 5–ാം തീയതി, തിരുവണ്ണൂർ കോവിലകത്തെ 'പണക്കാരൻ തമ്പുരാൻ' എന്നു പ്രസിദ്ധനായ എടത്രാൾ പാടിന്റെ കോവിലകത്തു വെച്ച് ഒരു ഒരഷ്ടാവധാനപരീക്ഷ (എട്ടുകാര്യങ്ങൾ ഒരേ സമയം ചെയ്യുക) നടക്കുകയുണ്ടായി. അന്നദ്ദേഹം രചിച്ച കൃതിയാണ് 'ഒരനുമോദനം' എന്ന കവിത.

6. 1072–ൽ കൂട്ടക്ഷരമില്ലാതെ ഒരു കവിത രചിക്കുവാൻ കഴിയുമോ എന്ന് പി.വി. കൃഷ്ണവാരിയർ ചോദിച്ചു.

ഉടനെ അദ്ദേഹം വാരിയരുടെ കയ്യിൽ നിന്ന് പുസ്തകം വാങ്ങി, അത്തരം ഒരു ശ്ലോകം അതിൽ കുറിച്ചു.

7) 1077–ൽ തമ്പുരാൻ വടക്കൻ കേരളയാത്രക്കിടെ കോട്ടയം പഴശ്ശി കോവിലകത്ത് ചെല്ലുകയുണ്ടായി. തമ്പുരാൻ ചങ്ങനാശ്ശേരിക്കടുത്ത് വാഴപ്പള്ളിയിൽ വെച്ചു പരിചയപ്പെട്ട അനിഴംനാൾ കേരളവർമ്മയായിരുന്നു അന്ന് മൂപ്പുസ്ഥാനമലങ്കരിച്ചിരുന്നത്. (ശ്രീമൂലരാജവിജയം എന്ന സംസ്കൃത കാവ്യവും മറ്റും രചിച്ച വ്യക്തി) അദ്ദേഹത്തിന്റെ വിദുഷിയായ അമ്മ, തമ്പുരാന്റെ ദ്രുത കവിതാപാടവം കാണാനാഗ്രഹം പ്രകടിപ്പിച്ചു. ഉടനെ തമ്പുരാൻ കടലാസും പെൻസിലും വാങ്ങി, നീലാംബരി രാഗത്തിലും ചെമ്പടതാളത്തിലും, കഥകളിപ്പദത്തോട് സാമ്യം വഹിക്കുന്ന ഒരു കീർത്തനം രചിച്ചു. അന്നവിടെ താമസിച്ച് തമ്പുരാട്ടിയോട് തൃക്കയ്യിക്കുന്നത്തമ്പലത്തിന്റെ ഉൽഭവത്തെക്കുറിച്ച് ചോദിച്ചറിഞ്ഞെഴുതിയെടുക്കുകയുണ്ടായി.

8) മടക്കയാത്രയിൽ, തമ്പുരാൻ, കൊയിലാണ്ടിക്കടുത്തുള്ള പന്തലായിനി ശിവക്ഷേത്രം സന്ദർശിച്ചു. ക്ഷേത്രത്തിന്റെ നാടകശാലയുടെ ചുവരിൽ കറുത്ത

ചായമുപയോഗിച്ച് ഒരു ശ്ലോകമെഴുതി.

9) ഭാരതവിവർത്തനത്തിന്നിടയിൽ ഒരുനാൾ കുന്നമ്മൽ ബംഗ്ലാവിൽ പോയി. അന്ന് പരമേശ്വരക്കുറുപ്പിനെയാണ് കൂടെകൊണ്ടുപോയത്. മഹാരാജാവ് കുളിക്കുവാൻ പോകുന്നതിന്നിടയിൽ 'കൊടുങ്ങ' ദുർഗ്ഗാലയം പണിതതിനെക്കുറിച്ചൊരു ശ്ലോകം ഉണ്ടാക്കുവാനാവശ്യപ്പെട്ടു. ഉടൻ ഒരു ശ്ലോകം ഉണ്ടാക്കി കുറുപ്പിനെക്കൊണ്ട് എഴുതിച്ചു കൊടുത്തു.

10. വെള്ളാരപ്പിള്ളിയിൽ വെച്ചും, നമ്പൂതിരിമാരാവശ്യപ്പെട്ടപ്പോൾ, നിമിഷനേരം കൊണ്ട് പലേ ശ്ലോകങ്ങളും രചിച്ചിട്ടുണ്ട്.

1084–ൽ ഭാഷാപോഷിണി സഭ നടക്കുന്നതിനിടയിൽ, പരമേശ്വരക്കുറുപ്പ്, തമ്പുരാനെ ഒരു കാര്യമോർമ്മിപ്പിച്ചു. കുട്ടമത്തു കുഞ്ഞിയൂർ കുഞ്ഞിക്കൃഷ്ണക്കുറുപ്പിന്റെ 'കാളിയമർദ്ദനം' യമക കാവ്യത്തെക്കുറിച്ചഭിപ്രായമറിയിക്കാൻ ഗ്രന്ഥകാരൻ ആവശ്യപ്പെട്ടതാണോർമ്മിപ്പിച്ചത്. യോഗം കഴിഞ്ഞ് വാസസ്ഥലത്തെത്തിയ തമ്പുരാൻ 'എന്റെ അഭിപ്രായം യമകത്തിൽ തന്നെ യാകട്ടെ' എന്നു പറഞ്ഞ്, ഏതാനും ശ്ലോകങ്ങൾ കുറുപ്പിനെക്കൊണ്ടെഴുതിച്ച്, അയച്ചുകൊടുത്തു.

12. ശുകസന്ദേശത്തിലെ ഒരു ശ്ലോകം തമ്പുരാൻ രണ്ടു മിനുട്ടിനകം തർജ്ജമ ചെയ്തതായി ശൂരനാട്ടു കുഞ്ഞൻപിള്ള രേഖപ്പെടുത്തിയിട്ടുണ്ട്.

13. ഗുരുകുലത്തിലെ അന്തേവാസിയായിരുന്ന പുതിയിരുത്തി കോവിലകത്തെ കുഞ്ഞൻ തിരുമുൽപ്പാടു പറഞ്ഞ ചില സംഭവങ്ങൾ.

a) ഒരിക്കൽ ചെറിയ കൊച്ചുണ്ണി തമ്പുരാൻ ഒരു ശിഷ്യനെ നൈഷധം പഠിപ്പിക്കുകയായിരുന്നു. ഒരു ശ്ലോകത്തിന്റെ അർത്ഥം എത്ര പറഞ്ഞിട്ടുകൊടുത്തിട്ടും അയാൾക്കു മനസ്സിലായില്ല. 'ഇത്ര പ്രയാസമുള്ളതാണോ ആ ശ്ലോകം' എന്നു കുഞ്ഞിക്കുട്ടൻ തമ്പുരാൻ ചോദിച്ച് അതിന്റെ തർജ്ജമ ചൊല്ലിയപ്പോൾ, ശിഷ്യന് ആ ശ്ലോകത്തിന്റെ അർത്ഥം വ്യക്തമായി.

b) കുഞ്ഞിക്കുട്ടൻ തമ്പുരാൻ കാളിദാസന്റെ അഭിജ്ഞാനശാകുന്തളം തർജ്ജമ ചെയ്യുകയുണ്ടായി. അപ്പോഴാണ് കേരളവർമ്മ വലിയ കോയിത്തമ്പുരാൻ ആ കൃതി വിവർത്തനം ചെയ്തതായി അദ്ദേഹം അറിഞ്ഞത്. അതിനാൽ തമ്പുരാൻ, തന്റെ തർജ്ജമ പുറത്തെടുത്തില്ല. ആറ്റൂർ കൃഷ്ണപിഷാരടിയ്ക്ക് അതു കൈമാറിയത്രേ!

c) തമ്പുരാൻ ഭാഗവതം നാലു സ്കന്ധം വരെ പരിഭാഷപ്പെടുത്തുകയുണ്ടായി. അപ്പോഴാണ് ചെറിയ കൊച്ചുണ്ണി തമ്പുരാൻ കിളിപ്പാട്ടായി തർജ്ജമ ചെയ്തതിദ്ദേഹം അറിയുന്നത്. അതുകൊണ്ട് ബാക്കി ഭാഗങ്ങൾ തർജ്ജമ ചെയ്തില്ല. ആ തർജ്ജമ, ചിറക്കൽ കോവിലകത്തെ ഗോദവർമ്മ തമ്പുരാന്റെ കയ്യിലെത്തി.

d) തമ്പുരാൻ ദ്രാവിഡ വൃത്തത്തിൽ ചില തുള്ളലുകളും മറ്റും രചിച്ചിട്ടുണ്ട്. *(തുടരും)*

# പൂവോണം

**ഉമാദേവിരാജ, നിലമ്പൂർ**

**പൂർണ്ണ ചന്ദ്രൻ ഉദിച്ചുയർന്നപ്പോൾ**
**ഓണ നിലാവിൽ മുറ്റം തിളങ്ങി**
**മുറ്റത്തെ തുളസി ഗാനങ്ങൾ പാടി**
**ഓണപ്പൂക്കളിൽ ചാരുതയാർന്നു**
**തെച്ചിപൂവൊ പുഞ്ചിരി തൂകി**
**ചെമ്പരത്തിപ്പൂ ചാഞ്ചാടി നിന്നു**
**കാക്കാപ്പൂവൊ താളം പിടിച്ചു**
**മല്ലികപ്പൂവിൻ സൗരഭ്യമായി**
**സുന്ദരിപ്പൂക്കൾ നർത്തനമാടി**
**ചെമ്പകപൂവിൻ ഗന്ധമൊഴുകി**
**മന്ദാരപ്പൂക്കൾ സ്വാഗതമോതി**
**മന്ദമാരുതൻ എങ്ങും വീശി**
**പൂവിളി പൂവിളി എങ്ങുമുയർന്നു**
**പൊന്നോണമായ് തിരുവോണമായ്**
**പൊന്നിൻ ചിങ്ങത്തിൻ ഉത്സവമായ്**

# കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ കാരാഗൃഹവാസത്തിനിടയാക്കിയ സാഹചര്യങ്ങൾ

(തുടർച്ച...)

സമ്പാ: ഡോ.ബി.ആർ.ആർ. വർമ്മ

# ശ്രീ വിശാഖ പ്രസാദാൽ

**ക്ഷമാപണസഹസ്രം**

സ്വാപരാധം ഏറ്റുപറഞ്ഞു കൊണ്ടും അതു ക്ഷമിക്കുവാൻ പ്രാർത്ഥിച്ചുകൊണ്ടും എഴുതിയ ഒരു ബൃഹദ് വിലാപകാവ്യമാണ് ക്ഷമാപണസഹസ്രം. അതിന്റെ പ്രൗഢിയും അനന്യസാധാരണ മായ കാവ്യമൂല്യവും പ്രത്യേക പഠനമർഹിക്കുന്നുവെങ്കിലും അതല്ല ഇപ്പോൾ ഇവിടെ പ്രസക്തമായിട്ടുള്ളത്. അത് എഴുതിയപ്പോൾ കേരളവർമ്മയുടെ സാഹചര്യങ്ങളും മാനസികമായ നിലപാടും അനുഭവമണ്ഡലവും എന്തായിരുന്നുവെന്നതിനെ ആ കൃതി പലയിടത്തും തുറന്നു കാണിക്കുന്നുവെന്നതാണ്. ഏകാന്തമായ ജയിലിൽ നിന്ന് ഗാർഹികസീമകളിലെ തടങ്ങലിലേയ്ക്കുള്ള മാറ്റം അനുഗ്രഹമെന്നതിനേക്കാൾ ശാപമായിട്ടാണ് പരിണമിച്ചതെന്നു വരെ അദ്ദേഹം അതിൽ വിലപിച്ചിട്ടുണ്ട്. മഹാരാജാവ് ഒരു കാലത്ത് തനിക്കും തന്റെ തറവാട്ടിനും ചെയ്ത മഹത്തായ ഉപകാരങ്ങൾ എല്ലാം വിസ്മരിച്ച്, ദുർബോധനക്കാരുടെ പ്രലോഭനങ്ങൾക്കു വഴിപ്പെട്ടു, നഗ്നമായ രാജദ്രോഹമാണ് താൻ പ്രവർത്തിച്ചതെങ്കിലും അവിടുത്തെ മഹാമനസ്കത മൂലം അതൊക്കെ വിസ്മരിച്ചും ക്ഷമിച്ചും കഷ്ടതകൾ നിറഞ്ഞ ഏകാന്തത്തടവിൽ നിന്ന് സ്വഗ്രഹത്തിലേക്കു മാറിത്താമസിക്കാൻ അനുവദിച്ചത് ഒരു വലിയ അനുഗ്രഹമാണെന്നു പ്രതിപാദിച്ചുകൊണ്ടാണ് അതിലെ ആദ്യത്തെ ഏതാനും വംശതികൾ മുന്നോട്ടു പോകുന്നത്. അനന്തരഭാഗങ്ങളിൽ പലയിടത്തും പുതിയ തടങ്ങലിലെ അസ്വതന്ത്രജീവിത്തിന്റെ അസഹ്യതയെ ഹൃദയവേദനയോടെ നിവേദനം ചെയ്തിരിക്കുന്നു. മഹാരാജാവ് ആദ്യം കാണിച്ച ദാക്ഷിണ്യം പിന്നീട് തിരോധാനം ചെയ്തെന്നാണ് ഇതു തെളിയിക്കുന്നത്. ഒന്നാം വിംശതിയിൽ.

*'രാജദ്രോഹാപരാധവ്യതികൃതമപി മാം*
*മോചയാമാസഥ ത്വം*
*തസ്മാദന്യാദൃശം തജ്ജയതി*
*തവ ദയാ-*
*ഡാമരം രാമരാജ'*

എന്നിങ്ങനെ മഹാരാജാവിന്റെ ദയാവായ്പിനെ വാചാലമായി ശ്ലാഘിക്കുന്ന കേരളവർമ്മ പത്തൊൻപതാം വംശതിയിൽ.

*'ദാരിദ്ര്യാംഭോരാശിനിമഗ്നേത്ര*
*കുടുംബേ*
*വാസാന്നിത്യം ക്ലേശമഹം ഭൂരി*
*ഭജാമി.*
*ന സ്വാതന്ത്ര്യം ഗന്തുമിതോ മേ*
*ബഹിരന്യം*
*ദേശം യത്ര സ്വൈരമഹം ജീവന*
*കൃത്യാം'*

എന്നിങ്ങനെ സ്വഗൃഹത്തിലെ ദാരിദ്ര്യത്തെക്കുറിച്ചും, ബന്ധനസ്ഥനായ തനിക്ക് അതിനു പ്രതിവിധിയുണ്ടാക്കാൻ കഴിവില്ലാതെ അവിടെത്തന്നെ താമസിക്കേണ്ടി വരുന്ന ദുരിതത്തെക്കുറിച്ചും മുക്തകണ്ഠം വിലപിക്കുകയാണ്. ഇപ്രകാരമുള്ള സാഹചര്യത്തിൽ വീട്ടിൽ താമസിക്കുന്നതിനേക്കാൾ പഴയ ബന്ധനത്തിലേക്കു തന്നെ തിരിയെ അയയ്ക്കപ്പെടുന്നതാണ് കാമ്യമെന്ന് അദ്ദേഹം പറഞ്ഞുപോകുന്നു. അതല്ലെങ്കിൽ തന്നെ കൊന്നേക്കുകയായിരിക്കും ഭേദമെന്നു പോലും പറയാതിരിക്കുന്നില്ല.

*'പ്രാഗ്വദ് ബന്ധേ ക്ഷേപയ വാ*
*ക്ഷിപ്ര മമുഷ്മാൽ*
*ഗേഹക്ലേശാന്മോചയ വാ, മാരയ*
*വാസ്മാൻ'*

എന്നാണ് നൈരാശ്യഭരിതനായി അദ്ദേഹം ആക്രോശിച്ചിരിക്കുന്നത്.

ക്ഷമാപണസഹസ്രത്തിൽ നിരുപാധികമായ ഒരു കീഴടക്കവും അപരാധസമ്മതവും പ്രശ്രയപൂർവ്വമായ ക്ഷമായാചനയുമാണ് കേരളവർമ്മ നടത്തിയത്. തന്നേക്കാൾ തന്റെ മാതാവിനേയും ഗൃഹാംഗങ്ങളേയും വിചാരിച്ചാണ് അദ്ദേഹം ഇത്രമേൽ വിനയവാനായതെന്ന് വിചാരിക്കേണ്ടിയിരിക്കുന്നു. സംസ്കൃതഭാഷയിൽ അദ്ദേഹത്തിന് സ്വാധീനമായ പദശക്തി മുഴുവൻ പ്രയോഗിച്ച് വികാരാവേശത്തോടെ ആ ക്ഷമായാചനം അദ്ദേഹം എഴുതി. കേരളവർമ്മ

യുടെ മറ്റു കവിതകൾ ആകമാനം പരിശോധിച്ചാലും ക്ഷമാപണ സഹസ്രത്തിന്റെ ചില ഭാഗങ്ങളിൽ കാണുന്ന ഉദാത്തത കണ്ടുകിട്ടുക യില്ല. മഹാരാജാവ് മുമ്പ് തന്നോടു കാണിച്ച കാരുണ്യം വർണ്ണിക്കു മ്പോഴായാലും സ്വാപരാധം ഏറ്റു പറഞ്ഞുകൊണ്ടുതന്നെ പഴിച്ച് അനുശയം പ്രകടിപ്പിക്കുമ്പോഴാ യാലും തൽക്കാലം അനുഭവിച്ച കഷ്ടതകൾ വർണ്ണിച്ച് വിലപിക്കു മ്പോഴായാലും ഇടയ്ക്കിടയ്ക്ക് ജീവിതനൈരാശ്യം മൂലം തത്വചി ന്തയിൽ മുഴുകുമ്പോഴായാലും കവിത്വശക്തി അതന്റെ പാരമ്യ ത്തിൽത്തന്നെ എത്തിയിട്ടുണ്ടെന്ന് നിസ്സംശയം പറയാം.

നിർദ്ദയനെങ്കിലും കാവ്യരസ ജ്ഞനായ ആയില്യം തിരുനാ ളിന്റെ ഹൃദയം ആ പ്രാർത്ഥനയിൽ അലിയാതിരിക്കുകയില്ലെന്ന് കേര വർമ്മ വിശ്വസിച്ചിരുന്നു. 1053 ഒടു വിൽ ആ ബൃഹദ് ഗ്രന്ഥം മനോ ഹരമായ സ്വന്തം കൈപ്പടയിൽ പകർത്തി രാജസന്നിധിയിൽ സമർപ്പിക്കുവാൻ കൊടുത്തയച്ചു. മഹാരാജാവ് ഒരു സഹൃദയനായല്ല. തന്ത്രശാലിയായിട്ടാണ് ആ അവസ രത്തിൽ പെരുമാറിയത്. ആദ്യത്തെ ഏതാനും ശ്ലോകങ്ങൾ വായിച്ചു നോക്കിയപ്പോൾത്തന്നെ അതിന്റെ ഹൃദയദ്രവീകരണശക്തി ഏറെ ക്കുറെ ഗ്രഹിക്കാൻ കഴിഞ്ഞ അദ്ദേഹം പിന്നീടങ്ങോട്ടു വായിച്ച തേയില്ല, പുസ്തകം അടച്ച് ഗ്രന്ഥ പ്പുരയിലേക്ക് അയയ്ക്കുകയാണു ചെയ്തത്, അങ്ങിനെ, വലുതായ പ്രത്യാശകളോടുകൂടി, ഇല്ലാത്ത ആത്മാർത്ഥതയുണ്ടാക്കി, ഹൃദയ രക്തംകൊണ്ടുതന്നെ എഴുതിയ തെന്നു പറയാവുന്ന ആ കാവ്യ ശില്പം കവിയുടെ ഉദ്ദേശത്തെ സംബന്ധിച്ചിടത്തോളം ദയനീയ മായ ഒരു പരാജയമായി കലാ ശിച്ചു. അതറിഞ്ഞപ്പോൾ കേരള വർമ്മ ഭഗ്നഹൃദയനായെന്നു തന്നെ പറയാം.

### പരാജയത്തിന്റെ പ്രതികരണങ്ങൾ

അദ്ദേഹത്തെ സംബന്ധിച്ചിട ത്തോളം അത് ജീവസ്പർശിയായ ഒരു സംഭവമായിരുന്നു. ഇത്ര നിരു പാധികമായ ഒരു ക്ഷമായാചന സ്വീകരിക്കാത്ത മഹാരാജാവിൽ നിന്ന് ഇനി ഒരു കാലത്തും മോചനം പ്രതീക്ഷിക്കേണ്ടതി ല്ലെന്നു കണ്ടെത്താൻ ഇതിനേ ക്കാൾ വിശദമായ ഒരു തെളിവ് ആവശ്യമില്ലെന്ന് അദ്ദേഹം വിചാ രിച്ചു. ആലപ്പുഴ നിന്നുള്ള മോചന ത്തിലൂടെ പ്രകടിപ്പിച്ച കാരുണ്യം തന്നെ അനർഹമായിപ്പോയെന്നു സങ്കടപ്പെടുകയും, തന്നോടുള്ള ശത്രുതകൊണ്ട് കുടുംബാംഗങ്ങ ളെപ്പോലും സങ്കടപ്പെടുത്തുകയും ചെയ്യുന്ന രാജാവിനെ ശത്രുഭാവ ത്തിലല്ലാതെ പരിഗണിക്കേണ്ടതി ല്ലെന്ന് അദ്ദേഹം അവസാനമായി തീരുമാനിച്ചു. അതോടുകൂടി അദ്ദേ ഹത്തിന്റെ സ്വഭാവത്തിലെ സൗമ്യ ഭാവങ്ങളെല്ലാം ക്രമേണ തിരോ ധാനം ചെയ്തു തുടങ്ങി. തന്നെ ബന്ധന വിമുക്തനാക്കി പ്രേയസി യുമായി പുനസ്സമാഗമത്തിന് സഹാ യിക്കണമെന്നാണ് അവയിൽ പ്രാർത്ഥിച്ചിട്ടുള്ളത്. വിവിധ വൃത്ത ങ്ങളിലും പാകങ്ങളിലുമായി രചി ക്കപ്പെട്ടിട്ടുള്ള ആ സ്തോത്രങ്ങ ളിൽ ഒന്നുമാത്രം – (ക്ഷമാപണാ ഷ്ടകം) സ്വാപരാധം സമ്മതിച്ചു കൊണ്ട് ദേവിയോടു നടത്തുന്ന പ്രശ്രയപൂർവ്വമായ ഒരു പ്രാർത്ഥന യാണ്. മറ്റുള്ളവ മൂന്നും വൈരനി ര്യാതനബുദ്ധിയും നൈരാശ്യഭരിത നുമായ ഒരു ഭക്തന്റെ പ്രതികാര ബുദ്ധിയോടുകൂടിയ പ്രാർത്ഥനക ളത്രേ. മാതൃകയായി ദണ്ഡനാഥാ സ്തോത്രത്തിലെ ഒരു പദ്യം നോക്കുക:

*'താരകേശ്വരകിശോരശേഖരേ!*
*താവകേ ചരണവാരിജേ ഭജേ*
*ക്രൂരചേഷ്ടിതമരാതിഭൂപതിം*
*മാരയാശു മമ ദണ്ഡനായികേ!"*

അരിപ്പാട്ടേയ്ക്കുണ്ടായ മാറ്റം തന്റെ പാർത്ഥന ഫലിച്ചുവരുന്ന തിന്റെ ഒരു ലക്ഷണമായി അദ്ദേഹം വിചാരിച്ചു. പോരെങ്കിൽ ആയില്യം തിരുനാളിന്റെ രോഗബാധ എന്തോ ഭാവിപരിണാമങ്ങളുടെ പ്രാരംഭസൂ ചനയാണെന്ന് അദ്ദേഹം വാചിരി ക്കാതിരുന്നില്ല.

### യമപ്രണാമം

പക്ഷേ ക്ഷമാപണസഹസ്ര ത്തിന്റെ പരാജയം അദ്ദേഹത്തിന്റെ സകല പ്രത്യാശകളേയും അടി യോടെ തകർത്തു. വീണ്ടും പരാ ശക്തിയുടെ സംഹാരകമായ സ്വരൂ പത്തെത്തന്നെ അദ്ദേഹം ശരണം പ്രാപിച്ചു. പക്ഷേ ഇത്തവണ ദേവിയെ അല്ല, സാക്ഷാൽ യമ ധർമ്മനെത്തന്നെയാണ് ശരണ മായി അവലംബിച്ചത്. തന്റെ ശത്രുവും സ്വജനദ്രോഹിയുമായ രാജാവിനെ ഹനിക്കണം എന്ന ഏകാഗ്രമായ പ്രാർത്ഥനയ്ക്കായി അദ്ദേഹം ഭാവനാപരവും കാവ്യര ചനാപരവുമായ സ്വന്തം കഴിവു കളെ കേന്ദ്രീകരിച്ചു. ആ പ്രാർത്ഥ നയാണ് 'യമപ്രണാമശതകം'. ആ കവിത വായിക്കുന്ന ഒരുവന്, എത്ര കരാളമായ ദൃഢനിശ്ചയ മാണ് രചയിതാവിനുണ്ടായിരുന്ന തെന്ന് അനുപദം വ്യക്തമാകാതി രിക്കുകയില്ല. അല മുട്ടി തിരിഞ്ഞു കടിക്കുന്ന പാമ്പിന്റെ ഉദ്ധതവീര്യം അതിൽ ഓരോ പദ്യത്തിലും പ്രക ടമണ്. 'പരപീഡകനായ രാജാവി നെ ഉടനെ സംഹരിക്കുമാറാകു വാൻ വേണ്ടി ഇതാ എന്റെ പ്രണാമം' എന്ന അർത്ഥമുള്ള പല്ല വിയിൽ അവസാനിക്കുന്ന ആ നൂറ്റൊന്ന് പദ്യങ്ങളിൽ ഓരോന്നും തീർന്നതിന് ഉരുവിട്ട് കൊണ്ട് ഓരോ പ്രണാമം തന്നെ അദ്ദേഹം നടത്തിയെന്നാണ് പറയപ്പെടുന്നത്.

*'ഘടാരൂഢേഷു കടാചരണവിര*
*ഹിതഃ*
*കഷ്ടമിഷ്ടേഷ്ഠ ഘടാ–*
*മാരൂഢാൻ ബാധമുദ്വേജയതി*
*വിഷമധീ*
*രേഷു വൈരായമാണഃ*
*ദോർദ്ദണ്ഡോദ്യന്മുസൃണ്ഠീടുതര*
*ഹതിഭിഃ*

*പിണ്ഢി പിണ്ഢീതിപിണ്ഢി ബ്രാദ്ധ്നേ!*
*മൂർദ്ധാനമസ്യാവനിഭൃദപശ ദസ്യാഞ്ജസൈഷ പ്രണാമഃ'*

എന്നിങ്ങിനെ ശബ്ദങ്ങളുടെ ഇടിവെട്ടൽ മുഴങ്ങുന്ന പദ്യങ്ങൾ ഉച്ചരിച്ചുകൊണ്ട് യമധർമ്മന്റെ മുന്നിൽ സാഷ്ടാംഗപ്രണാമം ചെയ്യുന്ന ജടാജടിലനായ കേരള വർമ്മയുടെ രൂപം ഭാവന ചെയ്യുന്നവന്നു തന്നെ ഞെട്ടലുണ്ടായിപ്പോകുന്നെങ്കിൽ അത്ഭുതത്തിന്നവകാശമില്ല.

പ്രാർത്ഥനയും മന്ത്രോച്ചാരണവും മറ്റും എത്ര കണ്ട് ഫലിക്കുമെന്നതിനെക്കുറിച്ച് ജനങ്ങൾ ഭിന്നാഭിപ്രായക്കാരാണ്. എങ്കിലും, ഒരു പക്ഷേ യാദൃച്ഛികമായിട്ടായാലും, കേരളവർമ്മയുടെ മനസ്സ് ചുട്ടുള്ള പ്രാർത്ഥന ഫലിച്ചെന്നു തന്നെ വേണം വിചാരിക്കാൻ. യമപ്രണാമശതകത്തിലെ അവസാന പദ്യം 1055 മകരമാസത്തിൽ തീർത്തതായി അതിലെ കലിദിന സൂചന കൊണ്ട് കാണുന്നു. യമപ്രണാമശതകം രചിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ ആയില്യം തിരുനാളിന്റെ രോഗം വർദ്ധിച്ചുതുടങ്ങിയിരുന്നു. ആ ആണ്ട് ഇടവമാസം 19ന് അദ്ദേഹം ചരമമടഞ്ഞു.

## ആയില്യം തിരുനാളിന്റെ അന്ത്യം

ആയില്യം തിരുനാളിന്റെ അന്ത്യം നിർഭാഗ്യകരമായ ഒരു സംഭവമായിരുന്നു. തിരുവിതാംകൂർ ചരിത്രത്തിലെ ഏറ്റവും ശോഭനമായ ഒരു ഭരണം ഒടുവിൽ പരാജയത്തിന്റെ ആഴത്തിലേക്ക് നിപതിച്ച വ്യാകുമാലമായ രംഗമാണ് അത് പ്രദർശിപ്പിച്ചത്. അസാധാരണസിദ്ധികളും കഴിവുകളും തികഞ്ഞ ആ പ്രഗല്ഭമതി, സാന്മാർഗ്ഗികമായ അപഭ്രംശവും ഭോഗലാലസയും മൂലം അപ്രാപ്തകാലമായി (48–ാമത്തെ വയസ്സിൽ) ചരമമടഞ്ഞതായിരുന്നു.

ആയില്യം തിരുനാളിന്റെ ഭരണത്തിന്റെ അവസാനഘട്ടം ദിവാൻ ശേഷയ്യാശാസ്ത്രിയുമായുള്ള സംഘട്ടനമായിട്ടാണ് കലാശിച്ചത്. ശേഷയ്യാശാസ്ത്രി 1052 ഒടുവിൽ ദിവാൻ പദത്തിൽ നിന്നു പിരിഞ്ഞു. പേഷ്കാരായിരുന്ന നാണുപിള്ളയെ ആയില്യംതിരുനാൾ ദിവാനായി നിയമിച്ചു. നാണുപിള്ള ദിവാൻ രാജ്യസ്നേഹിയും പരിചയസമ്പന്നനുമായ ഒരു ഉദ്യോഗസ്ഥനായിരുന്നെങ്കിലും പ്രഥമതഃ ഒരു രാജഭക്തനായിരുന്ന അദ്ദേഹത്തിന് ആയില്യം തിരുനാളിന്റെ മുമ്പിൽ പറയത്തക്ക വ്യക്തിത്വമൊന്നും പ്ദർശിപ്പിക്കാൻ സാധ്യമായില്ല. മഹാരാജാവാണെങ്കിൽ നാൾക്കുനാൾ ശരീരശക്തിയും മനഃശ്ശക്തിയും ക്ഷയിച്ച് ദുശ്ശാഠ്യങ്ങളുടെ ഒരു മൂർത്തീമദ്ഭാവമായി ത്തീർന്നിരുന്നു. അക്കാലത്തെ സ്ഥിതിഗതികളെക്കുറിച്ച് വിശാഖം തിരുനാൾ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:

'ഈ ഭരണം ആണ്ടുപോയ സാന്മാർഗ്ഗികദുഷ്ടിന്റെ (Moral turpitude) അഗാധത, മനഃപൂർവ്വം കണ്ണടച്ചു കളയാത്ത ആർക്കും പ്രത്യക്ഷമായി കാണാൻ കഴിയുമായിരുന്നു. പരമാർത്ഥമെന്തെന്നാൽ, മഹാരാജാവിന്റെ ശാരീരികശക്തികൾ വ്യഭിചരിതപ്രകൃതി (Trans gressed nature) മൂലം അധഃപതിക്കുകയും, അദ്ദേഹത്തിന്റെ സാന്മാർഗ്ഗികവിലക്ഷണതകൾ അസാമാന്യമായവിധം വൈകൃതം പ്രാപിക്കുകയും ചെയ്തു. (Moral idiosyncrsies attained to abnormal morbidity)

1055ആരംഭത്തോടു കൂടി തന്നെ ആയില്യം തിരുനാളിന്റെ ആരോഗ്യം ഭിഷഗ്വരന്മാരെ വിഷമിപ്പിക്കത്തക്കവിധം മൂർഛിച്ചു തുടങ്ങിയിരുന്നു. എന്നിട്ടും അദ്ദേഹം അതൊന്നും വക വച്ച ലക്ഷണം കണ്ടില്ല. ചികിത്സയിൽപ്പോലും അനാസ്ഥനായിരുന്നു അദ്ദേഹം. പത്ഥ്യാചരണത്തിന്റെ കാര്യം ചോദിക്കാനുമില്ല. നിർബന്ധങ്ങൾ വർദ്ധിച്ചതുമൂലം അടുത്ത സേവകന്മാർക്കും ഉദ്യോഗസ്ഥന്മാർക്കും തന്നെ അദ്ദേഹത്തെ തൃപ്തിപ്പെടുത്താൻ സാധിക്കാതെ വന്നു. വിശാഖം തിരുനാളിന്റെ പേരിലുള്ള പാരുഷ്യം അതിരു കവിഞ്ഞ തോതിൽ വളർന്നു. രോഗാന്വേഷണാർത്ഥം ചെല്ലാനുള്ള അനുവാദംപോലും അദ്ദേഹത്തിന് പല ആവൃത്തി നിഷേധിക്കപ്പെട്ടു. ഒടുവിൽ രോഗം അസഹ്യവേദനയോടു കൂടിയ ഒരു കുരുവിന്റെ രൂപം കൈക്കൊണ്ടു. ആ വിവരം വിരോധികൾ അറിയാതിരിക്കാൻ കുറെ ദിവസത്തേയ്ക്ക് ഗോപ്യമായി വച്ചിരുന്നു. ഒടുവിൽ ഗോപ്യത സാധ്യമല്ലാത്ത നിലയിൽ കാര്യങ്ങൾ ചെന്നെത്തി. തീവ്രവേദനയും വർദ്ധിച്ചു വരുന്ന അവശതയും നിമിത്തം ഓരോ ദിവസവും നരകയാതന അനുഭവിക്കുകയായിരുന്നു അദ്ദേഹം.

## ജ്യേഷ്ഠാനുജന്മാർ

കാര്യങ്ങൾ ഈ നിലയിൽ ചെന്നെത്തിയപ്പോൾ വിശാഖം തിരുനാളിന് മൗനം ദീക്ഷിക്കാൻ കഴിഞ്ഞില്ല. ഭാഗിനേയിമാരായ റാണിമാരാൽ അനുഗതനായി അദ്ദേഹം വളരെ നാളുകൾക്കു ശേഷം ആദ്യമായി മഹാരാജാവിന്റെ കൊട്ടാരത്തിൽ പ്രവേശിച്ചു. പള്ളിയറയുടെ വാതുക്കൽ അല്പം നിന്ന്, ദിവാൻ നാണുപിള്ളയെ വിളിച്ച് മഹാരാജാവിനെ താൻ വന്ന വിവരം അറിയിക്കാൻ ആവശ്യപ്പെട്ടു. അത്തവണ യാതൊരു തടസ്സവും പറയാതെ പ്രവേശനം അനുവദിക്കപ്പെട്ടു. വേദനകൊണ്ട് കരയുന്ന ജ്യേഷ്ഠനെക്കണ്ടപ്പോൾ ധീരനായ വിശാഖം തിരുനാൾ ഏതാണ്ട് മൂർഛിതനെപ്പോലെ ആ ശയ്യാസമീപത്ത് നിശ്ശേഷ്ടനായി നിന്നുപോയി. എങ്കിലും ഉത്തരക്ഷണത്തിൽ മനസ്സാന്നിദ്ധ്യം വീണ്ടെ

ടുത്ത് അദ്ദേഹം ജ്യേഷ്ഠന്റെ ശുശ്രൂഷയിൽ വ്യാപൃതനായി, ഏതാനും നിമിഷങ്ങൾക്കകം, മഹാരാജാവ് സകലവിരോധങ്ങളും മറന്ന് അനുജന്റെ പരിചരണത്തിൽ പ്രീതനായി കാണപ്പെട്ടു. അവസാന വേദനകളെല്ലാം അസാധാരണമായ ആത്മധൈര്യത്തോടെ ശാന്തമായി അദ്ദേഹം സഹിച്ചു. അനുജന്റെ ആഗമനം മുതൽ അദ്ദേഹം കൂടുതൽ ആശ്വസ്തചിത്തനും കരുണാർദ്രനുമായി കാണപ്പെട്ടു. വിശാഖം തിരുനാൾ അതിനുശേഷം സദാപി ജ്യേഷ്ഠന്റെ ശയ്യാസമീപം തന്നെയുണ്ടായിരുന്നു. യുവരാജാവിന്റെ ആഗമനത്തെ തുടർന്ന് അടുത്ത ബന്ധുക്കൾ എല്ലാവരും മഹാരാജാവിനെ സന്ദർശിച്ചു. മൂത്ത റാണി ഉൾപ്പെടെ സകലരോടും ദയാപൂർവ്വം തന്നെ അദ്ദേഹം സംസാരിച്ചു. കേരളവർമ്മയുടെ കുറ്റം താൻ ക്ഷമിച്ചിരിക്കുന്നുവെന്ന് യുവരാജാവിനോട് പറയുകയുമുണ്ടായി. എങ്കിലും താൻ ജീവിച്ചിരിക്കേ അദ്ദേഹത്തെ തിരുവനന്തപുരത്തേക്കു വരുത്തേണ്ടെന്നും കൂടി ചേർത്തുവത്രേ.

**അവസാനനിമിഷങ്ങൾ**

അവസാന നിമിഷങ്ങൾ സമാഗതങ്ങളായി. സകലലൗകികചിന്തകളും വിട്ട്, വൈരാഗ്യവാനായ ഒരു മുമുക്ഷുവിന്റെ രീതിയിൽ അദ്ദേഹം സംസാരിച്ചുതുടങ്ങി. മുമ്പ് പഠിച്ചിരുന്ന വേദാന്തതത്വങ്ങൾ അന്ത്യനിമിഷങ്ങളിൽ അദ്ദേഹത്തിന്റെ ഹൃദയമണ്ഡലത്തിൽ വെളിച്ചം വീശിയെന്നു പറയാം. അനുജനെ അടുത്തുവിളിച്ച് അനർഘങ്ങളായ ചില ഉപദേശങ്ങൾ നൽകി, അദ്ദേഹത്തെ ഹൃദയപൂർവ്വം അനുഗ്രഹിച്ചു. തന്റെ പരാജയങ്ങളിൽ നിന്നു പഠിച്ച മഹത്തായ പാഠങ്ങൾ അനുസ്മരിപ്പിച്ചുകൊണ്ടാണ് അദ്ദേഹം സംസാരിച്ചത്. ഭാഗ്യവാന്മാരെന്ന് പറയപ്പെടുന്ന രാജാക്കന്മാരുടെ സങ്കടങ്ങൾ തന്നെപ്പോലെ അറിഞ്ഞവരില്ലെന്നും, ദുർബോധനക്കാരേയും ഏഷണിക്കാരേയും സൂക്ഷിച്ചുകൊള്ളണമെന്നും, കാമക്രോധമോഹാദികളാൽ ധർമ്മമാർഗ്ഗം വിട്ട് ഒരിക്കലും വ്യതിചലിക്കരുതെന്നും, കുലദൈവതമായ ശ്രീപത്മനാഭങ്കൽ സകലതും സമർപ്പിച്ച് പ്രജാക്ഷേമനിരതനായി ഭരണം നടത്തി വിജയം വരിക്കണമെന്നും അദ്ദേഹം അനുജനെ അനുഗ്രഹപൂർവം അനുശാസിച്ചു. അങ്ങിനെ ദീർഘകാലം തുടർന്നുവന്ന അത്യുൽക്കടമായ വിരോധമെല്ലാം വിസ്മരിച്ച് ആത്മബോധോദയത്തോടുകൂടി അദ്ദേഹം പരമധാമത്തിൽ ലയിച്ചു.

**പുനസ്സമാഗമം**

ആയില്യം തിരുനാളിന്റെ ചരമം ഒരു മഹാനാടകത്തിലെ വിമർശസന്ധിയെക്കുറിച്ചു. ആയില്യം തിരുനാളിന്റെ വിരോധിയും നിശിതവിമർശകനുമായിരുന്ന കേരളവർമ്മ പോലും അദ്ദേഹത്തിന്റെ അന്ത്യരംഗം വികാരഭരിതനായിട്ടാണ് വിശാഖവിജയത്തിൽ വർണ്ണിച്ചിട്ടുള്ളത്.

*'വൈരാഗ്യതസ്സകലകല്മഷവർജ്ജിതാത്മാ*
*ശ്രീരാമവർമ്മകുലശേഖരഭൂമിപാലഃ*
*ആരാന്നിവേശ്യ സ വിശാഖമുദാജഹാര*
*ധീരാഗ്രതസ്സരമനുഗ്രഹപൂർവ്വ മേവം"*

എന്നിങ്ങിനെ ആരംഭിച്ച്

*ആനന്ദസാന്ദ്രമധുനാ ഹൃദയം മദീയം*
*നൂനം ദയേയമരവിന്ദവിലോചനസ്യ*
*ജ്ഞാനം ദധദിമലമേഷ ഭവാബ്ധിമുക്തഃ*
*ശ്രീനന്ദനന്ദനമയേ പരധാമ്നി ലീയേ"*

എന്ന് അവസാനിക്കുന്ന ഏതാനും പദ്യങ്ങളിലായി വിവരിച്ചിരിക്കുന്ന അവസാനരംഗം ആരേയും കരയിപ്പിക്കുന്നതാണ്.

സംഘർഷങ്ങൾ നിറഞ്ഞ അന്തരീക്ഷത്തിലായിരുന്നു ആയില്യം തിരുനാളിന്റെ ജീവിതത്തിൽ തിരശ്ശീല വീണത്. വിശാഖം തിരുനാളിന്റെ സിംഹാസനാരോഹണം സ്ഥിതിഗതികളെ ആകപ്പാടെ മാറ്റി. അദ്ദേഹത്തിന്റെ ആദ്യകല്പനകളിൽ ഒന്ന് കേരളവർമ്മയെ തിരുവനന്തപുരത്തേക്ക് ആനയിക്കുവാനുള്ളതായിരുന്നു. ഏകദേശം അഞ്ചു വർഷത്തെ നരകയാതന പോലെയുള്ള നിർവ്വാസനത്തിനുശേഷം കേരളവർമ്മ രാജധാനിയിൽ ആനീതനായി. ആദ്യം തന്റെ പരമോപകർത്താവായ വിശാഖം തിരുനാളിനെത്തന്നെയാണ് അദ്ദേഹം സന്ദർശിച്ചത്. വികാരഭരിതമായ ആ കൂടിക്കാഴ്ച ഇരുവരേയും ബാഷ്പാവിലനേത്രരാക്കി. കുശലപ്രശ്നങ്ങൾ കൊണ്ട് ദീർഘസമയം താമസിപ്പിക്കാതെ അദ്ദേഹത്തെ ഉടൻ തന്നെ ചിരവിരഹിതയായ ഭാഗിനേയിയുടെ സവിധത്തിലേക്ക് അയക്കുകയാണ് വിശാഖം തിരുനാൾ ചെയ്തത്. ജടാജടിലനായി കഷ്ടതകളും അപരാധബോധവും നിമിത്തം പതിഞ്ഞിരുന്ന ശോകച്ഛായയാൽ അത്യന്തം മങ്ങിയ മുഖഭാവത്തോടുകൂടി തേവാരത്തു കോയിക്കൽ എത്തിയ പ്രാണനാഥനെ, വ്രതോപവാസങ്ങൾ കൊണ്ട് തപസ്വിനിയെപ്പോലെ ജീവിതം നയിച്ചിരുന്ന റാണി നിറഞ്ഞ ഹൃദയത്തോടും വിങ്ങുന്ന വികാരങ്ങളോടും കൂടിയാണ് സ്വീകരിച്ചത്. സംഭവബഹുലമായ അവരുടെ ജീവിതത്തിലെ അതിശോഭനവും കീഴിൽക്കഴിഞ്ഞ വയേക്കാൾ വ്യത്യസ്തവുമായ മറ്റൊരധ്യായം അതോടെ ആരംഭിക്കുകയായിരുന്നു.

*(അവസാനിച്ചു)*

# വേണാട്

## (തിരുവിതാംകൂർ) രാജവംശം - X LVI

ഡോ. ആർ. പി. രാജാ

**കൊ.**വ. 976 മീനമാസം 13 –ാം തീയതി (എ.ഡി. 24.3.1801) വേലുത്തമ്പി ദളവാ പദമേറ്റു. സംശുദ്ധമായ ഒരു ഭരണം നടത്തുവാനാണ് അദ്ദേഹം ശ്രമിച്ചത്. കൈക്കൂലി വാങ്ങിച്ചാൽ കൈവെട്ടുക എന്നല്ലാതെ, "മെമ്മൊ എഴുതിക്കൊടുക്കുകയൊ, 'എക്സ്പ്ലനേഷൻ കോൾ ഫോർ' ചെയ്യുകയൊ, 'സസ്പൻഡ്' ചെയ്യുകയൊ ഒന്നും ചെയ്തിരുന്നില്ല. സാധുവായ ബാലരാമവർമ്മ രാജ്യം നമ്പൂതിരിമാരെ ഏല്പിച്ചതു പോലെ വേലുത്തമ്പിയെ ഏല്പിച്ചു. അന്ന് കേരളത്തിൽ നിലനിന്നിരുന്ന ഭരണസമ്പ്രദായത്തിൽ, സംഘടിതമായി, വിവിധ വകുപ്പുകളോടുകൂടി, ഒരു കേന്ദ്രീകൃത ഭരണകൂടം, നാം ഇന്നറിയുകയും മനസ്സിലാക്കുകയും ചെയ്യുന്ന തരത്തിൽ ഇല്ലായിരുന്നു. അതുകാരണം, പല കാര്യങ്ങളും, ചില പതിവുകളനുസരിച്ച് പ്രാദേശിക തലത്തിലുള്ള അധികാരികളുടെ ചുമതലയിൽ നടന്നു വന്നിരുന്നു. വേലുത്തമ്പി അധികാരത്തിൽ വന്നപ്പോൾ, ഈ സമ്പ്രദായത്തിൽ നിലനിന്നിരുന്ന അഴിമതിയ്ക്കും, സ്വജനപക്ഷപാതത്തിനും, അലസതയ്ക്കും, ഒക്കെ ഒരു മാറ്റം വന്നു. അതായത്, പതിവ് കാര്യങ്ങളൊക്കെ മുറയ്ക്ക് നടന്നു. അവിട്ടം തിരുനാൾ ബാലരാമവർമ്മയുടെ 973 മുതൽ 986 വരെയുള്ള 12 വർഷത്തെ ഭരണകാലത്തെ, 'തിരുവിതാംകൂർ ചരിത്രത്തിലെ കറുത്ത താളുകൾ' എന്ന് ചില ചരിത്രകാരന്മാർ വിശേഷിപ്പിച്ചിട്ടുണ്ട്. കാരണം, പല കലാപങ്ങൾ മാത്രമല്ല ആധുനിക തിരുവിതാംകൂറിന്റെ ചരിത്രത്തിൽ, രാജ്യനന്മയ്ക്കും ജനനന്മയ്ക്കും ഉതകുന്ന ഒരു രാജകല്പന പോലും പുറപ്പെടുവിക്കാത്ത ഒരു കാലമായി അതവശേഷിക്കുന്നു.

ബാലരാമവർമ്മയുടെ ഭരണകാലം തുടങ്ങുന്നതിനു മുമ്പുവരെ, തിരുവിതാംകൂർ രാജകുടുംബവും ഇംഗ്ലീഷ് ഈസ്റ്റ് ഇൻഡ്യാ കമ്പനിയുമായുള്ള ബന്ധം ഒരു സുഹൃത്ത് ബന്ധമായിരുന്നു. അത് ഒരു ആശ്രയത്വമായി രൂപാന്തരപ്പെട്ടത് ബാലരാമവർമ്മയുടെ കാലത്താണ്. അതിന് കാരണക്കാരൻ വേലുത്തമ്പിയും. അത്ഭുതം തോന്നും.

ഉദിയേരി ജയന്തൻ ശങ്കരൻ നമ്പൂതിരി, കൊ.വ. 974, മേടം 19–ാം തീയതി, വല്യ സർവ്വാധികാര്യക്കാരായതിന്റെ മൂന്നാം ദിവസമായ 22–ാം തീയതി, ബാലരാമവർമ്മയുടെ കളിക്കൂട്ടുകാരനായി വടക്കെ കൊട്ടാരത്തിൽ താമസിപ്പിച്ചിരുന്ന, മാവേലിക്കര കൊട്ടാരത്തിലെ വിശാഖം തിരുനാൾ കേരളവർമ്മയെ, ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ കൊണ്ടുപോവുകയും, തൊഴുവിച്ച്, കാണിക്കയും ഇടുവിച്ച്, തിരിച്ച് വലിയ കൊട്ടാരത്തിൽ കൊണ്ടുചെന്ന്, ബാലരാമവർമ്മയെക്കൊണ്ട് കേരളവർമ്മയെ രാജകുടുംബത്തിലേക്ക് ദത്തെടുത്തതായി പ്രഖ്യാപിപ്പിക്കുകയും ചെയ്തു. തിരുവിതാംകൂർ രാജകുടുംബത്തിന്റെ നിയമങ്ങളറിയാത്ത സാമാന്യ ജനങ്ങൾ, 'മഹാരാജാവ് നടത്തിയ ദത്ത് 'ആയതുകൊണ്ട് അതിനെ അംഗീകരിക്കുകയും ചെയ്തു. അക്കാലത്ത്, രാജകുടുംബത്തിൽ വേറെ പുരുഷന്മാർ ആരും ഇല്ലാതിരുന്നതിനാൽ, രാജകുടുംബത്തിലെ പെൺവഴി തമ്പുരാക്കന്മാർ, ഒഴികെ, ബാക്കി എല്ലാപേരും കേരളവർമ്മയെ അടുത്ത രാജ്യാവകാശി ആയ 'എളയ തമ്പുരാൻ' ആയി കാണുകയും, ആ നിലയ്ക്കു തന്നെ അദ്ദേഹത്തെ ആദരിക്കുകയും ചെയ്തു. ദത്ത് സമയത്ത്, എട്ട് വയസ്സ് മാത്രം പ്രായമുള്ള കേരളവർമ്മയും വളർന്നു വന്നപ്പോൾ, സത്യസന്ധമായും ആത്മാർത്ഥമായും തന്നെ, താൻ രാജകുടുംബത്തിലേക്ക് ദത്തെടുക്കപ്പെട്ടതാണെന്നും, താൻ രാജകുടുംബാംഗമാണെന്നും, അടുത്ത രാജ്യാവകാശിയായ എളയ തമ്പുരാനാണെന്നും വിശ്വസിച്ചു. ഏതെങ്കിലും തരത്തിൽ, എതിർപ്പുകളുടെ മർമ്മരങ്ങൾ ഉണ്ടായിരന്നെങ്കിൽപോലും, മഹാരാജ സ്ഥാനത്തോടുള്ള ആദരവ് കാരണം, താല്ക്കാലികമായി അവ മൗനവും പാലിച്ചിരുന്നു.

കേരളവർമ്മയ്ക്ക് നാലോ അഞ്ചോ വയസ്സുള്ളപ്പോൾ തന്നെ തിരുവനന്തപുരത്ത്, ബാലരാമവർമ്മയുടെ നിർബന്ധപ്രകാരം

വിട്ടിരിക്കണം, കാരണം, നമ്പൂതിരിമാർ ദത്തെടുത്തതിനുശേഷമാണ് വിദ്യാരംഭം മുതലായത് നടന്നിരിക്കുന്നത്. അങ്ങിനെ രാജകൊട്ടാരത്തിൽ എളയ രാജാവായി വളർന്നുവന്ന കേരളവർമ്മരാജാവ്, ബാലരാമവർമ്മ ഒരു സാധുവായതുകൊണ്ടും, കേരളവർമ്മയെ വളരെ ഇഷ്ടമായിരുന്നതുകൊണ്ടും, കൊട്ടാരത്തിൽ അഭിപ്രായ രൂപീകരണങ്ങളിൽ ഒരു പ്രധാനിയായി തീർന്നു.

വേലുത്തമ്പി സത്യസന്ധനും ധീരനും ജനനന്മ മാത്രം ലക്ഷ്യമുള്ള ആളായിരുന്നെങ്കിലും അദ്ദേഹത്തിന്റെ ശിക്ഷാനടപടികളും ഭരണരീതികളും വളരെ കഠിനമായിരുന്നു. ഉദാഹരണമായി, സർക്കാർ പണം അനധികൃതമായി കൈകാര്യം ചെയ്താൽ ദീർഘകാലം തടവ് ശിക്ഷ, കുറ്റകൃത്യത്തിന്റെതോതനുസരിച്ച് ഉദ്യോഗസ്ഥന്റെ വസ്തുവകകൾ കണ്ടു കെട്ടുകയും, ചിലപ്പോൾ വധശിക്ഷ വിധിയ്ക്കുകയും ചെയ്യുമായിരുന്നു. സർക്കാർ രേഖകൾ തിരുത്തുകയോ, കേടുവരുത്തുകയോ ചെയ്താൽ കൈവിരലുകൾ മുറിയ്ക്കുകയൊ, കൈക്കുഴയുടെ അവിടെ വച്ച് വെട്ടിക്കളയുകയൊ ചെയ്യുമായിരുന്നു. കൈക്കൂലി വാങ്ങുന്ന ഉദ്യോഗസ്ഥന്മാരെ, പൊതുസ്ഥലത്ത് വച്ച് മുക്കാലിയിൽ കെട്ടി അടിയ്ക്കുമായിരുന്നു. കള്ളസാക്ഷി പറയുന്നവന്റെ ചുണ്ടുകൾ ഛേദിച്ചു കളയുമായിരുന്നു. കൃഷിക്കാരെയും സാധാരണ ജനങ്ങളേയും ദ്രോഹിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് മുക്കാലിയിൽ കെട്ടി അടിയും വസ്തുവകകൾ കണ്ടുകെട്ടുകയുമായിരുന്നു ശിക്ഷ, വേലുത്തമ്പി, തിരുവിതാംകൂറിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥിരമായി സഞ്ചരിച്ചുകൊണ്ടിരുന്നു. ഗ്രാമപ്രദേശങ്ങിൽ നാട്ടുകാരുടെ സങ്കടങ്ങളും പരാതികളും നേരിട്ട് കേൾക്കുകയും അവയ്ക്ക് അപ്പോൾ തന്നെ തീർപ്പ് കല്പിക്കുകയും ചെയ്യുമായിരുന്നു. ഇത്തരം കോടതികൾ വലിയ മരച്ചുവട്ടിൽ വച്ചാണ് നടത്തിയിരുന്നത്. മനുസ്മൃതിയും ധർമ്മശാസ്ത്രങ്ങളും പഠിച്ച തമ്പിയുടെ കൂടെ, ഒരു ശാസ്ത്രിയും ഇസ്ലാംമത പണ്ഡിതനും എപ്പോഴും ഉണ്ടായിരുന്നു. വധശിക്ഷ വിധിക്കുന്ന കേസുകളിൽ അത് നടപ്പാക്കുന്നതും, അപ്പോൾ ആ മരത്തിൽ തന്നെയായിരിക്കും. ഇത്തരം ശിക്ഷാവിധികൾ, ആജാനുബാഹുവായിരുന്ന വേലുത്തമ്പിയുടെ ഒരു ചിത്രം പ്രജകളുടെ മനസ്സിൽ പതിയുകയും, തിരുവിതാംകൂർ സർക്കാർ തലത്തിലും സമൂഹതലത്തിലും ഏതാണ്ട് പൂർണ്ണമായിത്തന്നെ അഴിമതി, കുറ്റകൃത്യങ്ങൾ എന്നിവയിൽ നിന്നും വിമുക്തമാവുകയും ചെയ്തു. പക്ഷെ, ഇത്തരം ശിക്ഷാനടപടികൾ സ്വാഭാവികമായും അദ്ദേഹത്തിനെതിരെ ശത്രുക്കളെ സൃഷ്ടിച്ചു. പ്രമാണിമാരായിരുന്ന സമ്പ്രതി കുഞ്ചു നീലൻ പിള്ളയും, വലിയ മേലെഴുത്ത് മുത്തുപിള്ളയും അവരുടെ ചില അനുയായികളും കൂടി മഹാരാജാവിനെ ചെന്ന് കാണുകയും വേലുത്തമ്പിയുടെ ക്രൂരമായ ചെയ്തികളെപ്പറ്റി വിവരിക്കുകയും തമ്പിയെ കയ്യോടെ പിടികൂടി, വധശിക്ഷ നല്കണമെന്ന് ആവശ്യപ്പെട്ടു. അക്കാലത്ത്, വേലുത്തമ്പി, ബ്രിട്ടീഷ് റസിഡന്റ് കേണൽ മെക്കാളെയുമായി സൗഹൃദത്തിലായിരുന്നു. തനിക്കെതിരെ നടക്കുന്ന ഗൂഢാലോചനയെക്കുറിച്ചറിഞ്ഞപ്പോൾ, തമ്പി കൊച്ചിയിൽ പോയി മെക്കാളെയെ കണ്ടു. കാര്യങ്ങൾ മഹാരാജാവിനെ നേരിട്ട് കണ്ട് ബോധിപ്പിക്കുവാൻ മെക്കാളെ ഉപദേശിച്ചു. എന്നാൽ കുഞ്ചുനീലൻ പിള്ളയുടേയും മുത്തുപിള്ളയുടേയും സ്വാധീനത്തിലായിരുന്ന മഹാരാജാവ് സന്ദർശനം അനുവദിച്ചില്ല, വിവരമറിഞ്ഞ മെക്കാളെ, കൊല്ലത്തുവരികയും, അവിടെ നിന്നും രണ്ട് കമ്പനി പട്ടാളവുമായി തിരുവനന്തപുരത്തെത്തുകയും ചെയ്തു. മഹാരാജാവ് വേലുത്തമ്പിക്ക് സന്ദർശനം അനുവദിച്ചു. കാര്യങ്ങളുടെ വിശദീകരണങ്ങളെല്ലാം കേട്ടുകഴിഞ്ഞപ്പോൽ, കുഞ്ചുനീലൻപിള്ളയേയും കൂട്ടുകാരേയും തടവിലാക്കുകയും ചെയ്തു. അവരിൽ പലരും പിന്നെ വെളിച്ചം കണ്ടിട്ടില്ല.

മെക്കാളെ വേലുത്തമ്പിയെ സഹായിച്ചതിൽ ക്ഷുഭിതരായ ചിലർ മഹാരാജാവിന്റെ മനസ്സിൽ മെക്കാളെയ്ക്കെതിരെ ശത്രുത വളർത്തിയെടുത്തു. അവർ മഹാരാജാവിനെക്കൊണ്ട് ശക്തിയായ ഒരെഴുത്ത്, കൽക്കട്ടയിൽ ഗവർണ്ണർ ജനറലായിരുന്ന വെല്ലസ്ലിപ്രഭുവിനയപ്പിച്ചു. ഗവർണ്ണർ ജനറൽ മെക്കാളെയെ കല്ക്കട്ടയിലേക്ക് വിളിപ്പിക്കുകയും റസിഡന്റിന്റെ വിശദീകരണങ്ങളിൽ തൃപ്തനായ വെല്ലസ്ലി, മെക്കാളെയെ തിരിച്ച് തിരുവിതാംകൂറിലേക്ക് തന്നെ അയയ്ക്കുകയും ചെയ്തു. വേലുത്തമ്പി ദിവാൻജിയായി തുടരുന്നതിൽ വെല്ലസ്ലിയും സന്തോഷം പ്രകടിപ്പിക്കുകയുണ്ടായി.

ആലപ്പുഴ പട്ടണത്തിന്റെ വികസനത്തിന് രാജാകേശവദാസനാണ് കാരണഭൂതനെങ്കിൽ, കൊല്ലം നഗരത്തിന്റെ വികസനത്തിന് കാരണക്കാരൻ തമ്പിയാണ്. തമ്പിയുടെ കാര്യസ്ഥതയിൽ തിരുവിതാംകൂറിന്റെ സാമ്പത്തിക നില വളരെ മെച്ചപ്പെടുകയും കടങ്ങളെല്ലാം തീരുകയും ചെയ്തപ്പോഴാണ് കൊല്ലത്തേക്ക് ശ്രദ്ധ തിരിഞ്ഞത്. അവിടെ പല മന്ദിരങ്ങളും പണിയിച്ചു. ഏറ്റവും പ്രസിദ്ധമായത്, 'ആനന്ദവല്ലീശ്വരം' ക്ഷേത്രം

പണിയിച്ചതാണ്. ആലപ്പുഴയും അദ്ദേഹത്തിന്റെ ഒരു പ്രധാന താവളമായിരുന്നു. തിരുവിതാംകൂറിന്റെ വാണിജ്യ പ്രവർത്തനങ്ങൾ മുഖ്യമായും അവിടെയാണ് നടന്നിരുന്നത്. അതിൽ നിന്നും കിട്ടുന്ന വരുമാനം സൂക്ഷിച്ചിരുന്നത്, 'മാവേലിക്കര മുളകു മടിശ്ശീല'യിലായിരുന്നു. ഏറ്റവും അധികം വരുമാനം ലഭിച്ചിരുന്നത് കുരുമുളക് വിദേശികൾക്ക് വില്ക്കുന്നതിൽ നിന്നായിരുന്നു. വരുമാനം പണമായിട്ടാണ് ലഭിച്ചിരുന്നത്. ഈ പണം 50,100, 200, 500, 1000 എന്നിങ്ങനെ തുണിസഞ്ചികളിൽ കിഴി കെട്ടി സൂക്ഷിച്ചിരുന്ന സ്ഥലങ്ങളാണ് 'മുളകു മടിശ്ശീല'. ഫലത്തിൽ സർക്കാർ ഖജനാവ് തന്നെ. മാവേലേക്കരയായിരുന്നു ഏറ്റവും പ്രധാനപ്പെട്ട 'മുളകു മടിശ്ശീല'. ദളവ ആകുന്നതിനു മുൻപ് വേലുത്തമ്പി മുളകു മടിശ്ശീല വലിയ സർവ്വാധി കാര്യക്കാരായിരുന്നു.

ബാലരാമവർമ്മയുടെ കാലത്ത്, മാവേലിക്കരയ്ക്ക് നിർവചനാതീതമായ ഒരനുഗ്രഹമുണ്ടായി. ടിപ്പുസുൽത്താൻ, 1788–89 കാലങ്ങളിൽ, മലബാർ ആക്രമിക്കുകയും, ക്ഷേത്രധ്വംസനങ്ങൾ ഒരു ഭീതിയായി ഹിന്ദുക്കളുടെ മനസ്സിൽ വളരുകയും ചെയ്തു. ആ കാലത്ത്, അദ്ദേഹം ഇരിങ്ങാലക്കടയിലെത്തിയപ്പോൾ, ഗുരുവായൂരിലെ തന്ത്രിമുഖ്യന്മാരും, ബ്രാഹ്മണ ശേഷ്ഠന്മാരും, ഭക്തജനങ്ങളും പരിഭ്രാന്തരായി, ഗുരുവായൂരപ്പൻ 'സുരക്ഷിതൻ' അല്ലെന്ന് അവർക്ക് തോന്നിയപ്പോൾ, അവർ ഗുരുവായൂരപ്പന്റെ വിഗ്രഹം 'ഇളക്കിയെടുത്ത്' അമ്പലപ്പുഴ കൃഷ്ണസ്വാമി ക്ഷേത്ര വളപ്പിനകത്ത് കൊണ്ടുവന്ന് കുടിയിരുത്തി. ഐതിഹ്യമാലാ കർത്താവായ കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ വാക്കുകളിൽ "ഗുരുവായൂരപ്പനും അമ്പലപ്പു കൃഷ്ണസ്വാമിയും വാസ്തവത്തിൽ ആൾ ഒന്നുതന്നെയാണെങ്കിലും, അവർ രണ്ടുപേരും കൂടി അമ്പലപ്പുഴയിൽ താമസിച്ചിരുന്ന കാലത്ത്, പല പിണക്കങ്ങളും മത്സരങ്ങളുമുണ്ടായിട്ടുള്ളതായി അനേകം ഐതിഹ്യങ്ങൾ ഉണ്ട്. ഗുരുവായൂരപ്പന്റെ പ്രീതിയ്ക്കുവേണ്ടി നടത്തുന്ന നമസ്കാരസദ്യയ്ക്കുള്ള കാളൻ മുതലായ സാധനങ്ങൾ വെയ്ക്കുന്ന ഓട്ടു പാത്രങ്ങളിൽത്തന്നെ കിടക്കുകയല്ലാതെ മറ്റ് പാത്രങ്ങളിൽ പകരുക പതിവില്ലെന്നും, എന്നാൽ ആ സാധനങ്ങൾക്കു ക്ലാവ് ചുവ ഉണ്ടാകാറില്ലെന്നുള്ളതും പ്രസിദ്ധമാണല്ലൊ. എങ്കിലും ഗുരുവായൂരപ്പൻ അമ്പലപ്പുഴ താമസിച്ചിരുന്ന കാലത്ത് നമസ്കാരത്തനും മറ്റും വച്ചുണ്ടാക്കുന്ന കാളനും മറ്റും ക്ലാവ് ചുവ കൊണ്ട്, മനുഷ്യർക്ക് ഉപയോഗിക്കാൻ നിവൃത്തിയില്ലാത്തതായി ത്തീർന്നു. ഇതിങ്ങനെ ആക്കിത്തീർത്തതു ഗുരുവായൂരപ്പനോടുള്ള സ്പർദ്ധ നിമിത്തം, അമ്പലപ്പുഴ കൃഷ്ണസ്വാമിയാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലൊ. ഇതിനു പകരം ഗുരുവായൂരപ്പനും ചിലത് പ്രവർത്തിക്കാതിരുന്നില്ല."

# മോഹക്കുന്ന്

**പി.കെ. എസ്. രാജ, കോഴിക്കോട്**

അമ്മതൻ ഗർഭപാത്രത്തിൽ ശയിക്കവേ
മുജ്ജന്മ ധാരണയേറെയുണ്ടെങ്കിലും
ഭൂസ്പർശ വേഗത്തിലെല്ലാം മറക്കവേ
പ്രാരബ്ധ കർമ്മം ഭുജിക്കാനിറങ്ങവേ
എത്തിനില്ക്കുന്നൊരു മോഹമാം കുന്നിന്റെ
താഴ്‌വാര സീമയിൽ, യൗവ്വനം പൂക്കവേ,
മുന്നിലായ് കാണും ചവിട്ടുപടികളിൽ
കാലൂന്നിയഗ്രത്തിലെത്താൻ നിനക്കവേ
ഊർജ്ജസ്വലനായ് പരിശ്രമിച്ചീടവേ
നൈരാശ്യഗർത്തത്തിലെങ്ങോ പതിക്കവേ
വീണ്ടും പരിശ്രമം ചെയ്യാനൊരുങ്ങവേ
നിർഭാഗ്യ ജാതകം കൂട്ടിക്കുറയ്ക്കവേ
എന്നുടെ മൂർദ്ധാവിലങ്കിതമായൊരു
നിന്നുടെ യിംഗിതം തേടിയുഴറവേ
വന്നെത്തി നില്ക്കുമാ കാലാജ്ഞ കേൾക്കവേ
ഓർക്കുന്നു ഞാനെൻ പ്രതിജ്ഞകളൊക്കവേ
എങ്കിലും കണ്ണാ! നിൻ തൃക്കടാക്ഷത്തിനാൽ
ഒട്ടൊരു സൂചന കിട്ടിയെന്നാകിൽ, ഞാൻ
എത്ര പടികളിനിയും ചവിട്ടണം
മോഹമാം കുന്നിന്നുയരമളക്കുവാൻ
ഒന്നു തുണക്കില്ലെ ലോകൈകനായകാ ❐

ബംഗാളി കഥ



# ദേവി

കഴിഞ്ഞലക്കം തുടർച്ച...

## പ്രഭാത് കുമാർ മുഖൊപാദ്ധ്യായ

**വിവർത്തനം : ഡോ. കെ.സി. എം. രാജ)**
**('ബംഗാളി കി സർവ്വശ്രേഷ്ഠ കഹാനിയാ" എന്ന ഗ്രന്ഥത്തോടു കടപ്പാട്)**

ശനിയാഴ്ച! ഇന്നാണ് ഉമാപ്രസാദ് ദയാമയിയുമൊത്ത് വീടുവിട്ടുപോകാൻ നിശ്ചയിച്ചിട്ടുള്ളത്! അതിനുവേണ്ട പണവും സമയവുമെല്ലാം അയാൾ മുൻകൂട്ടിത്തന്നെ തയ്യാറാക്കിയിരുന്നു. സമയം പാതിരാവായപ്പോൾ ഉമാപ്രസാദ് ശബ്ദമുണ്ടാക്കാതെ ഒരു കള്ളനെപ്പോലെ പതുങ്ങി പൂജാമുറിയിൽ വന്ന് ദയാമയിയുടെ അടുത്തു ചെന്നു ഇരുന്നു. അവൾ അപ്പോൾ നല്ല ഉറക്കത്തിലായിരുന്നു. ഉമാപ്രസാദ് ഭാര്യയുടെ കവിളിൽ ഒന്നു തൊട്ടു. ദയാമയി ഞെട്ടിയുണർന്ന് എഴുന്നേറ്റിരുന്നു.

ഉമാപ്രസാദ് 'ഇങ്ങനെയൊരു ഉറക്കം! വേഗം ഒരുങ്ങിപ്പുറപ്പെട്!"

'എങ്ങോട്ട്?' ദയാമയി അന്ധാളിച്ചു.

അതു കൊള്ളാം എങ്ങോട്ടെന്നോ. പോകാനുള്ള സമയമാകുമ്പോഴാണൊ ഇങ്ങനെയൊരു ചോദ്യം? ഈ രാത്രി തന്നെ തോണി കയറി നദിയ്ക്കക്കരെയെത്തണം!"

ദയാമയി ഒന്നും പറയാതെ എന്തൊ ആലോചിച്ചുകൊണ്ടിരുന്നു. ഉമാപ്രസാദ് അവളെ പ്രോത്സാഹിപ്പിച്ചു. 'ഉം... എഴുന്നേല്ക്ക്! പോകുന്ന വഴിയ്ക്കു എത്ര വേണമെങ്കിലും ആലോചിയ്ക്കാൻ സമയമുണ്ട്! 'ഇതും പറഞ്ഞ് അയാൾ എഴുന്നേല്പിക്കാനായി ദയാമയിയുടെ കൈപിടിച്ചു. അവൾ ഭർത്താവിന്റെ കൈവേർപെടുത്തിയശേഷം പറഞ്ഞു. 'നിങ്ങളുടെ ഭാര്യയാണെന്നു കരുതി എന്നെ തൊടരുത്! ഒരു പക്ഷെ ഞാൻ ദേവിയായിരിക്കാം!"

ഉമാപ്രസാദ് ഉടൻ പ്രതികരിച്ചു. 'നീ യഥാർത്ഥത്തിൽ ദേവിയായിരുന്നെങ്കിൽ നിന്റെ മനസ്സു ഇത്ര ഉറച്ചതാകുമായിരുന്നില്ല. ഇത്രയൊക്കെയായിട്ടും നിനക്കു യാതൊരു കോട്ടവും സംഭവിച്ചില്ലല്ലോ!"

ദയാമയി കരഞ്ഞുകൊണ്ടു പറഞ്ഞു.'എന്റെ അവസ്ഥ നിങ്ങൾക്കറിയാത്തതുകൊണ്ടാണ്!"

ഉമാപ്രസാദ് മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും എന്തോ ചിന്തിച്ചു നടന്നു. പെട്ടെന്ന് അയാൾ ഭാര്യയുടെ മുന്നിൽ വന്നു നിന്നു ചോദിച്ചു 'ദയാ! ഞാൻ നിന്നെ വിവാഹം ചെയ്തതല്ലേ?"

'അതെ!"

'അപ്പോൾ നീ ദേവിയാണെങ്കിൽ, ഞാൻ ദേവനാണ്! അല്ലെങ്കിൽ, നമുക്കു വിവാഹം ചെയ്യാൻ കഴിയുമായിരുന്നോ?" ഉമാപ്രസാദിന്റെ ആ ചോദ്യത്തിനു മറുപടി നല്കാൻ ദയാമയിയ്ക്കു കഴിഞ്ഞില്ല. ഉമാപ്രസാദ് യുക്തിപൂർവം സംസാരം തുടർന്നു. 'നീ യഥാർത്ഥത്തിൽ ഒരു ദേവിയാണെങ്കിൽ നിന്നെ വിവാഹം ചെയ്യാൻ മനുഷ്യരാരെങ്കിലും തയ്യാറാകുമോ? അപ്പോൾ ഇത്രയുംകാലം നിന്റെ ഭർത്താവായി ഞാൻ ജീവിച്ചതുകൊണ്ടുതന്നെ, ഞാൻ ഒരു ദേവനാണെന്നു നിനക്കു വിശ്വസിക്കാം."

ദയാമയിക്കു ആ ഒരു യുക്തിയുമായി യോജിക്കേണ്ടിവന്നു. കാര്യങ്ങൾ വിചാരിച്ചപോലെ മുന്നോട്ടു നീങ്ങുന്നുണ്ടെന്ന് മനസ്സിലാക്കിയതോടെ ഉമാപ്രസാദിന്റെ ധൈര്യം വർദ്ധിച്ചു. 'നമുക്ക് ഇവിടെ വിട്ടുപോകണം. ഇവിടെ ഈയൊരവസ്ഥയിൽ കഴിയുന്നേടത്തോളം, നമുക്കു വേർപിരിഞ്ഞു കഴിയേണ്ടിവരും!"

'ശരിയാണ്! നമുക്ക് എന്തായാലും ഇവിടെ നിന്നു പോകാം!' ദയാമയി ഒടുവിൽ യോജിച്ചു.

വീട്ടിൽ നിന്നു നദീതീരത്തേക്കു നടക്കാവുന്നത്ര ദൂരമെയുള്ളു. അവിടയെത്തി തോണിയിൽ കയറിവേണം മറുകരയെത്താൻ. അതുകഴിഞ്ഞിട്ടു വേണം പിന്നീടുള്ള യാത്ര. വീട്ടിൽ നിന്നിറങ്ങി അല്പദൂരം ചെന്നപ്പോൾ ദയാമയി പെട്ടെന്നു നിന്ന് ഉമാപ്രസാദിനോടു പറഞ്ഞു.

'ഞാൻ കൂടെ വരുന്നില്ല!'

ഉമാപ്രസാദ് പലതും പറഞ്ഞ് അവളെ അനുനയിപ്പിക്കാനായി കിണഞ്ഞു ശ്രമിച്ചു. പക്ഷെ ഫലമുണ്ടായില്ല.

'നിങ്ങൾ പറയുന്നതുപോലെ നിങ്ങൾ ദേവനാണെങ്കിൽ, വരൂ നമുക്കു വീട്ടിലേക്ക് തിരിച്ചു പോകാം. നമുക്ക് ഒന്നിച്ചിരുന്നു പൂജകളെല്ലാം സ്വീകരിക്കാം. നമ്മൾ എന്തിനാ ഒളിച്ചോടുന്നത്? ഇവിടെ വരുന്ന ഭക്തരെ നമ്മൾ ഒരിക്കലും ഉപേക്ഷിച്ചുകൂടാ! വരൂ! നമുക്കു വീട്ടിലേക്കു തിരിച്ചു പോകാം!"

തീരെ അലക്ഷ്യഭാവത്തോടെ ഉമാപ്രസാദ് മറുപടി നല്കി. 'നീ വേണമെങ്കിൽ തിരിച്ചു പൊയ്ക്കോളൂ! ഞാൻ വരുന്നില്ല!'

അന്ന് അതുപോലെത്തന്നെയാണ് സംഭവിച്ചതും. ദയാമയി തനിച്ചു വീട്ടിലേക്ക് തിരിച്ചുനടന്നു. ഉമാപ്രസാദ് ആ ഇരുട്ടിൽ എവിടെയ്ക്കോ നടന്നകന്നു. അതിൽ പിന്നീട് അയാളെക്കുറിച്ചു യാതൊരു വിവരവുമില്ല.

ദയാമയിയുടെ ദൈവത്വത്തിൽ നാട്ടുകാർക്കെല്ലാം വിശ്വാസം വർദ്ധിച്ചുവന്നുവെങ്കിലും, അവളുടെ ഏട്ത്ത്യമ്മയും കുട്ടന്റെ അമ്മയുമായ ഹരസുന്ദരി മാത്രം ഈയൊരു കാര്യം വിശ്വസിച്ചില്ല. താൻ ഒരു ദേവിയാണെന്നു സ്വയം വിശ്വസിയ്ക്കാതിരുന്ന ആദ്യ ദിവസങ്ങളിൽ, ദയാമയി പലപ്പോഴും അവളുടെ ഏട്ത്ത്യമ്മയുടെ അടുത്തുചെന്നു കരഞ്ഞുകൊണ്ട് 'എനിയ്ക്കെന്താണ് ചേച്ചീ സംഭവിച്ചുകൊണ്ടിരിക്കുന്നത്?' എന്നു ചോദിക്കുക ഒരു പതിവായിരുന്നു. അപ്പോഴെല്ലാം ഹരസുന്ദരി അവളെ പറഞ്ഞ് സമാധാനിപ്പിക്കും" നമ്മുടെ ശ്വശുരന്ന് ഭ്രാന്താണ് അനിയത്തി. നമുക്കെന്തു ചെയ്യാൻ കഴിയും?"

ഉമാപ്രസാദ് അവിടം ഉപേക്ഷിച്ചുപോയി രണ്ടാഴ്ച കഴിഞ്ഞു. അടുത്ത ആഴ്ച ഒരു ദിവസം കുട്ടനു പനി തുടങ്ങി. ദിവസം കഴിയുംതോറും പനി കൂടിക്കൂടി, ക്ഷീണവും വർദ്ധിച്ചുതുടങ്ങി. ഒരു വൈദ്യനെ വരുത്തി കുട്ടനെ പരിശോധിപ്പിക്കാൻ കാളീകിങ്കരൻ സമ്മതിച്ചില്ല. 'വീട്ടിൽ ദേവി സ്വയം വാണരുളുമ്പോൾ ഒരു വൈദ്യൻ ഇവിടെ വന്നു എന്തു ചെയ്യാനാ? അമ്മയുടെ പാദങ്ങൾ കഴുകിയ തീർത്ഥം സേവിച്ച് എത്ര പേർക്ക് രോഗശാന്തി ലഭിച്ചു!'' ഇതായിരുന്നു കാളികിങ്കരന്റെ വാദം!

'നല്ലൊരു വൈദ്യനെ വരുത്തി കുട്ടനെ ചികിത്സിപ്പിയ്ക്കൂ! ഇല്ലെങ്കിൽ, അവന്റെ അസുഖം ഭേദമാവില്ല!''ഹരസുന്ദരി എപ്പോഴും ഭർത്താവിനോട് അപേക്ഷിച്ചുകൊണ്ടിരുന്നു! പക്ഷെ, ഭർത്താവ് താരാപ്രസാദ് അതൊന്നും ചെവിക്കൊണ്ടില്ല. കാരണം അയാൾ വലിയൊരു പിതൃഭക്തനായിരുന്നു. അച്ഛന്റെ വിശ്വാസങ്ങളെയും പ്രവർത്തികളെയും താരാപ്രസാദ് വേദം പോലെ ബഹുമാനിച്ചിരുന്നു. ആ കാരണത്താൽ ഭാര്യയുടെ നേർക്ക് അയാൾ കയർത്തു. 'ഈവക കാര്യങ്ങളൊന്നും നീ ഈ വീട്ടിൽ പറയേണ്ട! ചിലപ്പോൾ, അതു കുട്ടനെത്തന്നെ അപകടത്തിലാക്കും. ദേവിയുടെ ഇച്ഛയെന്താ, അതു നടക്കട്ടെ!"

മൂത്തമരുമകളുടെ കരച്ചിൽ ദിവസവും കേട്ടുകൊണ്ടിരുന്ന കാരണം കാളികിങ്കരൻ ഒരു ദിവസം ദേവിയുടെ മുന്നിൽ ഇരുന്നു ചോദിച്ചു. 'അമ്മേ! കുട്ട ന്റെ രോഗം കൂടിക്കൂടി വരുന്നു! ഒരു വൈദ്യനെ വിളിച്ചു പരിശോധിപ്പിച്ചാലോ?"

"വേണ്ട! അവന്റെ രോഗം ഞാൻ തന്നെ ശമിപ്പിച്ചു കൊള്ളാം!" ദയാമയി പറഞ്ഞു. കാളീകിങ്കരൻ ചിന്താകുലനായി! അതുപോലെ തന്നെ താരാപ്രസാദും. ഹരസുന്ദരി കുഞ്ഞിനെ നോക്കിക്കൊണ്ടു പറഞ്ഞു 'അവനു എന്തെങ്കിലും മരുന്നു കൊടുക്കൂ, ഇല്ലെങ്കിൽ കുട്ടൻ രക്ഷപ്പെടില്ല!"

'അങ്ങിനെയൊന്നും പറയാതെ മോളേ! ദേവിയുടെ അനുഗ്രഹം എപ്പോഴുമുള്ള ഈ വീട്ടിൽ, ഇത്ര സങ്കപ്പെടേണ്ട കാര്യമെന്താ?" എല്ലാവരും ഹരസുന്ദരിയെ ഉപദേശിച്ചാശ്വസിപ്പിച്ചു.

കുട്ടന്റെ രോഗം മൂർച്ഛിച്ചപ്പോൾ ദയാമയി നിർദ്ദേശിച്ചു." അവനെ എന്റെ മടിയിൽ കിടത്തൂ"!

കുട്ടനെ മടിയിൽ കിടത്തി ദയാമയി അന്ന് മുഴുവൻ ഇരുപ്പിൽ ഇരുന്നു. പകൽ സമയമാകുമ്പോഴേക്കും അസുഖത്തിനു അല്പമൊരു ആശ്വാസം തോന്നിയെങ്കിലും രാത്രിയായപ്പോഴേക്കും രോഗം വീണ്ടും കൂടുതലായി. ദയാമയി കുട്ടനെ പലതവണ മനസ്സുകൊണ്ടനുഗ്രഹിച്ചു. അവന്റെ ചുട്ടുപൊള്ളുന്ന ശരീരം മെല്ലെ മെല്ലെ തടവിക്കൊണ്ടിരുന്നു. ഇത്രയൊക്കെയായിട്ടും ആ കുഞ്ഞ് രക്ഷപ്പെട്ടില്ല!

താരാപ്രസാദ് ഭയവിഹ്വലനായി സംഭ്രാന്തിയോടെ പുലമ്പി. 'എടീ, പിശാചേ! നീ എന്റെ കുട്ടനെ കൂടെയെടുത്തുകൊണ്ടു പോയല്ലോ! ഒരിക്കലും ഞങ്ങൾക്കു വിട്ടുതരാതെ..."

കുട്ടന്റെ മരണത്തിന്റെ, പെട്ടെന്നനുഭവപ്പെട്ട ദുഃഖഭാരം കാരണം, ഹരസുന്ദരി സംസാരശേഷിയറ്റ് സ്തബ്ധയായി ഇരുന്നു. മനസ്സിന്റെ പിരമുറുക്കം അല്പമൊന്ന് അയഞ്ഞപ്പോൾ അവൾ വായിൽ വന്നതെല്ലാം ഉച്ചത്തിൽ വിളിച്ചുപറഞ്ഞുതുടങ്ങി. "ഇവൾ, ഏതു ദേവി! പിശാചാണ് ഇവൾ! പിശാച്! അതുകൊണ്ടാണ് ഇവൾ എന്റെ കുഞ്ഞിനെകൊന്നത്!..."

ഇത്രയൊക്കെയായിട്ടും കാളീകിങ്കരൻ ദയാമയിയുടെ മുന്നിലിരുന്നു യാചിച്ചു 'അമ്മേ! ദേവി! കുട്ടന്റെ ജീവൻ തിരികെ തരണേ! അവന്റെ ശരീരം ഇപ്പോഴും ബാക്കി നില്പുണ്ടല്ലോ!'

ദയാമയി കരയാനാരംഭിച്ചു. മനസ്സിന്റെ ഉള്ളറയിൽ നിന്ന് കുട്ടന്റെ പ്രാണനുവേണ്ടി അവൾ യമരാജനോട് കേണപേക്ഷിയ്ക്കയായിരുന്നു. ആ ഒരു സന്ദർഭത്തിൽ

സ്വന്തം ദൈവത്വത്തിൽ അവൾക്കു വിശ്വാസം നഷ്ടപ്പെട്ടു! അന്ന് പതിവുള്ള ദേവീപൂജയുണ്ടായില്ല! അവളുടെ ദർശനത്തിനായി ആരും വന്നെത്തിയതുമില്ല. ദയാമയി തനിച്ച് ചിന്താധീനയായി മുറിയിലിരുന്നു. ദീപാരാധനയൊന്നുമില്ലാതെ അന്നു സന്ധ്യയവസാനിച്ചു.

പിറ്റെന്നു രാവിലെ, കാളികിങ്കരൻ പതിവുപോലെ പൂജാമുറിയിൽ ചെന്നപ്പോൾ ഇടിവെട്ടേറ്റപോലെ അയാൾ സ്തംഭിച്ചുപോയി! മുറിയുടെ മേൽത്തട്ടിൽ സാരികെട്ടി, അയാളുടെ ദേവി ആത്മഹത്യ ചെയ്തുകഴിഞ്ഞിരുന്നു.

*അവസാനിച്ചു*

## ഡോ. എം. കൃഷ്ണൻ നമ്പൂതിരിക്ക് ഡോ. കെ.എൻ. എഴുത്തച്ഛൻ പുരസ്ക്കാരം



തൃശൂർ: ഡോ. കെ. എൻ. എഴുത്തച്ഛൻ സ്മാരക സമിതി ഏർപ്പെടുത്തിയ ഡോ. കെ. എൻ. എഴുത്തച്ഛൻ പുരസ്കാരത്തിന് ഡോ. എം. കൃഷ്ണൻ നമ്പൂതിരിയുടെ 'നോവൽ: കലയും ദർശനവും' എന്ന വിമർശനഗ്രന്ഥം തിരഞ്ഞെടുത്തു.

10001 രൂപയും പ്രശസ്തിപത്രവും ശില്പവും അടങ്ങുന്നതാണ് പുരസ്കാരം. കൊല്ലം ജില്ലയിലെ തേവന്നൂർ സ്വദേശിയായ ഡോ. എം. കൃഷ്ണൻ നമ്പൂതിരി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ തൃശൂർ പ്രാദേശികകേന്ദ്രം ഡയറക്ടറാണ്. ഭാര്യ ഡോ. ആർ. ശ്രീലതാവർമ്മ ഈ കേന്ദ്രത്തിലെ അദ്ധ്യാപികയാണ്

# അന്ത്യാഭിലാഷം

**ഗായത്രീവർമ്മ, എഴുമറ്റൂർ പാലസ്**

ഏറെ നാളായിട്ടാമുറിയിൽ
മങ്ങിയ വെട്ടം കൊടുംതണുപ്പും
കൂട്ടായിട്ടമ്മൂമ്മയ്ക്കെന്നുമുണ്ട്
നീരവതയുമേകാന്തതയും

വെട്ടം വെളിച്ചവുമന്യമായി
ശബ്ദങ്ങളൊക്കെയൊളിച്ചുപോയി
കമ്പിളിപോലും തണുത്തതായി
രാവും പകലുമലിഞ്ഞുപോയി

സ്വാദുകളൊക്കെയകന്നുമാറി
നാവിന്നവയൊക്കെയന്യമായി
ആഹാരനീഹാര ശ്രദ്ധ മാറി
അമ്മൂമ്മയൊക്കെ മറന്നുപോയി

സ്പർശന ശേഷികൊണ്ടാളറിയും
എത്തിയതാരെന്നറിഞ്ഞുകൂടാ
എത്താത്തയാളിനെ കാത്തിരുന്നു
കാലങ്ങളെത്ര കടന്നുപോയി

പെട്ടെന്നൊരുദിനം ഞെട്ടിയുണർന്നാ
ചേതനമെല്ലെ തെളിഞ്ഞു വന്നു
മക്കളെച്ചൊല്ലി വിളിച്ചു നീളെ
മായയാൽ മോഹമുണർന്നതാവാം

ആരോ നടന്നരികിലെത്തി
മെല്ലെയാരാഞ്ഞു മൃദുസ്വനം
'അമ്മിണിയാണു ഞാനമ്മൂമ്മേടെ
അമ്മൂമ്മയെന്നെ തിരിച്ചറിഞ്ഞോ"

കൂട്ടത്തിലാരോ ചൊല്ലിമെല്ലെ
"അണയുന്ന ദീപമാണാളിക്കത്തും
നാരായണനെ നിനച്ചുകൊണ്ടാ-
തീർത്ഥമൊരുതുള്ളി നൽകിയേക്കൂ"

കണ്ണു തുറന്നൊന്നു പുഞ്ചിരിച്ചു
ദന്തവിഹീനയമ്മൂമ്മയോതീ
"മരണമെനിയ്ക്കായില്ല കുട്ടാ-
പുണ്യമനവധി ചെയ്തിട്ടുണ്ട്.

കാണണം കുട്ടന്റെ കല്യാണവും
കാണണം കുട്ടന്റെ കൊച്ചുമോനേം"
ഓർത്തുപോയി ഞാനാ കവിവാക്യം
അന്ത്യാഭിലാഷമൊന്നുപോലെല്ലാർക്കും
"വിളിക്കേണ്ട വിളിയ്ക്കേണ്ട
വിണ്ണിലേയ്ക്കില്ല ഞാൻ" ❐

# ടിന്റുമോൻ ഫലിതങ്ങൾ

(സമ്പാ: വത്സലാ രവിവർമ്മ)

യാത്രക്കാരൻ – ശബരിമലയ്ക്ക് എത്ര മൈലുണ്ടെന്നറിയാമോ?

ടിന്റുമോൻ– ശബരിമലയ്ക്ക് മയിലുള്ളതായി അറിയില്ല. പുലികളുണ്ടെന്ന് കേട്ടിട്ടുണ്ട്.

❖ ❖ ❖

ടീച്ചർ– ടിന്റുമോന് ആരാകാനാ ആഗ്രഹം ?

ടിന്റുമോൻ – എനിക്ക് അച്ഛനെപ്പോലെ പൈലറ്റാകാനാണ് ആഗ്രഹം

ടീച്ചർ– ഓ! ടിന്റുമോന്റെ അച്ഛൻ പൈലറ്റാണോ?

ടിന്റുമോൻ–അല്ല, അച്ഛനും പൈലറ്റാകാനായിരുന്നു ആഗ്രഹം?

❖ ❖ ❖

ടീച്ചർ – മഞ്ജരി വൃത്തത്തിന്റെ ലക്ഷണം പറയൂ?

ടിന്റുമോൻ–മുഴുവൻ അറിയില്ല ടീച്ചർ

ടീച്ചർ–സാരമില്ല, അറിയാവുന്ന അത്രയും പറയൂ.......

ടിന്റുമോൻ– അതു മഞ്ജരിയായിടും.

❖ ❖ ❖

ടീച്ചർ–നമ്മുടെ രാജ്യത്ത് ഓരോ പത്തു സെക്കന്റിലും ഒരു സ്ത്രീ പ്രസവിക്കുന്നുണ്ട്. അതാണ് നമ്മുടെ ജനപ്പെരുപ്പത്തിന് കാരണം.

ടിന്റുമോൻ–ഹോ...ഭയങ്കരം.... ആ സ്ത്രീയെ എത്രയും വേഗം കണ്ടെത്തി അതിൽനിന്നും പിന്തിരിപ്പിക്കണം.

❖ ❖ ❖

വാർത്ത– ചന്ദ്രനില് വെള്ളം കണ്ടെത്തി

ടിന്റുമോൻ– വെള്ളത്തില് ഞാൻ പണ്ടേ ചന്ദ്രനെ കണ്ടെത്തിയതാ, ആരോടും പറഞ്ഞില്ലന്നേയുള്ളൂ

❖ ❖ ❖

ബസില് ടിന്റുമോനിരിക്കുന്ന സീറ്റിനരികിലെത്തിയ ഒരാള്– ഇതെന്റെ സീറ്റാണ്, ഞാനിവിടെ ഒരു ടവ്വല് ഇട്ടിരുന്നു

ടിന്റുമോൻ–അപ്പോ ഒരു ടബിള് മുണ്ട് മടക്കി ഇതിന്റെ മുകളിലായിട്ടാൽ ഈ ബസ് എന്റെയാകുമോ?

❖ ❖ ❖

ടിന്റുമോൻ ക്ഷേത്രത്തിലെ ഉത്സവത്തിലേയ്ക്ക് കഥകളി ബുക്ക് ചെയ്യാൻ പോയി.

ടിന്റുമോൻ–കഥകളി റേറ്റ് എത്രയാ?

കഥകളിക്കാരൻ – കഥ ദുര്യോധന വധം കളിക്കണ റേറ്റ് ഇരുപത്തയ്യായിരം രൂപാ

ടിന്റുമോൻ–പതിനായിരം രൂപ തരും, വധിക്കണ്ട..ഒന്നു വിരട്ടി വിട്ടാൽ മതി

❖ ❖ ❖

ടീച്ചർ– ഭാവിയിൽ ആരാകാനാണ് നിങ്ങളാഗ്രഹിക്കുന്നത്?

ടുട്ടുമോൻ–എനിക്ക് ഡോക്ടറാകണം

ചിഞ്ചുമോൾ – എനിക്ക് ഒരമ്മയാകണം

ടിന്റുമോൻ–എനിക്ക് ചിഞ്ചുമോളെ സഹായിച്ചാൽ മതി.

❖ ❖ ❖

ഭാര്യയുമായി പിണങ്ങിയ ടിന്റുമോൻ ഓഫീസിൽ ചെന്നിട്ടു ഫോൺ വിളിച്ചു–അത്താഴത്തിനെന്താ?

ഭാര്യ – വിഷം

ടിന്റുമോൻ– ഞാൻ ലേറ്റാവും, നീ കഴിച്ചിട്ടു കിടന്നോ!!

❖ ❖ ❖

ഗർഭിണിയായ സ്ത്രീക്ക് ചോര കൊടുത്ത ടിന്റുമോൻ പ്രസവശേഷം കുഞ്ഞുമായി നില്ക്കുന്ന സ്ത്രീയുടെ ഭർത്താവിനോട്–

നന്നായി നോക്കണം കേട്ടോ.. എന്റെ ചോരയാ!!

❖ ❖ ❖

പഠനത്തിൽ മോശമായ ടിന്റുമോനെ ഉപദേശിക്കാനെത്തിയ വികാരിയച്ചൻ–എല്ലാ മക്കളും അച്ഛൻമാരെപ്പോലെ പഠിച്ച് മിടുക്കന്മാരാകണം. നമ്മുടെ എസ്ജെ ജോർജ്ജിന്റെ അച്ഛൻ മുമ്പ് ഇവിടെ എസ്ഐ ആയിരുന്നു. അതുപോലെ ഡോക്ടർ ശിവദാസിന്റെ മകനാണ് ഇപ്പോൾ ആശുപത്രിയിൽ ഡോക്ടറായിരിക്കുന്നത്. ടിന്റുമോനും നന്നായി പഠിച്ചാൽ അച്ഛന്റെ കസേരയിലിരിക്കാം.

ടിന്റുമോൻ– അപ്പോൾ അച്ഛന്റെ മകനാണോ ഈ പള്ളിയിലെ അടുത്ത വികാരി?

❖ ❖ ❖

അച്ഛൻ–നിന്റെ പ്രോഗ്രസ് റിപ്പോർട്ട് എവിടെടാ?

ടിന്റുമോൻ–അതു ഞാൻ രാമുവിന് കൊടുത്തു

അച്ഛൻ–എന്തിന്?

ടിന്റുമോൻ– അവന് അവന്റെ അച്ഛനെ ഒന്നു പേടിപ്പിക്കാനാ!

❖ ❖ ❖

ഫാഷൻ ടിവി കണ്ടുകൊണ്ടിരുന്നപ്പോളാണ് കയറി വന്ന ടിന്റുമോനോട് അച്ഛൻ–പാവപ്പെട്ട കുട്ടികളാ, ഡ്രസ്സ് വാങ്ങാൻ പോലുംകാശില്ലാത്തവരാ...

ടിന്റുമോൻ– ഇതിലും പാവപ്പെട്ടവർ വരുമ്പോൾ വിളിക്കണേ അച്ഛാ!!!

❖ ❖ ❖

ടീച്ചർ–ഭാര്യയുടെ ഓർമ്മയ്ക്കായി ഷാജഹാൻ താജ്മഹല് പണിതു.

ടിന്റുമോൻ–അയാള് അത്ര വലിയ മറവിക്കാരനായിരുന്നോ?

❖ ❖ ❖

ശേഷം 23–ൽ



# സ്നേഹം

## ഹൈമവതി വർമ്മ

'Love is God' മദർതെരെസ്സയുടെ ധ്യാനകേന്ദ്രത്തിനു മുന്നിലുള്ള ഈ മൂന്നു വാക്കുകൾ കൽക്കട്ടയിലെ എന്റെ സ്കൂൾ ജീവിതത്തിലെ യാത്രയുടെ നിത്യകാഴ്ചയായിരുന്നു. ബന്ധങ്ങളും വാത്സല്യവും വിശ്വാസവും എല്ലാം സ്നേഹമെന്ന മഴവിൽക്കാവടിയിലെ വിവിധ ചായക്കൂട്ടുകൾ പൂശിയ മയിൽപീലികൾ മാത്രം.

സ്നേഹത്തിന്റെ നിറകുടമായിരുന്നു എന്റെ കൂട്ടുകാരി. പതിനാറു വർഷത്തെ സഹപ്രവർത്തക. അനുപമ ചൗധരി. പകയും വിദ്വേഷവും അജ്ഞതയും കൊണ്ട് പലപ്പോഴും തെറ്റിലേക്ക് വഴുതിയ കുട്ടികളെ നേർവഴിക്ക് നയിച്ച മാലാഖ. എല്ലാവർക്കും പ്രിയങ്കരിയായ 'അനുമാഡം'.

ജനിച്ചത് ബംഗ്ലാദേശിലെ ഡാക്കയിൽ. വളർന്നതും പഠിച്ചതും കൽക്കട്ടയിൽ. കോടീശ്വരനായ ചൗധരിസാഹിബിന്റെ കപ്പലിലെ ജോലിക്കാരനായിരുന്നു അച്ഛൻ. പഠിക്കാൻ മിടുമിടുക്കിയായ അനുപമയെ കൽക്കട്ടയിലെ ഏറ്റവും പേരുകേട്ട യൂറോപ്യൻ സ്ക്കൂളിൽ ചേർത്തതും സാഹിബ് തന്നെ. തുടർന്ന് ഉപരിപഠനം. ഷേക്സ്പിയറും ടെന്നിസനും ചാൾസ് ഡിക്കനും ഒക്കെ പഠിച്ച്, ഇംഗ്ലീഷ് സാഹിത്യത്തിന്റെ അഴകും ആഴവും ആസ്വദിച്ചും അനുഭവിച്ചും അവൾ പടവുകൾ കയറി. ഒപ്പം ബംഗാളിസാഹിത്യവും. ടാഗോറിന്റെ ഗീതാഞ്ജലിയും ബങ്കിം ചന്ദ്രചതോപാധ്യയുടെ 'ആനന്ദമഠ്' ലെ ദേശഭക്തി ഗാനങ്ങളും മനപാഠം. ഈ അറിവിന്റെ സാഗരത്തിൽ മുങ്ങിയും പൊങ്ങിയും ഞങ്ങൾ ചിലവഴിച്ച അവധിദിവസങ്ങൾ എത്രയെത്ര! ജീവിതത്തിന്റെ സ്പന്ദനം കണക്കിന്റെ അച്ചുതണ്ടിലാണെന്ന് വിശ്വസിച്ചിരുന്ന എന്നെ വിശ്വസാഹിത്യത്തിന്റെ വിസ്മയലോകത്തിലേക്ക് കൈപിടിച്ചു കൊണ്ടുപോയത് ഈ കൂടികാഴ്ചകളാണ്.

അനുപമയ്ക്ക് ഇരുപത്തൊന്നു വയസ്സുള്ളപ്പോഴാണ് അവൾ ചൗധരി കുടുംബത്തിലെ 'ബൗമാ' അഥവാ മേംസാഹിബ്' ആയത്. മരിച്ചുപോയ ഗിരിധർ ചൗധരിയുടെ ഇളയമകൻ ദീപാങ്കറിന്റെ പത്നിയായിട്ട്. അപ്പോഴേക്കും അവൾ എന്റെ സ്കൂളിലെ ഇംഗ്ലീഷ് ടീച്ചറായി ജോലിക്ക് ചേർന്നിരുന്നു.

ഞങ്ങൾ സഹപ്രവർത്തകർ പലപ്പോഴും അനുവിന്റെ വീട്ടിൽ പോയിട്ടുണ്ട്. 'ചൗധരിമാൻഷൻസ്' ഒരു രാജകീയ സൗധം. പൂർവികന്മാർ കപ്പലിൽ കൊണ്ടുവന്ന വിലപിടിച്ച പട്ടിന്റെ പരവതാനികൾ. മിന്നിത്തിളങ്ങുന്ന ശരറാന്തലുകൾ തൂക്കിയ വിശാലമായ ആരാധന ഹാൾ. ബദാമും അണ്ടിപ്പരിപ്പും ഈന്തപ്പഴവും നിറച്ച വലിയ വലിയ സ്ഫടികഭരണികൾ. പക്ഷേ അനുപമ ഈ സമ്പൽസമൃദ്ധിയുടെ ആഡംബരത്തിൽ നിന്നും എത്രയോ ഉയരത്തിലായിരുന്നു! ദൈവചൈതന്യവും മനുഷ്യസ്നേഹവും ഉൾക്കൊണ്ടവൾ. സ്ത്രീസൗന്ദര്യത്തിന്റെ ശാലീനത, മാതൃത്വത്തിന്റെ മാധുര്യം. ഇവയുടെ പ്രതിബിംബം. പഴയ ഒരു മോറിസ് മൈനർ കാറിലാണ് സ്കൂളിലേക്കുള്ള വരവ് – വെള്ളസാരിയാണ് എപ്പോഴും വേഷം. ഒരിക്കൽമാത്രം ഇതിനു മാറ്റം–ഞങ്ങൾ ഒരുമിച്ച് ഒരുപോലെ വാങ്ങിയ സാരി. ചുമപ്പും നീലയും പൂക്കൾ നിറഞ്ഞ വർണ്ണപ്പകിട്ടുള്ള സാരി. പിറ്റെ ദിവസം ഞങ്ങൾ രണ്ടുപേരും അതുടുത്ത് സ്കൂളിൽ ചെന്നപ്പോൾ എല്ലാവർക്കും തമാശ. ടീച്ചേഴ്സും കുട്ടികളും എന്തിന് പ്രിൻസിപ്പാൾ വരെ ഞങ്ങളെ കളിയാക്കി.

എന്റെയും അനുപമയുടേയും സൗഹൃദ ജീവിതത്തിലെ പല അനുഭവങ്ങളും ഓർക്കുന്നു. ഒരു ചെറിയ സംഭവം. ഒരിക്കൽ ആറാം സ്റ്റാൻഡേഡിലെ ഒരു സെക്ഷനിൽ എനിക്ക് Supervision–ന് പോകേണ്ടി വന്നു. ഞാൻ പഠിപ്പിക്കുന്ന ക്ലാസ്സല്ല. കുട്ടികളോട് നിശ്ശബ്ദരായി പഠിക്കാൻ പറഞ്ഞിട്ട്, കതക് ചാരി, ഞാൻ വരാന്തയിലിരുന്ന് ചോദ്യപേപ്പർ തയ്യാറാക്കുകയാണ്. പെട്ടെന്ന് അകത്ത് വലിയ ബഹളം. ഞാൻ കതക് തുറന്നുനോക്കി. ഒരു കുട്ടി ഡെസ്ക് തോറും ചാടിച്ചാടി ഡാൻസു ചെയ്യുകയാണ്. ബോർഡിൽ എഴുതിയിട്ടുണ്ട്. എനിക്ക് വല്ലാത്ത ദേഷ്യം വന്നു. കുട്ടിയെ താഴെ ഇറക്കി മേശപ്പുറത്തു കിടന്ന സ്കെയിൽ എടുത്ത് ഞാൻ രണ്ടുമൂന്ന് അടികൊടുത്തു. എല്ലാവരും പേടിച്ച് നിശ്ശബ്ദരായി.

ക്ലാസ് കഴിഞ്ഞുപോരുമ്പോൾ എന്റെ മനസ്സ് ഉലഞ്ഞു. ഞാൻ അനുപമയോട് വിവരം പറഞ്ഞു. 'ഇനി കാണുമ്പോൾ അവളോട് സ്നേഹത്തോടും വാത്സല്യത്തോടും കൂടി പെരുമാറിയാൽ മതി' അവൾ എന്നെ സമാധാനിപ്പിച്ചു. പ്രിൻസിപ്പാളിന്റെ അടുക്കൽ വിവരം എത്തിയാൽ ഉത്തരം പറ

യേണ്ട ഒരു തെറ്റാണ് ഞാൻ ചെയ്തത്.

ഭാഗ്യത്തിന് അന്നുതന്നെ ഞാൻ ആ കുട്ടിയെ കാണാൻ ഇടയായി. സ്കൂൾ കഴിഞ്ഞ് മിനിബസ്സിൽ വീട്ടിലേക്ക് മടങ്ങുമ്പോൾ ആ കുട്ടിയും ഒരു സ്ത്രീയും കൂടി അതേ ബസ്സിൽ കയറി. സീറ്റ് ഇല്ലാത്തതിനാൽ തിരക്കിൽ നിൽക്കുന്ന അവളെ ഞാൻ എന്റെ മടിയിൽ പിടിച്ചിരുത്തി. 'പേര്? ഞാൻ ചോദിച്ചു. 'മഞ്ജുള മാരാർ' മലയാളിയാണ്. കൂടെ ഉള്ളത് അമ്മയാണോ?' എന്റെ ചോദ്യം. 'അല്ല. ആയയാണ്. അമ്മ ഞങ്ങളെ വിട്ടു പോയി.' ഞാൻ ആ കുട്ടിയുടെ തുടയിൽ തലോടി. അടികൊണ്ട് തടിച്ച് നീരുകെട്ടിയതുപോലെ. പന്ത്രണ്ടു വയസ്സായ ഒരു കുട്ടിയുടെ കുസൃതി എന്നുമാത്രം ഞാൻ കരുതിയാൽ മതിയായിരുന്നു. അതിന് ഈ ശിക്ഷ കടുത്തുപോയി. ഞാൻ വീണ്ടും വാത്സല്യത്തോടെ അവളുടെ നെറുകയിൽ തലോടി. പെട്ടെന്ന് അവൾ എന്റെ കഴുത്തിൽ കെട്ടിപ്പിടിച്ച് കരഞ്ഞു.

അനുപമയിൽ നിന്നും ഞാനെല്ലാം അറിഞ്ഞു. മഞ്ജുളയും അച്ഛനും മാത്രം. ഉന്നത ഉദ്യോഗസ്ഥനായ അച്ഛന് തിരക്കിൽ മകളെ നോക്കാൻ എവിടെ സമയം? ആയയാണ് എല്ലാം. മോഡേൺ സോഷ്യൽ ലൈഫിന്റെ പ്രമാദത്തിൽ മയങ്ങി അമ്മ വേറെ ആരുടെയോ കൂടെ പോയി.

പിന്നെ ഞാൻ പലപ്പോഴും മഞ്ജുളയെ കണ്ടു. എന്റെ സ്നേഹം അവളിൽ വലിയ സ്വാധീനം ചെലുത്തി. വർഷങ്ങൾക്കുശേഷം ബാംഗ്ലൂരിൽ വച്ച് കാണുമ്പോൾ അവൾ പേരുകേട്ട ഒരു ജേർണലിസ്റ്റ് ആയിരുന്നു. 'സ്നേഹത്തിന്റെ സ്വപ്നക്കൂട്' എന്ന സമർപ്പണത്തിലൂടെ പ്രശസ്തി ആർജ്ജിച്ച അവളുടെ ലേഖനം എന്നെക്കുറിച്ചായിരുന്നു എന്ന് അവളുടെ അച്ഛൻ എനിക്കെഴുതി.

എല്ലാം ഞാൻ ഓർക്കുന്നു. ഡിസംബർ മാസത്തിലെ ഒരു പ്രഭാതം. മഞ്ഞിന്റെ തണുപ്പും ക്രിസ്തുമസ്സിന്റെ പരിശുദ്ധിയും നിറഞ്ഞ അന്തരീക്ഷം. രാവിലത്തെ ക്ലാസ്സുകഴിഞ്ഞ് ഞങ്ങൾ രണ്ടുപേരും ഗ്രൗണ്ടിലൂടെ നടക്കുകയാണ്. പെട്ടെന്ന് അനുപമ എന്റെ തോളിലേക്ക് ചെരിഞ്ഞു. ഞാൻ കൈകളിൽ താങ്ങി. എന്റെ പേര് രണ്ടുപ്രാവശ്യം വിളിച്ചു. അവസാനവാക്കുകൾ. ആരൊക്കെയോ എടുത്തുകൊണ്ടുപോയി. അപ്പോഴേക്കും എല്ലാം കഴിഞ്ഞിരുന്നു. അനുപമ അവസാനമായി കഴിച്ചതും ഞാൻ കൊണ്ടുവന്ന ഇഡ്ഡലി. സ്കൂൾ മുഴുവൻ ദുഃഖത്തിൽ ആണ്ട ദിവസം. ചെറിയ കുട്ടികൾ വാവിട്ടു കരഞ്ഞു. ശവസംസ്ക്കാരം കഴിഞ്ഞ് മടങ്ങുമ്പോൾ അനുപമയുടെ ഏകമകൻ സുശാന്ത് എന്റെ കരങ്ങൾ കൂട്ടിപ്പിടിച്ച് പറഞ്ഞു. ഈ കൈകളിലാണ് എന്റെ അമ്മ മരിച്ചത്. മാഡത്തിനെ ഞാൻ ഒരിക്കലും മറക്കില്ല" അവൻ ഇംഗ്ലണ്ടിലേക്ക് മടങ്ങിപ്പോയി.

വളരെ നാളത്തേക്ക് എനിക്ക് ആ ആഘാതം മറക്കാനായില്ല. ഒരു ദുഃസ്വപ്നം. ആ ക്രിസ്തുമസ്സിന് അവൾ എനിക്ക് സമ്മാനിക്കാനിരുന്ന പണിതീരാത്ത ഉറുമാൽ – വർണ്ണപ്പകിട്ടുള്ള സാരി– മതിവരാത്ത കൂടിക്കാഴ്ചകൾ. അങ്ങിനെ കുറെ നല്ല ഓർമ്മകൾ ഈ വിശ്രമ ജീവിതത്തിലും പിന്നെ എല്ലാ ക്രിസ്തുമസ്സിനും പുതുവത്സരത്തിനും സുശാന്ത് അയക്കുന്ന സ്നേഹം നിറഞ്ഞ കാർഡുകളും. ●

# എന്റെ കേരളം

**ശ്യാമളാവർമ്മ, കവടിയാർ**

മലയാളമേ എൻ മലയാളമേ
മരതകമണിയുന്ന മാമക-
ജന്മത്തിൻ മായാസൗന്ദര്യമേ
പച്ചപുതച്ചൊരു സഹ്യനും
സ്വച്ഛമായൊഴുകും പുഴകളും
തുഞ്ചന്റെ പൈങ്കിളിപ്പാട്ടുകളും
കുഞ്ചന്റെ തുള്ളലിൻ നാട്യവും
ശങ്കരൻ തന്നുടെ അദ്വൈതവും
ശങ്കരാഭരണത്തിൻ സംഗീതവും
ഉള്ളൂരിൻ ഉജ്ജ്വലശബ്ദാഢ്യതയും
വള്ളത്തോളിൻ നാദസൗന്ദര്യവും
സാക്ഷാൽ ശ്രീപത്മനാഭദാസനാം
സ്വാതിതിരുനാളിൻ നാദപ്രപഞ്ച-
ത്താലാമോദം പൂണ്ടൊരു-
നാടാണെൻ കേരളം.





# ഗുരുവായൂർ സത്യാഗ്രഹം

**വൃന്ദാദേവി തമ്പുരാൻ**

ജനനം കൊണ്ടുമാത്രം ഒരാൾ 'പതിത'നാവുക; തൊട്ടുകൂടാത്തനാവുക, അവനെ കണ്ടാൽ വഴിമാറിപോവുക, അവനെ അധഃകൃതനെന്നു വിളിക്കുക; ഈ വക അനാചാരങ്ങൾ നിലവിലുണ്ടായിരുന്നു; അല്ലെങ്കിൽ കുറേയൊക്കെ ഇപ്പോഴും നിലവിലുണ്ട്. ഹിന്ദുമതത്തിന്റെ തീരാശാപമാണ് അത്. ഗാന്ധിജി ഈ 'അയിത്തം' ഇല്ലാതാക്കാൻ വളരെയധികം പരിശ്രമിച്ചു. 'ഹരിജനങ്ങൾ' എന്നാണ് ഗാന്ധിജി അവരെ വിളിച്ചിരുന്നത്.

എനിക്കു ഓർമ്മവയ്ക്കുമ്പോൾ തൃപ്പൂണിത്തുറയിൽ ഏറ്റവും അധികം ഉപയോഗിച്ചിരുന്ന വാക്കാണ് 'അയിത്തം'. അന്ന് ഹരിജനങ്ങൾക്ക് കോട്ടയ്ക്കകത്ത് പ്രവേശനമില്ല. അമ്മ തമ്പുരാക്കന്മാർ വഴിയിൽക്കൂടി നടക്കുമ്പോൾ മാറി നില്ക്കു മാറിനില്ക്കു' എന്ന് പറഞ്ഞുകൊണ്ട് ഒരു ശിഷ്യത്തി മുമ്പിൽ നടക്കും. രാത്രിയാണെങ്കിൽ ശിഷ്യത്തിയുടെ കയ്യിൽ ഒരു ചങ്ങലവട്ട വിളക്കും കാണും.

പിന്നീട് ഒരു ദിവസം അമ്മമാർ അലമുറയിട്ട് കരഞ്ഞുകൊണ്ട് അമ്പലത്തിൽ നിന്ന് തെക്കേ ഗോപുരം കടന്ന് അമ്മ തമ്പുരാൻ കോവിലകത്തു ചെന്ന്, വടക്കിനിയിൽ നമസ്ക്കരിച്ചുകിടന്ന് വാവിട്ടു കരഞ്ഞുതുടങ്ങി. കാര്യമെന്താണെന്ന് മനസ്സിലാക്കാനുള്ള പ്രായമൊന്നും എനിക്കില്ലായിരുന്നു. അമ്മമാരുടെ ദുഃഖത്തിനു കാരണം ഒരു 'ക്ഷേത്രപ്രവേശനം' ആണെന്നും, അതിനു കാരണക്കാർ ആരായാലും ചീത്ത ആളുകളാണെന്നും മാത്രമേ ധരിച്ചുള്ളു.

ഈ 'ക്ഷേത്രപ്രവേശനം' എന്നുള്ളത് നേടിയെടുത്തത് പല മഹാന്മാരുടേയും അതികഠിനമായ അഹിംസാപരമായ ധർമ്മയുദ്ധത്തിന്റെ ഫലമായിട്ടാണ് എന്ന് പിന്നീട് മനസ്സിലായി. കേരളത്തിൽ 'വൈക്കം സത്യാഗ്രഹം' 'ഗുരുവായൂർ സത്യാഗ്രഹം' മുതലായവയ്ക്ക് നേതൃത്വം വഹിച്ചത് 'കേളപ്പജി'യായിരുന്നു.

ഗുരുവായൂർ സത്യാഗ്രഹത്തിന് കേളപ്പജിയുടെ നേതൃത്വത്തിൽ കുറേയാളുകൾ തിരുനാവായിൽ നിന്ന് കാൽനടയായി ഗുരുവായൂരെത്തി. നട തുറന്നിരിക്കുമ്പോഴെല്ലാം അവർ ഗോപുരത്തിനു പുറത്ത് നാമം ജപിച്ചുകൊണ്ട് എഴുന്നേറ്റ് നില്ക്കും. നട തുറന്നാൽ ഉച്ച പൂജ കഴിഞ്ഞ് നട അടയ്ക്കും വരെ, ജലപാനമില്ലാതെ നാമജപം. വൈകുന്നേരം നട തുറന്ന് അത്താഴപൂജ കഴിഞ്ഞ് നടയടയ്ക്കും വരെ നിന്നുകൊണ്ട് നാമം ജപിക്കും; ഗോപുരത്തിനു പുറത്ത് അന്ന് കേളപ്പജി രചിച്ച് പാടിയിരുന്ന ഒരു പ്രാർത്ഥനാഗാനം താഴെക്കൊടുക്കുന്നു.

*കാരുണ്യവാരിധേ വര-*
*ദായകാ വിശ്വലോകേശ*
*കാലിണ പണിയും ഞങ്ങൾക്കാ*
*ലംബം മറ്റാരു നാഥാ?*

*എത്ര വഴി ദൂരെനിന്നും*
*കാൽനടയായ് അടിയങ്ങൾ*
*ഏറിടും ഭക്തികൊണ്ടല്ലേ*
*വന്നിവിടെ നിന്നീടുന്നു.*

*ഭക്തരിൽ പ്രേമമില്ലാതെ*
*ഭാസുരാംഗാ വാണീടുകിൽ*
*ഭക്തവത്സലനെന്നങ്ങെ*
*ചൊല്ലിടാമോ യാദവേശ?*
*എത്രനാളീവിധം നിന്നു*
*ഘോരതപം പൂണ്ടിടേണ്ടു?*
*ഭക്തവത്സലാമുകുന്ദാ*
*പാഹിപാഹി ജനാർദ്ദന!*

ഭക്തിനിർഭരമായ ഈ പ്രാർത്ഥന ഗുരുവായൂരപ്പൻ ചെവിക്കൊണ്ടു. എല്ലാ ഭക്തജനങ്ങൾക്കും അമ്പലത്തിനകത്ത് പ്രവേശിക്കുവാനുള്ള അവകാശം അനുവദിച്ചു.

വാദം × പ്രതിവാദം

# നെല്ലിപ്പടിയിലെത്തിയ ക്ഷമ

കെ. കുഞ്ചുണ്ണിതമ്പുരാൻ, കൊരട്ടി

ക്ഷാത്രസന്ദേശത്തിൽ 'ശക്താനാം ഭൂഷണം ക്ഷമ' എന്ന ലേഖനം എഴുതി കണ്ടതിൽ സന്തോഷമുണ്ട്; എന്തെന്നാൽ ക്ഷത്രിയൻ ക്ഷമിച്ച് നെല്ലിപ്പടി കണ്ടിട്ടും തൃപ്തി വരാത്തതുകൊണ്ടാണ് ഇപ്രകാരം എഴുതിയതെന്നും സംശയിക്കുന്നു.

പുരാണങ്ങളിലെ ചില വിവരണങ്ങൾ ആർക്കുവേണ്ടി എന്തുദ്ദേശത്തിലാണ് എഴുതിയെന്നും സംശയിക്കുന്നു. ക്ഷിപ്രകോപിയായ പരശുരാമൻ മാർഗ്ഗമദ്ധ്യേ കണ്ടെത്തിയ ദശരഥ മഹാരാജാവിനോടും, സീതാസമേതനായ രാമലക്ഷ്മണന്മാരോടും എന്തു നീതിയാണ് കാണിച്ചത്? പിതാവ് കാൽപിടിച്ചപേക്ഷിച്ചിട്ടും കൂട്ടാക്കാതെ നിന്ന പരശുരാമന്റെ വില്ല് ശ്രീരാമൻ കുലച്ചില്ലെ? അപ്പോൾ ക്ഷമയ്ക്കുമുണ്ടൊരതിര്.

പിതാവ് ബോധരഹിതനായി കിടക്കുമ്പോൾ രാജ്യഭാരം ഭരതനെ ഏല്പിക്കാതെ എന്തിനു വനത്തിൽ പോയി? രാവണസഹോദരിയുടെ മൂക്കുംമുലയും ഛേദിച്ചത് എത്ര ക്ഷമാശീലത്തോടെയാണ്. ബുദ്ധിമാനായ രാവണൻ പകരം ചോദിച്ചത് സീതയെ ലങ്കയിലേക്ക് പുഷ്കവിമാനത്തിൽ കയറ്റിയല്ലെ? സീതയെ സ്പർശിച്ചതുപോലുമില്ല.

സത്യവാദിയായ ശ്രീരാമൻ എന്തിന് ബാലിയെ ചതിച്ചുകൊന്നു? തൻ കാര്യം വേണമെന്ന ദുരുദ്ദേശം മാത്രമല്ലെ കാരണം.

ക്ഷമാശീലനായ ശ്രീരാമൻ ഗർഭിണിയായ ഭാര്യയെ വനത്തിലേക്കയച്ചതിന് എന്തു യുക്തിയാണുള്ളത്. തന്റെ ഉദരത്തിൽ രണ്ടു കുട്ടികളേയും വഹിച്ചല്ലെ പോയത്. സ്വജീവിതത്തിൽ സുഖം എന്തെന്ന് ആ സ്ത്രീരത്നം അറിഞ്ഞിട്ടുണ്ടൊ. സർവ്വം സഹിച്ച് ഭൂമിയിലേക്കു തന്നെ പോയി എന്നല്ലെ പുരാണം പറയുന്നത്.

മഹാഭാരതയുദ്ധത്തിന് എന്താണ് കാരണം? ആരാണതിന് ഉത്തരവാദി? വേണമെങ്കിൽ ബന്ധുക്കൾ തമ്മിലുള്ള വൈരം ശ്രീകൃഷ്ണനു തീർക്കാമായിരുന്നു. പലവിധ കഷ്ടപ്പാടുകളും ഏല്ക്കേണ്ടിവന്ന ഭീമൻ നൂറുമക്കളേയും ഒറ്റയ്ക്കു കൊന്നത് എന്തു ക്ഷമാശീലം കൊണ്ടാണ്. ധൃതരാഷ്ട്രർ എല്ലാം സഹിച്ച് അന്ധനായി കഴിഞ്ഞെങ്കിലും ഇരുമ്പു ഭീമനെഞെരിച്ചു പൊടിച്ചത് ക്ഷമാശീലം കൊണ്ടാണൊ?

ദൂതിനു പോയ ശ്രീകൃഷ്ണനെ സ്വന്തം കേശം അഴിച്ചു കാണിച്ച് ഭീമപ്രതിജ്ഞ ഓർമ്മപ്പെടുത്തിയതെന്തിനാണ്. പാഞ്ചാലിയുടെ ചിരിയല്ലെ ദുര്യോധനന് വൈരാഗ്യം കൂടുവാൻ കാരണം. ദുശ്ശാസനനെ കൊന്ന് കുടൽമാല ചൂടി രക്തം പുരണ്ട കൈകൾ കൊണ്ടല്ലെ പാഞ്ചാലിയുടെ അഴിഞ്ഞുകിടന്ന കേശം കെട്ടിക്കൊടുത്തത്.

തന്റെ പിതാവിനെ കൊന്നതിന് ദ്രോണപുത്രൻ പകരം വീട്ടിയത് അയുക്തമാണൊ.

സ്വന്തം ഭാര്യയിൽ സംശയം തോന്നിയ ജമദഗ്നി മഹർഷി മകനെക്കൊണ്ട് തല വെട്ടിച്ചില്ലെ.

അഷ്ടസിദ്ധികളും നേടിയ മഹർഷിമാരുടെ സ്ഥിതി ഇതാണെങ്കിൽ സാധാരണക്കാരായ മനുഷ്യരുടെ കാര്യം പറയണമെന്നില്ല. മനുഷ്യനാണൊ, അവന്റെ മനസ്സിൽ അഷ്ടദോഷങ്ങളും സ്ഥിതിചെയ്യുന്നുണ്ട്.

ദുഷ്യന്തനാൽ ഉപേക്ഷിക്കപ്പെട്ട് തീവ്രദുഃഖത്തിൽ വാണ ശകുന്തളയെ കണ്ടപ്പോൾ വിശ്വാമിത്രൻ ശാന്തനായൊ? ഇല്ല. 'ഇക്കരമൊന്നാൽ പോരും" ആരേയും നരകത്തിലേക്കയക്കാനും സ്വർഗ്ഗത്തിലേക്കയക്കാനും എന്നല്ലെ പറഞ്ഞത്. അപ്പോൾ ക്ഷമ എവിടെ? ആർക്ക്. കേവലം ദുർബ്ബലന്."

"ഈറ്റുപാമ്പു കടിപ്പാനായ് ചീറ്റി
വന്നടുക്കുമ്പോൾ
ഏറ്റുനിന്നും നല്ല വാക്കു പറ ഞ്ഞാൽ
പറ്റുകില്ലേതും"

അപ്പോൾ ഒരു കാര്യം നമ്മൾ
ഓർക്കണം, ശഠനോടു ശാഠ്യം,
കണ്ടം തടിക്കു മുണ്ടൻ തടി,
തെറിക്കുത്തരം മുറിപ്പത്തൽ

ദേവാലയത്തിൽ കച്ചവടം നടത്തിയവരെ യേശു എന്താണ് ചെയ്തത്. സംഘടിതമായി ചെന്ന് അടിച്ചോടിച്ചല്ലൊ.

നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജി ആഫ്രിക്കയിൽ വെച്ച് ചെകിട്ടത്ത് അടിച്ചവന്റെ കൈ വേദനിച്ചുവോ എന്നു ചോദിച്ചു. എന്തുകൊണ്ട്? തിരിച്ചടിച്ചെങ്കിൽ എന്തായിരിക്കും സ്ഥിതി?

മഹാകവി ഉള്ളൂരിന്റെ 'വീരമാതാവ്' എന്ന കൃതി വായിച്ചു നോക്കൂ.

അടിച്ചവനെ തിരിച്ചടിച്ചും, യുക്തം പോലെ സഹിച്ചും പകരം വീട്ടുന്നവനാണ് സമർത്ഥൻ; അല്ലാതെ എന്തും സഹിച്ച് വീട്ടിൽ പോകാൻ ആരോടു ചോദിക്കണം?

അന്തസ്സും ആഭിജാത്യവും കുലമഹിമയും പറഞ്ഞ് കഴിഞ്ഞുകൂടിയതിന്റെ ഫലം എല്ലാ ക്ഷത്രിയരും അനുഭവിക്കുന്നില്ലേ? എല്ലാ വസ്തുവകകളും സമർത്ഥനാൽ ബുദ്ധിപൂർവം കൈവശപ്പെടുത്തിയപ്പോൾ കൊട്ടാരങ്ങൾ വിറ്റും മറ്റു പല വേലകൾ ചെയ്തും ക്ഷത്രിയൻ കഴിഞ്ഞുകൂടുന്നു. ഇതിന്റെ കാരണമെന്താണ്? ഒന്നാലോചിച്ചു നോക്കൂ.

മറ്റു വിഭാഗക്കാർ വിദേശത്തും മറ്റും ജോലി തേടിപ്പോയപ്പോൾ വിറ്റും, ക്ഷമിച്ചും നമ്മൾ കഴിച്ചുകൂട്ടി. അനുഭവിക്കട്ടെ എന്നല്ലാതെ എന്തു പറയണം.

എട്ടണ മുതൽ മാലിഖാൻ പറ്റി ജീവിക്കാൻ ക്ഷത്രിയൻ തയ്യാറായി. ഒരാൾക്ക് 7 രൂപ 80 പൈസ കിട്ടിയാൽ ഒരു മാസം കഴിച്ചുകൂട്ടാൻ പറ്റുമോ? കോടതിയിൽ കേസ് നടത്തി നൂറു രൂപ. ഇപ്പോൾ അറുന്നൂറു രൂപ. അങ്ങിനെ മാലിഖാനും മറ്റും വർദ്ധിപ്പിച്ചപ്പോൾ എല്ലാവർക്കും ഗുണം കിട്ടി. എന്നാൽ വ്യവഹാരച്ചെലവ് ആരൊക്കെ കൊടുത്തു എന്നൊന്നാലോചിച്ചു നോക്കൂ.

സർവ്വവസ്തുവഹകളും സർക്കാരിന്റേതാക്കിയിട്ടും ഇന്നു കിട്ടുന്നവർക്കുമാത്രം മാലിഖാൻ, അടുത്തൂൺ എന്നു നിശ്ചയിച്ചപ്പോൾ ക്ഷമാശീലനായ ക്ഷത്രിയൻ അനങ്ങിയില്ല. മറ്റു വിഭാഗക്കാർ മുദ്രാവാക്യം മുഴക്കിയും ജാഥകൾ നടത്തിയും പ്രതിഷേധിച്ചപ്പോൾ മഹാനായ ക്ഷത്രിയൻ എന്തു ചെയ്തു? പല നേട്ടങ്ങളും മറ്റുള്ളവർ നേടിയെടുക്കുന്നില്ലേ?

രാമായണവും മഹാഭാരതവും ഗീതയും വായിച്ച് കൊട്ടാരത്തിൽ ജീവിച്ചാൽ ക്ഷത്രിയന്റെ എല്ലാ നേട്ടങ്ങളും കടലെടുത്തു പോകും. സംശയമില്ല. മഹാനായ ഒരു വ്യക്തിയുടെ ദീർഘവീക്ഷണം കൊണ്ട് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്ഷത്രിയക്ഷേമസഭ കെട്ടിപ്പടുത്തു. ആ നേട്ടം കോട്ടം കൂടാതെ വളർത്തിയെടുക്കുവാൻ എത്ര പേർ ശ്രമിക്കുന്നുണ്ട്? ആ സംഘടനയ്ക്ക് പുഴുക്കുത്തേല്പിക്കാനല്ലാതെ നേട്ടങ്ങൾ ഉണ്ടാക്കാൻ എത്ര പേർ ശ്രമിക്കുന്നുണ്ട്?

ഓരോ സ്ഥലത്തും സഭ വാർഷിക പൊതുയോഗം നടത്തി പിരിയാനല്ലാതെ ക്ഷത്രിയൻ എന്തു ചെയ്യുന്നു? 'കരയുന്ന കുട്ടിക്കെ പാലുള്ളു' എന്ന് വെറുതെ പറയുന്നതല്ല. ആയുധം കൊണ്ടല്ല പ്രവൃത്തി കൊണ്ടുതന്നെ സർക്കാരുകളെ നിലയ്ക്കു നിർത്തുവാനുള്ള യോജിച്ച പ്രവർത്തനമാണാവശ്യം.

വിയോജിക്കാനല്ലാതെ, സ്നേപൂർവ്വം യോജിക്കാൻ ക്ഷത്രിയൻ തയ്യാറാവണം. ഇന്നു കിട്ടുന്ന ആനുകൂല്യങ്ങൾ അവരുടെ തലമുറയ്ക്കും അവകാശപ്പെട്ടതല്ലേ. ക്ഷത്രിയർക്കുണ്ടായിരുന്ന സർവ്വവും അന്യം വന്നു. ക്ഷമാശീലരായി അടങ്ങിക്കിടക്കണം എന്ന ചിന്ത നമ്മൾ ഉപേക്ഷിക്കണം.

പരസ്പരം പോരടിക്കാതെ ഒറ്റക്കെട്ടായി ശബ്ദമുയർത്തണം. ആ ശബ്ദത്തിൽ അധികാരി വർഗ്ഗം ആടിയുലയുമെന്നു വന്നാൽ മാത്രമേ ക്ഷത്രിയന്റെ നഷ്ടപ്പെട്ടതെന്തും തിരിച്ചുകിട്ടു. എന്തുദ്ദേശത്തോടെ ആ മൺമറഞ്ഞ മഹാൻ സഭ കെട്ടിപ്പടുത്തു എന്ന് ക്ഷത്രിയൻ ചിന്തിക്കണം. ചിന്തിച്ചേ പറ്റൂ.

ക്ഷമ, അതിനും അതിരുണ്ട്. ഭാരതയുദ്ധം കഴിഞ്ഞ് മക്കൾ രാജപദവിയിലെത്തിയപ്പോൾ കുന്തി കാണിച്ച ആ ധീരത പുരുഷന്മാർക്കു പറ്റിയില്ലെങ്കിൽ സ്ത്രീകൾ കാണിക്കണം. അടിമകളെപ്പോലെ അടങ്ങിഒതുങ്ങി ജീവിക്കനല്ലാതെ ഏതു രംഗത്തും ക്ഷത്രിയന്റെ ധർമ്മം കാത്തുസൂക്ഷിക്കണം. പുരാണകഥകൾ വർണ്ണിച്ചും കൊട്ടാരമഹിമകൾ മാത്രം പറഞ്ഞും കഴിഞ്ഞു കൂടേണ്ട കാലം കഴിഞ്ഞു. കിട്ടുന്ന ആനുകൂല്യം വർദ്ധിപ്പിച്ചും തലമുറക്കതു കിട്ടാനെന്താണ് മാർഗ്ഗമെന്നും സഭ ചിന്തിക്കണം. ●

---

***ടിന്റുമോൻ ഫലിതം...തുടർച്ച***

ക്ലാസ് തുടങ്ങുന്നതിനു മുമ്പ് പ്രാർത്ഥിക്കുന്നത് കണ്ട് ടിന്റുമോനോട് ടീച്ചർ–മിടുക്കൻ....

എല്ലാവരും ടിന്റുമോനെ കണ്ടു പഠിക്കണം...വളരെ നല്ല ശീലമാണിത്....ശരി...എന്തിനാണ് ടിന്റുമോൻ പ്രാർത്ഥിച്ചേ?

ടിന്റുമോൻ–ഉറങ്ങുന്നതിനു മുമ്പ് പ്രാർത്ഥിക്കണമെന്ന് അമ്മ പറഞ്ഞിട്ടുണ്ട്!

❖ ❖ ❖

ടീച്ചർ – എം.ടി.യുടെ നാലുകെട്ടിനെ പറ്റി ടിന്റുമോന് എന്താണ് പറയാനുള്ളത്?

ടിന്റുമോൻ– ഒന്നു കെട്ടിയ എന്റെ അച്ഛന്റെ കാര്യം കട്ടപ്പൊകയാ...അപ്പോള് നാലുകെട്ട്.

❖ ❖ ❖

കീറിയകുടയുമായി വീട്ടിൽ നിന്നിറങ്ങിയ ടിന്റുമോനോട്

അച്ഛൻ– "നീ എവിടയ്ക്കാ ഈ കുടകൊണ്ടുപോകുന്നത്?"

ടിന്റുമോൻ– "തൃശൂർപൂരത്തിന്"

അച്ഛൻ – "അതിന് ഈ കീറിയ കുടയും കൊണ്ടുപോകണമോ?"

ടിന്റുമോൻ– "തൃശൂർ പൂരത്തിന് കുടമാറ്റമുണ്ടെന്നു കേട്ടു. ഇതൊന്നു മാറ്റാമെന്നു കരുതിയാ."




## THE SUN

**Meenakshy Varma, Bombay**
**(7 Years)**

When I Woke up
In the morning
I saw the beautiful sky
And saw the beautiful Sun
I saw the East
I saw the West
I saw the North
And I saw the South

### വളരുന്ന പ്രതിഭകൾ



കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്നും BTech Marine Engineering-ൽ ഒന്നാം റാങ്കോടെ പാസ്സായ അഭിലാഷ് വർമ്മ. പള്ളിപ്പാട് കുന്നയ്ക്കൽ കോവിലകത്ത് രാജവർമ്മയുടെയും ലതയുടെയും മകനും വെള്ളാരപ്പിള്ളി കോയിക്കൽ മഠത്തിൽ ശ്രീ കേരളവർമ്മയുടെ ചെറുമകനുമാണ്.



# പുസ്തകജാലകം

**പി. രവിവർമ്മ (ദിനേശ്)**

## കഥകളുടെ കാഴ്ചയിലൂടെ മഴയുടെ കല്യാണം കൂടാൻ...




**റിയാലിറ്റി ഷോ**
**(ചെറുകഥാസമാഹാരം)**
**രവിവർമ്മ തമ്പുരാൻ**
**സാഹിത്യപ്രവർത്തക**
**സഹകരണസംഘം**
**കോട്ടയം**
**പേജ്: 95 വില: ₹ 70/-**

ഇന്നത്തെ കഥ കുറെ സംഭവങ്ങളുടെ ആദിമധ്യാന്തപ്പൊരുത്തം യഥാവിധി നിർവ്വഹിക്കുന്ന ഒരു വർണ്ണനയല്ല. ഉത്തരാധുനിക മലയാളകഥ ഭാവുകത്വപരമായി ഒട്ടേറെ പരിണാമങ്ങൾക്കും പരീക്ഷണങ്ങൾക്കും വിധേയമായിക്കൊണ്ടിരിക്കുകയാണ്. കഥയുടെ ആകാശങ്ങളിലേക്ക് പറക്കാനും ആഴങ്ങളിലേക്ക് ആഴ്ന്നിറങ്ങാനും മനസ്സുള്ള ഒരു വായനക്കാരന് വെറും സംഭവങ്ങൾക്കപ്പുറമുള്ള ഭാഷയും ദർശനവും അനുഭവവേദ്യമാക്കാൻ ആധുനികാനന്തരകഥകൾക്കു കഴിയുന്നു.

രവിവർമ്മത്തമ്പുരാന്റെ രണ്ടാമത്തെ കഥാസമാഹാരമായ 'റിയാലിറ്റിഷോ' യിലെ കഥകൾ സംഭവവിവരണങ്ങൾക്കുമപ്പുറത്തുള്ള സർഗ്ഗാത്മകമായ ഒരു അനുഭൂതി വായനക്കാരനു നല്കുന്നു. വർത്തമാനകാല ജീവിതത്തിന്റെ സന്തോഷവും സന്താപവും വിഹ്വലതകളും നിറയുന്ന എട്ടു കഥകളാണ് സമാഹാരത്തിലുള്ളത്. ആഗോളവൽക്കരണവും നവമുതലാളിത്തവും ഒരു ജനതയെ പ്രലോഭനങ്ങളിലൂടെ അടിമകളാക്കുന്നതിന്റെ രാഷ്ട്രീയവും പല കഥകളിലും രവിവർമ്മത്തമ്പുരാൻ ചർച്ച ചെയ്യുന്നു.

'റിയാലിറ്റി ഷോ' എന്ന കഥ തന്നെ ദൃഷ്ടാന്തം. മിനിസ്ക്രീനിൽ ഉന്മാദക്കാഴ്ചയായെത്തുന്ന റിയാലിറ്റിഷോകളുടെ ഭീതിദമായ പിന്നാമ്പുറക്കാഴ്ചകൾ കഥയാകെ, സമൂഹത്തിനുമുന്നിലെ ഒരു ചോദ്യചിഹ്നമായി ചിതറിക്കിടക്കുന്നു. കാഴ്ചകളുടെ പളപളപ്പിനു പിന്നിൽ ഇരയായിത്തീരുന്ന പെൺശരീരം കഥാവായനയിലുടനീളം പേടിപ്പെടുത്തുന്ന സാന്നിദ്ധ്യമായി മാറുന്നു.

'പോടാ പുല്ലേ' എന്ന കഥയിലാകട്ടെ ആഗോളവൽക്കരണകാലത്ത് ഒരു കഥാകൃത്ത് സ്വന്തം സ്വത്വം തേടുകയാണ്. എഴുത്തുകാരൻ തന്നെത്തന്നെ കുത്തിനോവിക്കുന്ന സ്വയംവിമർശനത്തിന്റെ ഭാഷയാണ് കഥയ്ക്കുള്ളത്. ഒരു വെള്ളക്കടലാസിന്റെ ശൂന്യമായ ഇടത്തിൽ വർത്തമാനകാലത്തെ എഴുത്തുകാരൻ സ്വയം പരുവപ്പെട്ട് ഒരു ഇടം കണ്ടെത്തുന്ന നിസ്സഹായതയും അതിനെ പ്രതിരോധിക്കാനായി അവനവനെത്തന്നെ 'പോടാ പുല്ലേ' എന്നു വിളിക്കുന്ന സ്വയം വിചാരണയുടെ ചൂടും ചൂരും കഥ പകർന്നുതരുന്നു.

ഗൃഹാതുരതയുടെ കടൽത്തീരത്ത് എപ്പോഴെങ്കിലുമൊക്കെ നില്ക്കുക എന്നത് ഏതൊരു എഴുത്തുകാരന്റെയും വിധിയാണ്. അത് ഒരു സാന്ത്വനം കൂടിയാണ്. എന്നാൽ പുതിയ കഥയിൽ ഗൃഹാതുരത്വം കാളമൂത്രം പോലെ വിസർജ്ജിക്കപ്പെടുന്ന ഒന്നല്ല. ഗൃഹാതുരത്വം നവമായൊരു ദർശനത്തിൽ പുതിയ രൂപം കൈക്കൊള്ളുന്നത് പുതുകഥകളിൽ കാണാനാവും. 'ബോബ് ചെയ്ത മുടിയും ഒട്ടക എല്ലിന്റെ ഞാത്തുകമ്മലും' എന്ന കഥയിൽ ഗൃഹാതുരതയുടെ ഒരു ഞാത്തുകമ്മൽ നമുക്കു കാണാനാവും.

ഒരു കഥ കൂടി പരാമർശിക്കാം. 'മഴയുടെ കല്യാണം'. മഴയെ ഇത്രത്തോളം അനുഭവിപ്പിച്ച ഒരു കഥ മലയാളത്തിൽ അപൂർവ്വമായെ ഉള്ളു എന്നു പയാം. കടലാസിൽ പെയ്തിറങ്ങുന്ന മഴ കഥാവായനതീർന്ന് ഏറെനേരെ കഴിഞ്ഞും വായനക്കാരന്റെ മനസ്സിൽ പെയ്തുതീരുന്നില്ല. 'കാളവണ്ടിയുടേതിലും പലമടങ്ങ് വലിപ്പമുള്ള ഭീമാകാരനായൊരു മഴച്ചക്രം ഉരുണ്ടിറങ്ങുന്ന' വനത്തിലൂടെയുള്ള ഒരു യാത്രാനുഭവം വായനക്കാരനെ മഴയും മഞ്ഞും കണക്ക് വലയം ചെയ്യുന്നു. മഴച്ചിത്രങ്ങളെടുത്ത് ഒടുവിൽ 'ഭൂമി കീറി ഹുങ്കാരശബ്ദത്തോടെ എത്തിയ ഒരു മഴച്ചക്രത്തിൽ' മറഞ്ഞു പോയ പ്രശസ്ത ഫോട്ടോഗ്രാഫർ വിക്ടർ ജോർജ്ജിനെ 'മഴയുടെ കല്യാണം' ഓർമ്മിപ്പിക്കുന്നു. വിക്ടർ ജോർ ജ്ജിന്റെ ചങ്ങാതിമാർക്ക് അങ്ങ നെ 'മഴയുടെ കല്യാണം' വേദനയുടെ ഉരുൾപൊട്ടൽ കൂടിയാകുന്നു.

ലളിതവും നർമ്മം ഒളിച്ചിരിക്കുന്നതുമായ ഭാഷയാണ് രവിവർമ്മത്തമ്പുരാന്റേത്. ഒപ്പം ആർജ്ജവം നിറഞ്ഞതും. ആദ്യ സമാഹാരമായ 'തുരങ്കത്തിനുള്ളിലെ ജീവിതം' പോലെ ഈ പുസ്തകവും ഇതിനു സാക്ഷ്യം വഹിക്കുന്നു. മലയാളത്തിലെ പ്രശസ്ത കഥാകൃത്തുക്കൾ കഥകൾ വിലയിരുത്തുന്ന രണ്ടാംഭാഗം കഥാസ്വാദനത്തിലേക്കുള്ള വാതായനങ്ങൾ തുറന്നുകിട്ടാൻ സഹായകമാകുന്നു. ഒപ്പം ബ്ലെസിയുടെ 'കഥയിലെ കാഴ്ച' എന്ന ആമുഖം ഒരു ചലച്ചിത്രകാരന്റെ കണ്ണിലൂടെയുള്ള കഥയുടെ കാഴ്ച ഒരുക്കുന്നു.

# KSHTRIYA KSHEMA SABHA, TRIVANDRUM

## BALANCE SHEET AS AT 31.3.2010

| LIABILITIES | AMOUNT | | ASSETS | AMOUNT |
|---|---|---|---|---|
| **Special funds** | | | Fixed Assetrs (Schedule 1) | 7,143.08 |
| M.C.K. Fund | 36,274.60 | | Gift Assets (Schedule 2) | 11,500.00 |
| Endowment Scholarship Ayurvaidyam | 10,000.00 | | | |
| Endowment Scholarship Physics | 15,000.00 | | Investments | |
| Bhanu Raja Memorial Scholarship | 14,000.00 | 75,274.60 | (Royal Educational & Charitable Trust) | 100,000.00 |
| **General Fund** | 291,575.52 | | Deposits and Advances (Schedule 3) | 214,893.00 |
| Add. Excess of Income | | | | |
| Over Income | 14,818.86 | 306,394.38 | Cash & Bank Balances | |
| | | | Cash and bank Balances (Schedule 4) | 86,553.90 |
| **Save a Family Fund** | | | | |
| Add Interest earned on F.D. 2005-06 | 7,250.00 | | | |
| Interest earned on F.D. 2006-07 | 7,250.00 | | | |
| Interest earned on F.D. 2007-08 | 7,250.00 | | | |
| Interest earned on F.D. 2008-09 | 2,671.00 | 24,421.00 | | |
| **Gifted Assets** | | 11,500.00 | | |
| **Current Liabilities** | | | | |
| (Schedule 5) | | 2,500.00 | | |
| **TOTAL** | | **420,089.98** | **TOTAL** | **420,089.98** |

Sd/-
Secretary

Sd/-
Treasurer

Sd/-
K. SureshKumar Varma
FCA
For B.S.S. and Co.
Chartered Accountant

# KSHTRIYA KSHEMA SABHA, TRIVANDRUM

**(Registration Number 437/81)**

**INCOME AND EXPENDITURE ACCOUNT FOR THE YEAR ENDED 31-03-2010**

| Expenditure | | Amount | Income | | Amount |
|---|---|---|---|---|---|
| To Endowment/Scholarships | | | By By Donation | | |
| Kowdiar Palace | 110,000.00 | | General | | 2,000.00 |
| KV Raja Memorial Award | 1,001.00 | | " Advertisement Charges Received | | |
| | | 111,001.00 | " General | | |
| | | | Matrimonial | 14,500.00 | 14,500.00 |
| " Website Charges | | 4,359.00 | " Kshatrasandesam Subscripton | | 36,240.00 |
| "Bank Charges | | 40.00 | " Bank Interest (FDS & KCC) | | 26,769.13 |
| " Kshatrasandesam Expenses | | 58,221.00 | " Telephone Charges-Tvm Unit` | | 3,275.00 |
| " Travelling Expenses | | 2,335.00 | " Working Fund | | 15,440.00 |
| " Printing & Stationery | | 3,649.00 | " Reimbursement of Delegate Fee | | 250.00 |
| " Postage & Courier Expenses | | 2,981.00 | " AGM at Pandalam - Delegate Fee | | 7,900.00 |
| " Office Rent | | 1,200.00 | " Syndicate Bank Credits (No Recepts issued) | | 6,050.00 |
| " Committee Meeting Expenses at TPRA | | 950.00 | " | | |
| " AGM at Pandalam | | 14,415.00 | " Endowment/ Scholarship Fund | | |
| " Telephone Expense | | 7,210.00 | " Kowdiar Palace | 115,000.00 | |
| " Office Maintenance | | 570.00 | " C K Rama Varma Raja | 1,001.00 | 116,001.00 |
| " Prior Period Expenses | | 5,390.00 | | | |
| " Miscellaneous Expenses | | 470.00 | | | |
| " Depreciation | | 815.27 | | | |
| " Excess of Income Over Expenditure | | 14,818.86 | | | |
| **TOTAL** | | **2,28,425.13** | **TOTAL** | | **2,28,425.13** |

# ഒറ്റ ശ്ലോകങ്ങൾ

**പി.കെ. കുഞ്ഞിയനുജത്തി തമ്പുരാട്ടി, ചന്ദ്രപുരി**

1. ലീലാരസാസ്വാദ്യത കൊണ്ടു പാരി-
നെന്നെന്നുമുള്ളം വിരിയിക്കുവാനും
വിചാരശീലർക്കകതാരിലോരോ
വിശുദ്ധ ചിന്താഗതിയൂറുവാനും
2. ലീലാരസാസ്വാദ്യ വിലോലനുണ്ണി
വെൺപട്ടിൽ വാർ മെയ്യുടലാകെ മൂടി
എന്തൊക്കെയൊ മട്ടിൽ നടിച്ചു മൂടി-
പ്പെടുത്തീടും മായയിലെന്നപോലെ
3. ലോകത്തെയൊട്ടാകെയനുഗ്രഹിപ്പാൻ
അലിഞ്ഞുമിന്നും യദുനാഥനല്ലീ
കൃതജ്ഞതാലേശമിയന്ന പുണ്യ-
ശരീരികൾക്കാശ്രയനീയനെന്നും
4. എന്നുണ്ണി നീയെവിടെ നിന്നു വരുന്നു കുഞ്ഞേ;
അയ്യോയിതെന്തു കരിതേച്ചിതു മേനിയെല്ലാം
അല്ലേ കുറൂരിൽ ജനനീ നികടത്തിലെന്തു-
പൊല്ലാപ്പു കാട്ടിയതു ചൊൽക മടിച്ചിടാതെ
5. കരിമിഴികളിൽ നീരങ്ങൂർന്നൊലിക്കുന്നതെന്തേ
പടുവികൃതികളെല്ലാം ഗോപികൾ ചൊല്ലിയിട്ടോ?
ഉടനെ വടിയെടുത്തിട്ടമ്മതച്ചോ? കഥിക്കൂ
അഖിലഭുവനനാഥൻ നിന്റെ കള്ളത്തമെന്നോ
6. എന്തിന്നുണ്ണി പതുങ്ങി വന്നു മുനിതൻ
ചെയ്യുന്ന പൂജാദിയിൽ
സന്തോഷം ചെറുതും പെടാതെയരിശം കൊ-
ള്ളുന്നീതോമാനസേ
എന്താപാണികൾ ചൂണ്ടിമാമുനിയെയും
കാട്ടിത്തരാമെന്നതോ
ചെന്താർനേത്ര നിവേദ്യമങ്ങഖിലവും ഭക്ഷി-
ച്ചതെന്നോർപ്പു ഞാൻ
7. കണ്ണാ! കണ്ണു തുറക്കവേ, ജനനിയെക്കാണായ്കയാൽ
വെമ്പലാൽ
ചുണ്ടൊന്നങ്ങു പിളർത്തി, നേത്രമതിലായശ്രുക്കൾ
വിങ്ങുന്നുവോ?
ഉണ്ണീ ചെല്ലുക മച്ചിലേക്കു കരയാതെന്നോമനേ!
തൈർ കടഞ്ഞീടും നാദമതിങ്ങു കേൾപ്പു, വഴുതീ
ടൊല്ലെ നടക്കുമ്പോൾ നീ
8. ഉണ്ണീ പോയങ്ങൊളിക്കൂ, പശുപയുവതിമാർ വന്നു
നിന്നമ്മയോടായ്
ഓരോരേഷണി ചൊല്ലി വന്നു വഷളായ്ത്തീരു-
ന്നതിൻ മുന്നമേ
അല്ലാ നീ ജനനിയ്ക്കടുത്തു മരുവീടുന്നാകി-
ലെല്ലാരൊടും
നല്ലോണം ചൊടിയോടെ ചൊല്ലുക സമാ-
ധാനം മടിക്കാതെ നീ
9. അല്ലേ, കണ്ണ ഗമിച്ചിടേണ്ട ബലനില്ലാതേ
വനാന്തങ്ങളിൽ
ചെല്ലും നീ യമുനാജലത്തിലതു ചെയ്യില്ലെ-
ന്നു ചൊല്ലേണ്ട നീ
അയ്യൊ കാളിയനെന്റെ കുട്ടനുടലിൽ ചു-
റ്റിപ്പിടിച്ചെങ്കിൽ ഹാ
വയ്യേ മേലിൽ നിനപ്പതിന്നു കനിവോടെ-
ന്നുണ്ണി പോകേണ്ട നീ
10. ഹാ,ഹാ, യിധിമിതം ധിതം ചുവടുകൾ
പായുന്നു നീളത്തിലായ്
ആടുന്നുഹരിമാല പീലികൾ കളംനാദ-
ത്തൊടൊത്തും മുദാ
തൂകുന്നു ഗഗനത്തിൽ ദേവളിതാ മൗലൗ
സുമം കൊട്ടയായ്
പാടുന്നപ്സരസംഘമാത്തകുതുകം
കോലാഹലം വാനിലും
11. കുട്ടാ, കൺകെട്ടു കാട്ടിപ്പലവിധമിവളിൽ
മോഹജാലം വളർത്തി
ക്കയ്പ്പാം തിക്തം കഷായം കുടുകുടെയധികം
മോന്തി, മോന്തിക്കുടിച്ചു
മത്തോന്മാദം വളർത്തും സുധയുടെ മധുരം
വേണു നാദത്തിലേകും
കണ്ണാ കാട്ടിത്തരേണം മധുരമൃദുലഹാസം
മദിക്കട്ടെയീ ഞാൻ.

# വാർത്തകൾ - വിശേഷങ്ങൾ

**27.6.2010 ൽ കരിവെള്ളൂരിൽ നടന്ന വാർഷിക സമ്മേളനത്തിൽ സെക്രട്ടറി പി. സുഭാഷ്കുമാർ വർമ്മ അവതരിപ്പിച്ച വിശദമായ റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപം**

**ആമുഖം**

2009 ആഗസ്റ്റു മാസം 16-ാം തീയതി പന്തളത്തു വച്ചു നടന്ന വാർഷിക പൊതുയോഗം 2009-11 വർഷത്തേക്കുള്ള പ്രവർത്തകസമിതിയെ തെരഞ്ഞെടുക്കുകയുണ്ടായി. തുടർന്ന് സെപ്റ്റംബർ മാസം 27-ാം തീയതി തിരുവനന്തപുരത്ത് സഭാ ആസ്ഥാനമായ സുന്ദരവിലാസം കൊട്ടാരത്തിൽ വച്ച് കൂടിയ സംയുക്ത പ്രവർത്തക സമിതി യോഗത്തിൽ വച്ച് പുതിയ ഭരണസമിതി ഉത്തരവാദിത്വമേറ്റെടുത്തു.

**പ്രവർത്തക സമിതി യോഗങ്ങൾ**

പ്രവർത്തക സമിതി മൂന്നു മാസത്തിലൊരിക്കൽ എന്നതിനു പകരം രണ്ടു മാസത്തിലൊരിക്കൽ ചേരുന്നതിന് സെപ്റ്റംബറിൽ ചേർന്ന സംയുക്ത പ്രവർത്തക സമിതി തീരുമാനമെടുത്തിരുന്നു. അതനുസരിച്ച് കഴിഞ്ഞ 10 മാസത്തിനുള്ളിൽ സംയുക്ത പ്രവർത്തക സമിതി യോഗമുൾപ്പെടെ 5 തവണ സമിതി ചേരുകയുണ്ടായി.

ഈ യോഗങ്ങൾക്കു പുറമെ ഇടക്കാല തീരുമാനം ആവശ്യമായ ഘട്ടങ്ങളിൽ തിരുവനന്തപുരത്തു ലഭ്യമായ പ്രവർത്തക സമിതി അംഗങ്ങളുടെ അടിയന്തിര യോഗവും ഇക്കാലയളവിൽ നടത്തിയിട്ടുണ്ട്.

**പുതിയ യൂണിറ്റുകൾ**

ഉത്തരമേഖലയിൽ ചിറക്കൽ കേന്ദ്രമാക്കി കണ്ണൂർ യൂണിറ്റും പുറമേരി കേന്ദ്രമാക്കി കടത്തനാടു യൂണിറ്റും രൂപീകൃതമായി. മദ്ധ്യമേഖലയിൽ വെള്ളാരപ്പിള്ളിയിലാണ് പുതിയ യൂണിറ്റു രൂപീകരിച്ചത്. ദക്ഷിണമേഖലയിൽ ആലപ്പുഴയിലും. യൂണിറ്റുകളുടെ വിവരം ഇനിപ്പറയുന്ന പ്രകാരം

| ഉത്തരമേഖല | മദ്ധ്യമേഖല | ദക്ഷിണമേഖല |
|---|---|---|
| നീലേശ്വരം | തൃശൂർ | ചേർത്തല |
| കരിവെള്ളൂർ | ചാലക്കുടി | വൈക്കം |
| കണ്ണൂർ | കൊരട്ടി | ആലപ്പുഴ |
| കടത്തനാട് | വെള്ളാരപ്പള്ളി | പന്തളം |
| കോഴിക്കോട് | ഇടപ്പള്ളി | തിരുവനന്തപുരം |
| | തൃപ്പൂണിത്തുറ | |

വരുന്ന ഒരു വർഷത്തിനുള്ളിൽ കേരളത്തിൽ പുതുതായി പത്ത് യൂണിറ്റുകളെങ്കിലും രൂപീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. യൂണിറ്റുകൾക്ക് സാധ്യതയില്ലാത്ത പ്രദേശങ്ങളിൽ ഒരു കൺവീനറെ ചുമതലപ്പെടുത്തി ഏറ്റവും അടുത്തുള്ള യൂണിറ്റുമായി ബന്ധപ്പെടുത്തി പ്രവർത്തനം വ്യാപിപ്പിക്കാനുദ്ദേശിക്കുന്നു.

**തിരുവല്ലാ സഭയുടെ അഫിലിയേഷൻ പ്രശ്നം**

ക്ഷത്രിയ ക്ഷേമസഭയുടെ നിയമാവലി പരിഷ്ക്കരണത്തിന് ഇതിനകം തുടങ്ങിയിട്ടുള്ള നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഇക്കാര്യം പുനരാലോചിക്കാവുന്നതാണ്.

**നിയമാവലി പരിഷ്കരണം**

നിയമാവലി പരിഷ്കരണം നിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നതിനായി ഒരു ഉപസമിതിയെ 2010 മേയ് മാസം 9-ാം തീയതി ചേർന്ന പ്രവർത്തകസമിതി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സമിതിയുടെ റിപ്പോർട്ടു കിട്ടിയതിനുശേഷം പൊതുയോഗം ചേർന്ന് നിയമാവലി ഭേദഗതികളിൽ അന്തിമ തീരുമാനമെടുക്കാമെന്നു കരുതുന്നു. ശ്രീ. ശശിധരവർമ്മ, ശ്രീ.പി.ജി. ശശികുമാർ വർമ്മ, ശ്രീ. ആർ. രാമവർമ്മ, സംസ്ഥാന പ്രസിഡന്റ്, സംസ്ഥാന സെക്രട്ടറി എന്നിവരാണ് ഉപസമിതിയിലെ അംഗങ്ങൾ.

**യൂണിറ്റുതലത്തിൽ നടന്ന പ്രവർത്തനങ്ങൾ**

(യൂണിറ്റു തലത്തിൽ നടന്ന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് ലഭ്യമായ മുറയ്ക്ക് ക്ഷാത്രസന്ദേശത്തിന്റെ അതാത് ലക്കങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നു. സ്ഥലപരിമിതി കാരണം ഈ സംക്ഷിപ്ത റിപ്പോർട്ടിൽ അവ ഉൾക്കൊള്ളിച്ചിട്ടില്ല.)

**ക്ഷാത്രസന്ദേശം**

കഴിഞ്ഞവർഷം ക്ഷാത്രസന്ദേശത്തിന്റെ 4 ലക്കങ്ങളും കൃത്യമായി പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സർക്കുലേഷൻ സംബന്ധമായ മേൽനോട്ടത്തിനായി ശ്രീ.കെ. ഹരികൃഷ്ണ വർമ്മ (ചേർത്തല) യെ സർക്കുലേഷൻ മാനേജരായി പ്രവർത്തക സമിതി തെരഞ്ഞെടുത്തിട്ടുണ്ട്. നിലവിൽ ഏകദേശം 400 പേരാണ് കുടിശ്ശികയില്ലാത്ത വരിക്കാർ.

ക്ഷാത്ര സന്ദേശത്തിന്റെ വരിക്കാരുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇത് ആദ്യഘട്ടത്തിൽ 750 പേരായും രണ്ടാം ഘട്ടത്തിൽ 1000 ആയും വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. വരിസംഖ്യാ കുടിശ്ശിക അറിയിച്ചുകൊണ്ടുള്ള കത്തുകൾ ജൂലൈ മാസം 31ന് മുമ്പായി അയക്കുന്നതാണ്.

ക്ഷാത്രസന്ദേശത്തിലേക്ക് ഓരോ ലക്കത്തിനും ഓരോ യൂണിറ്റും കുറഞ്ഞത് 500 രൂപയുടെ പരസ്യമെങ്കിലും ശേഖരിച്ചയക്കുന്നതിന് തീരുമാനിച്ചിരുന്നു എങ്കിലും അത് പ്രായോഗികമായിട്ടില്ല എന്നാണു കാണുന്നത്. ക്ഷാത്രസന്ദേശത്തിന്റെ വാർഷിക വരിസംഖ്യ തപാൽ ചെലവ് ഉൾപ്പെടെ 100 രൂപ എന്ന് നിശ്ചയിച്ചു.

**ക്ഷാത്രജാലകം**

ക്ഷാത്രജാലകത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. കോ-ഓർഡിനേറ്റർ രവിവർമ്മ തിരുമുൽപ്പാടിനു പുറമെ മുരാരി (ചാലക്കുടി), ടി.എൻ. രമേശ്

വർമ്മ (തിരുവനന്തപുരം) വി.എൻ. മനോജ് വർമ്മ (തൃശൂർ) എന്നിവർ കൂടി അംഗങ്ങളായ എഡിറ്റോറിയൽ ബോർഡ് രൂപീകരിച്ചിട്ടുണ്ട്.

**REACT**

സാമൂഹ്യ ക്ഷേമപരിപാടികൾ ഫലപ്രദമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുവേണ്ടി ക്ഷത്രിയ ക്ഷേമസഭയുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ച Royal Educational and Charitable Trust (REACT) ന്റെ പ്രവർത്തനോത്ഘാടനം 2010 ഫെബ്രുവരി 21ന് തിരുവിതാംകൂർ മഹാരാജാവ് H.H. ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ ഭദ്രദീപം കൊളുത്തി നിർവ്വഹിച്ചു. രണ്ടു പേർക്ക് ചികിത്സാ ധനസഹായം നൽകിക്കൊണ്ടാണ് ട്രസ്റ്റ് ഔപചാരിക പ്രവർത്തനം തുടങ്ങിയത്. യു.വി. വിജേഷ് (S/o.ബി. വിജയൻ, ബ്രാഫിൻസ് കോളനി, കവടിയാർ, തിരുവനന്തപുരം), ശ്രീമതി വനജാ രവിവർമ്മ W/o. രവിവർമ്മ, വൈക്കം) എന്നിവർക്കാണ് ചികിത്സാ ധനസഹായം നൽകിയത്. ധനശേഖരണത്തിനും ധനസഹായ വിതരണത്തിനും ക്ഷേമപദ്ധതികളുടെ ആസൂത്രണത്തിനും ആവശ്യമായ മാർഗ്ഗ നിർദ്ദേശ രേഖകൾ തയ്യാറാക്കുന്ന ശ്രമം ആരംഭിച്ചുകഴിഞ്ഞു. അധികം വൈ കാതെ തന്നെ ട്രസ്റ്റ് പ്രവർത്തന ക്ഷമമാകുന്നതാണ്. പി. എ. ഗോദവർമ്മ രാജയാണ് ട്രസ്റ്റിന്റെ ഇപ്പോഴത്തെ ചെയർമാൻ. അനിൽകുമാർ പണ്ടാല സെക്രട്ടറിയും.

**സ്കോളർഷിപ്പ്**

2008'09 വർഷത്തെ മഹാറാണി സേതു പാർവ്വതീബായി സ്മാരക സ്കോളർഷിപ്പുകൾ 2009 നവംബർ 22ന് വിതരണം ചെയ്തു. കുമാരി പി.സി. രാജശ്രീ വർമ്മ, എൻ.വി.എം. ശ്രീജേഷ് വർമ്മ, എൻ.കെ. തേജശ്രീ, ശ്രീ. രാം കാശ്യപ് വർമ്മ എന്നിവർക്കാണ് 2008-09ലെ സ്കോളർഷിപ്പുകൾ ലഭിച്ചത്. മുൻ വർഷങ്ങളിൽ സ്കോളർഷിപ്പു ലഭിച്ച ആർ. വിഷ്ണുപ്രസാദ്, കുമാരി അർച്ചന, ആർ. ശരത് വർമ്മ, കുമാരി ശാലിനി വർമ്മ, കുമാരി സൗമ്യ ലക്ഷ്മി എന്നിവർക്ക് 2008-09 വർഷത്തേക്കുള്ള തുകയും വിതരണം ചെയ്തു.

**സെൻസസ്**

ക്ഷത്രിയ സമുദായാംഗങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള സെൻസസ് പ്രവർത്തനങ്ങൾ പുനരാരംഭിച്ചിട്ടുണ്ട്. രണ്ടു ഘട്ടമായി സെൻസസ് പ്രവർത്തനത്തെ ചിട്ടപ്പെടുത്തിയിരിക്കുന്നു. ആദ്യ ഘട്ടത്തിൽ ജില്ലാ-താലൂക്കടിസ്ഥാനത്തിൽ മൂല കുടുംബങ്ങളുടെ വിവരങ്ങളാണ് ശേഖരിക്കുന്നത്. രണ്ടാം ഘട്ടത്തിൽ വ്യക്തിഗത വിവരങ്ങൾ ശേഖരിക്കും.

**സാംസ്കാരിക കേന്ദ്രങ്ങൾ**

കഴിഞ്ഞ വർഷം എടുത്ത പ്രധാന തീരുമാനങ്ങളിലൊന്ന് കോഴിക്കോട്, തൃശൂർ, പന്തളം യൂണിറ്റുകളെ അതാതു മേഖലകളിലെ സാംസ്കാരിക കേന്ദ്രങ്ങളായി പ്രഖ്യാപിച്ചതാണ്. സഭയുടെ സാംസ്കാരിക പരിപാടികൾ മേഖലാടിസ്ഥാനത്തിൽ ഏകോപിപ്പിക്കുക എന്ന ലക്ഷ്യമാണ് ഈ തീരുമാനത്തിനു പിന്നിൽ.

**കേരളത്തിനു പുറത്തുള്ള ക്ഷത്രിയ സംഘടനകൾ**

ഇന്ത്യയിൽ കേരളത്തിനു പുറത്ത് ബാംഗ്ലൂർ, ചെന്നൈ, ഹൈദരാബാദ്, മുംബായ്, ഡൽഹി എന്നിവിടങ്ങളിലാണന് ക്ഷത്രിയ സംഘടനകൾ നിലവിലുള്ളത്.

ഐക്യ അറേബ്യൻ രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന VAU (Varmas' Association of UAE) എന്ന സംഘടനയുമായി സജീവ ബന്ധം പുലർത്തുന്നു. അവരുടെ കേരളത്തിലെ ധനസഹായങ്ങളെല്ലാം ക്ഷത്രിയക്ഷേമസഭവഴിയോ സഭയുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലോ ആണ് നൽകുന്നത്.

**ഇതര സംഘടനകൾ**

ഹിന്ദു പാർലമെന്റ് എന്ന സംഘടനയുടെ യോഗങ്ങളിൽ സഭാപ്രതിനിധികൾ പങ്കെടുക്കുകയും അവരുടെ പ്രവർത്തനങ്ങളെ നിരീക്ഷിച്ചു വരികയും ചെയ്യുന്നു. സജീവ സഹകരണം വിശദമായ ആലോചനകൾക്കു ശേഷമാകാം എന്നാണ് കരുതുന്നത്.

മുന്നോക്ക സമുദായ മുന്നണിയുടെ രണ്ട് ആലോചനായോഗങ്ങളിൽ പങ്കെടുത്തിരുന്നു. എന്നാൽ ഇപ്പോൾ ആ മുന്നണി പ്രവർത്തനരഹിതമാണ് എന്നാണ് അറിയുന്നത്.

**സംഘടനാപരം**

**(i) ആനുകാലിക റിപ്പോർട്ടുകൾ**

യൂണിറ്റു തലത്തിൽ നടക്കുന്ന ക്ഷേമപ്രവർത്തനങ്ങളും പരിപാടികളും പ്രവർത്തകസമിതി യോഗങ്ങളിൽ കൃത്യമായി റിപ്പോർട്ടു ചെയ്യപ്പെടേണ്ടതുണ്ട്. എല്ലാ യൂണിറ്റുകളും നിർദ്ദിഷ്ട ഫോറം മാതൃകയാക്കി പ്രവർത്തകസമിതി യോഗത്തിന് മൂന്നോ നാലോ ദിവസം മുമ്പു തന്നെ ആനുകാലിക റിപ്പോർട്ടുകൾ സെക്രട്ടറിക്ക് എത്തിച്ചു തരണമെന്ന് അഭ്യർത്ഥിക്കുന്നു.

**(ii) മറ്റു റിപ്പോർട്ടുകൾ**

പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്, വാർത്തകൾ, മറ്റ് പ്രവർത്തനങ്ങൾ ഇവ സംബന്ധിച്ച വിവരങ്ങൾ കാലതാമസം കൂടാതെ കേന്ദ്ര നേതൃത്വത്തിന് റിപ്പോർട്ട് ചെയ്യുന്നതിനുള്ള സംവിധാനം യൂണിറ്റുകൾ ഏർപ്പെടുത്തേണ്ടതാണ്.

**(iii) ഔദ്യോഗിക രേഖകൾ**

അംഗത്വ രജിസ്റ്റർ, സഭാംഗങ്ങളുടെ മേൽവിലാസമുൾക്കൊള്ളുന്ന ഡയറക്ടറി, യൂണിറ്റു പരിധിയിലെ ക്ഷാത്രസന്ദേശം വരിക്കാരുടെ രജിസ്റ്റർ തുടങ്ങിയ അടിസ്ഥാന ഔദ്യോഗിക രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിന് എല്ലാ യൂണിറ്റുകളും ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**(iv) ഓർഗനൈസിംഗ് സെക്രട്ടറിമാർ**

ക്ഷത്രിയക്ഷേമ സഭയുടെ സംഘടനാ സംവിധാനത്തിൽ യൂണിറ്റുകൾക്കും കേന്ദ്രഭരണസമിതിക്കും മദ്ധ്യേ നിർണ്ണായകമായൊരു സ്ഥാനമാണ് ഓർഗനൈസിംഗ് സെക്രട്ടറിമാർക്കുള്ളത് കേവലം റിപ്പോർട്ടിംഗിനപ്പുറം പ്രാദേശിക പ്രവർത്തനങ്ങളുടെ സമർത്ഥമായ നേതൃത്വമാണ് അവരിൽനിന്ന് സഭ പ്രതീക്ഷിക്കുന്നത്.

**(v) മേഖലാ യോഗങ്ങൾ**

സംസ്ഥാന പ്രവർത്തക സമിതി യോഗം ചേരുമ്പോൾ മാത്രമാണ് ഇപ്പോൾ ഒരു മേഖലയിലെ വിവിധ യൂണിറ്റുകളുടെ പ്രതിനിധികൾ പരസ്പരം കാണുന്നത്. മേഖലാ തലത്തിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാൻ ഈ സംവിധാനം അപര്യാപ്തമാണ്. ഈ സാഹചര്യത്തിൽ

ഒരു മേഖലയിലെ വിവിധ യൂണിറ്റുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി മേഖലാ യോഗങ്ങൾ നടത്തണമെന്ന് ഓർഗനൈസിംഗ് സെക്രട്ടറിമാരോട് അഭ്യർത്ഥിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. സെൻസസ് വിവരങ്ങളുടെ ശേഖരണം, സാംസ്കാരിക കേന്ദ്രത്തിന്റെ പ്രവർത്തനം തുടങ്ങിയ കാര്യങ്ങളുടെ ആസൂത്രണം ഫലപ്രദമായി നിർവ്വഹിക്കുവാൻ ഈ യോഗങ്ങൾ അനിവാര്യമാണെന്നു തോന്നുന്നു. വൈസ് പ്രസിഡന്റ്, ഓർഗനൈസിംഗ് സെക്രട്ടറി, യൂണിറ്റു പ്രസിഡന്റുമാർ, യൂണിറ്റു സെക്രട്ടിമാർ എന്നിവരടങ്ങുന്ന മേഖലാ കമ്മിറ്റി രൂപീകരിച്ച് ഇക്കാര്യങ്ങൾക്കായി ഒരു പ്രാദേശിക നേതൃത്വത്തെ വികസിപ്പിച്ചെടുക്കാവുന്നതാണ്. ഓർഗനൈസിംഗ് സെക്രട്ടറി, മേഖലയുടെ ചുമതലയുള്ള വൈസ് പ്രസിഡന്റ് എന്നിവർ ഇക്കാര്യത്തിൽ നേതൃത്വം വഹിക്കേണ്ടതാണ്.

**(vi) ലീഡ് യൂണിറ്റുകൾ**

ചാലക്കുടി സമ്മേളനത്തിലെടുത്ത തീരുമാനപ്രകാരം മൂന്നു മേഖലയിലും ഓരോ ലീഡ് യൂണിറ്റിനെ 1-4-2010 മുതൽ രണ്ടു വർഷത്തേക്ക് നിശ്ചയിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഉത്തര മേഖലയിൽ കോഴിക്കോടും മദ്ധ്യമേഖലയിൽ തൃശ്ശൂരും ദക്ഷിണമേഖലയിൽ പന്തളവും 1-4-2010 മുതൽ 31-3-2012 വരെ ലീഡ് യൂണിറ്റുകളായി പ്രവർത്തിക്കും.

**(vii) യൂണിറ്റു തലത്തിലെ ചർച്ചകൾ**

കേന്ദ്ര പ്രവർത്തക സമിതിയിലോ പൊതുയോഗത്തിലോ എടുക്കുന്ന തീരുമാനങ്ങൾ, മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശങ്ങൾ, പങ്കുവയ്ക്കുന്ന നിരീക്ഷണങ്ങൾ തുടങ്ങിയവയെ കുറിച്ച് യൂണിറ്റിന്റെ പ്രവർത്തക സമിതിയിൽ കഴിവതും തൊട്ടടുത്ത അവസരത്തിൽ തന്നെ വിശദമായ ചർച്ചകൾ നടത്തുവാൻ അഭ്യർത്ഥിക്കുന്നു.

**(viii) യൂണിറ്റുകളുടെ യോഗങ്ങൾ/ പരിപാടികൾ**

യൂണിറ്റുകളുടെ പ്രധാന യോഗങ്ങളിലും പൊതുപരിപാടികളിലും കഴിവതും മേഖലാ പ്രതിനിധികളെയോ മറ്റു യൂണിറ്റുകളിൽ നിന്നുള്ള പ്രതിനിധികളേയോ ക്ഷണിതാക്കളായി പങ്കെടുപ്പിക്കുന്നത് മേഖലാ പ്രവർത്തനത്തെ സജീവമാക്കും.

**(ix) ഡയറക്ടറി**

എല്ലാ യൂണിറ്റുകളും സ്വന്തം പരിധിക്കുള്ളിലെ ബന്ധുജനങ്ങളുടെ മേൽവിലാസം ഉൾക്കൊള്ളുന്ന ഡയറക്ടറി പ്രസിദ്ധീകരിക്കാൻ ശ്രമിക്കേണ്ടതാണ്.

**(x) കുടുംബ യോഗങ്ങൾ**

കേരളത്തിലെ നിരവധി ക്ഷത്രിയ മൂലകുടുംബങ്ങളിൽ കുടുംബയോഗം നടത്തുന്ന പതിവ് ആരംഭിച്ചിട്ടുണ്ട്. കുടുംബ ക്ഷേത്രങ്ങളിലെ ഉത്സവമോ മറ്റ് പൊതു താല്പര്യമുള്ള വിഷയങ്ങളോ ആകാം ഇതിന് സാഹചര്യം ഒരുക്കുന്നത്. ഇത്തരം കുടുംബയോഗങ്ങളെ കഴിവതും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

**17. പരിപാടികൾ/നിർദ്ദേശങ്ങൾ**

**(i) പ്രവർത്തക പരിശീലന ക്യാമ്പ്**

സഭാപ്രവർത്തകർക്ക് സംഘടനാ കാര്യങ്ങളിലുള്ള അടിസ്ഥാന പരിശീലനം നൽകുന്നതിനും നേതൃപാടവം വർദ്ധിപ്പിക്കുന്നതിനും മേഖലാടിസ്ഥാനത്തിൽ പ്രവർത്തകപരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇതിനാവശ്യമായ ഒരു കൈപ്പുസ്തകം തയ്യാറായി വരുന്നുണ്ട്.

**(ii) പ്രൊഫഷണൽ രംഗത്തുള്ളവരുടെ യോഗങ്ങൾ**

സമുദായാംഗങ്ങളിൽ ആരോഗ്യം, എഞ്ചിനീയറിംഗ്, ബാങ്കിംഗ്, വിവര സാങ്കേതിക വിദ്യ തുടങ്ങിയ പ്രൊഫഷണൽ മേഖലകളിൽ പ്രവർത്തിക്കുന്നവരുടെ സേവനം സഭയുടെ സാമൂഹ്യക്ഷേമപരിപാടികൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടിയും അവരെ സഭാ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുന്നതിനു വേണ്ടിയും വിവിധ പ്രൊഫഷണൽ രംഗങ്ങളിലുള്ള ബന്ധുജനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രത്യേക യോഗങ്ങൾ സംഘടിപ്പിക്കുവാൻ ആലോചനയുണ്ട്.

**(iii) സാഹിത്യ മത്സരങ്ങൾ**

കേരളത്തിലെ ക്ഷത്രിയ യുവജനങ്ങൾക്കായി കഥ, കവിത, ഉപന്യാസ രചന തുടങ്ങിയ വിഷയങ്ങളിൽ അഖില കേരളാടിസ്ഥാനത്തിൽ ഒരു സാഹിത്യ മത്സരം വരുന്ന വർഷം നടത്താനും 'ക്ഷാത്രജാലകം' എന്ന സഭയുടെ വെബ് സൈറ്റിന്റെ പ്രചരണാർത്ഥം അതുവഴിയുള്ള സാഹിത്യ മത്സരം നടത്താനും ആലോചിക്കുന്നുണ്ട്.

**(iv) പ്രൊഫഷണൽ കലാകാരന്മാർക്ക് അവസരമൊരുക്കുക**

വിവിധ പ്രാദേശിക യൂണിറ്റുകളുടെ അധീനതയിലും അതുപോലെ തന്നെ സമുദായാംഗങ്ങൾക്ക് സ്വാധീനം ചെലുത്താൻ കഴിയുന്നതുമായ ക്ഷേത്രം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതുവേദികൾ എന്നിവിടങ്ങളിൽ സമുദായാംഗങ്ങളായ പ്രൊഫഷണൽ കലാകാരന്മാർക്ക് അവസരം നൽകാൻ പരിശ്രമിക്കേണ്ടതാണ്. ഇതിനായി മേഖലാടിസ്ഥാനത്തിൽ പ്രൊഫഷണൽ കലാകാരന്മാരുടെ വിവരങ്ങൾ ശേഖരിക്കുവാൻ മേഖലാ സാംസ്കാരിക കേന്ദ്രങ്ങളുടെ മേൽനോട്ടത്തിൽ സംവിധാനമൊരുക്കാൻ ഉദ്ദേശിക്കുന്നു.

**(v) തിരുവാതിര സംഗമങ്ങൾ**

തിരുവാതിര ആഘോഷത്തെ ക്ഷത്രിയ ക്ഷേമസഭയുടെ പാരമ്പര്യാഘോഷമായി ചാലക്കുടി സമ്മേളനത്തിൽ പ്രഖ്യാപിച്ചിരുന്നുവല്ലോ. പാരമ്പര്യാഘോഷങ്ങൾക്ക് പുതുജീവൻ നൽകുന്നതിനും സ്ത്രീ ശാക്തീകരണത്തിനു പശ്ചാത്തലമൊരുക്കുന്നതിനും വേണ്ടി ക്ഷത്രിയ ക്ഷേമസഭയുടെ എല്ലാ യൂണിറ്റുകളും വരുന്ന വർഷം മുതൽ തിരുവാതിരയാഘോഷം ഉചിതമായ രീതിയിൽ നടത്തുന്നതിന് അഭ്യർത്ഥിക്കുന്നു. തിരുവാതിരപ്പാട്ടുകളുടെ ശേഖരണത്തിനും തിരുവാതിരക്കളിയുടെ പരിശീലനത്തിനും സഭാപ്രവർത്തകർ വേണ്ട സാഹചര്യമൊരുക്കണം.

**(vi) ആധുനിക വാർത്താവിനിമയ സൗകര്യങ്ങൾ**

E-mail, SMS സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയാൽ സഭാപ്രവർത്തനങ്ങൾക്ക് അതിശയകരമായ വേഗതയും വ്യാപ്തിയും നൽകാൻ സാധിക്കുമെന്നാണ് പരീക്ഷണങ്ങളിൽ നിന്ന് മനസ്സിലാകുന്നത്. ഇതിനു സഹായകരമായ രീതിയിൽ സഭാപരിധിയിൽ താമസിക്കുന്ന ബന്ധുജനങ്ങളുടെ E-mail ID കൾ മൊബൈൽ ഫോൺ നമ്പരുകൾ

എന്നിവ ഇന്റർനെറ്റ് സൈറ്റുകളിൽ ഗ്രൂപ്പായി ശേഖരിക്കാവുന്നതാണ്.

**(vii) വിനോദ/തീർത്ഥയാത്രകൾ**

കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള പ്രാദേശിക യൂണിറ്റുകളിലെ ബന്ധുജനങ്ങൾക്ക് പരസ്പരം വിനോദ യാത്രകൾക്കും തീർത്ഥയാത്രകൾക്കും അവസരമൊരുക്കാവുന്നതാണ്.

**(viii) ആചാരാനുഷ്ഠാനങ്ങളുടെ ഏകീകരണം**

കേരളത്തിലെ ക്ഷത്രിയരുടെ ആചാരാനുഷ്ഠാനങ്ങൾ കഴിയുന്നിടത്തോളം ഏകീകരിക്കണമെന്നും ബന്ധുജനങ്ങളുടെ സൗകര്യാർത്ഥം അച്ചടിച്ചു വിതരണം ചെയ്യണമെന്നും പലരും നിർദ്ദേശിക്കുന്നുണ്ട്. ഇക്കാര്യത്തിൽ പരിണിത പ്രജ്ഞരായ വ്യക്തികളുടെ സഹകരണത്തോടെ യുക്തമായ തീരുമാനങ്ങൾ വൈകാതെ സ്വീകരിക്കുന്നതാണ്.

**19. ശ്രീ. എം.സി. കേരളവർമ്മയുടെ ജന്മശതാബ്ദി**

ക്ഷത്രിയ ക്ഷേമസഭയുടെ സ്ഥാപക നേതാവായിരുന്ന ശ്രീ. എം.സി. കേരള വർമ്മ രാജയുടെ ജന്മ ശതാബാദി വിപുലമായ രീതിയിൽ ആഘോഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**20. സാമൂഹ്യക്ഷേമ പരിപാടികൾ**

നമുക്കു ചുറ്റും സർക്കാർ തലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലും മറ്റ് സമാന സംഘടനകളുടെ ആഭിമുഖ്യത്തിലും ഗുണഭോക്താക്കളുടെ സജീവസഹകരണത്തോടെ നടപ്പാക്കിവരുന്ന സാമൂഹ്യ ക്ഷേമ പദ്ധതികളെക്കുറിച്ച് പഠിച്ച് സഭയുടെ യൂണിറ്റ് തലത്തിൽ ചെറിയ സാമൂഹ്യ ക്ഷേമപരിപാടികൾ നടപ്പാക്കാൻ ശ്രമിക്കാവുന്നതാണ്. സംസ്ഥാന മൊട്ടാകെ നടപ്പാക്കി വരുന്ന കുടുംബശ്രീ പദ്ധതിയുടെ വിജയഗാഥകൾ നമുക്കും പ്രചോദനമാകേണ്ടതാണ്. മൈക്രോ ഫിനാൻസിംഗ് രംഗത്ത് മറ്റ് സാമുദായിക സംഘടനകൾ കൈവരിച്ച പുരോഗതിയും പഠന വിഷയമാക്കണം. ഇത് നടപ്പാക്കുന്നതിനുള്ള അടിസ്ഥാന പരിശീലനം ക്ഷത്രിയ ക്ഷേമ സഭാപ്രവർത്തകർക്കു ലഭ്യമായാൽ സഭാപ്രവർത്തനം അഭിലഷണീയമായ ഒരു ഗതി മാറ്റത്തിനു വിധേയമാകുമെന്നു കരുതുന്നു.

**21. വാർത്തകളെത്തിക്കാൻ E-mail Id.**

ക്ഷത്രിയ ക്ഷേമസഭയുടെ വിവിധ യൂണിറ്റുകളിൽ നിന്നുള്ള വാർത്തകൾ, റിപ്പോർട്ടുകൾ, മറ്റു വിവരങ്ങൾ എന്നിവ കാലതാമസം കൂടാതെ കേന്ദ്രസഭാ നേതൃത്വത്തിനെത്തിക്കാൻ സഹായകമായ രീതിയിൽ ഒരു ഔദ്യോഗിക E- mail address ഏർപ്പെടുത്തിയതായി അറിയിക്കുന്നു. kkspostbox@gmail.com എന്ന Email address ലേക്ക് mail ചെയ്യുന്ന രീതി നടപ്പാക്കാനഭ്യർത്ഥിക്കുന്നു.

**22. ചർച്ച ചെയ്യുക**

ഈ വാർഷിക റിപ്പോർട്ട് യൂണിറ്റു തലത്തിൽ വിശദമായി ചർച്ച ചെയ്ത് ക്രിയാത്മകമായ വിമർശനങ്ങളും നിർദ്ദേശങ്ങളും രൂപപ്പെടുത്തി ഒരു മാസത്തിനുള്ളിൽ കേന്ദ്ര നേതൃത്വത്തിനെത്തിക്കണമെന്ന് എല്ലാ യൂണിറ്റുകളോടും അഭ്യർത്ഥിക്കുന്നു.

**23. നന്ദി**

ഇക്കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങളിൽ സർവ്വാത്മനാ സഹകരിച്ച എല്ലാ യൂണിറ്റുകളോടും അവരുടെ പ്രതിനിധികളോടുമുള്ള അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

## എം. സി. കേരളവർമ്മരാജ ജന്മശതാബ്ദി ആഘോഷം

**കോഴിക്കോട് യൂണിറ്റ്**



*കോഴിക്കോട് ക്ഷത്രിയസഭ സംഘടിപ്പിച്ച എം.സി. കേരളവർമ്മ ജന്മശതാബ്ദി (ഉത്തരമേഖല)യാഘോഷത്തിൽ കോഴിക്കോട് ഏറാൾപ്പാട് ശ്രീ.പി.കെ.എസ്. രാജ ഭദ്രദീപം തെളിക്കുന്നു. കോഴിക്കോട് സാമൂതിരി രാജ മഹാമഹിമശ്രീ പി.കെ.എസ്. രാജ, ശ്രീ ശ്രീചന്ദ്രവർമ്മ, സംസ്ഥാന പ്രസിഡന്റ് ശ്രീ.കെ.സി. മാനവർമ്മരാജ എന്നിവരെയും കാണാം.*

ഉത്തരമേഖലാ അടിസ്ഥാനത്തിൽ നടത്തിയ എം.സി. കേരളവർമ്മ ജന്മശതാബ്ദി ആഘോഷം 2010 സെപ്റ്റംബർ 11-ാം തീയതി കോഴിക്കോട് വളയനാട് ശ്രീദേവി ഓഡിറ്റോറിയത്തിൽ നടന്നു. കാലത്ത് 10 മണിക്ക് ആരംഭിച്ച അനുസ്മരണസമ്മേളനം ബഹുമാന്യനായ കോഴിക്കോട് സാമൂതിരി രാജ മഹാമഹിമശ്രീ ശ്രീ.പി.കെ. എസ്.രാജ അവർകൾ ഉദ്ഘാടനം ചെയ്തു ബഹുമാന്യനായ കോഴിക്കോട് ഏറാൾപ്പാട് രാജ, പി.കെ. എസ്. രാജ അവർകൾ ആദ്ധ്യക്ഷം വഹിച്ച ചടങ്ങിൽ ക്ഷത്രിയക്ഷേമസഭാ കേന്ദ്ര കമ്മിറ്റി പ്രസിഡന്റ് മാനവർമ്മരാജ എം.സി.ചേട്ടൻ അനുസ്മരണ പ്രഭാഷണങ്ങൾക്ക് തുടക്കം കുറിച്ചു. തുടർന്ന് ഗുരുപൂജാ പുരസ്കാര ജേതാവ് സി.കെ. രവീന്ദ്ര വർമ്മ, പ്രൊഫസർ എൻ. രാജൻ തമ്പാൻ, കേന്ദ്രകമ്മിറ്റി സെക്രട്ടറി പി. സുഭാഷ്കുമാർ വർമ്മ, ക്ഷാത്ര

സന്ദേശം എഡിറ്റർ രവിവർമ്മ രാജ, കോഴിക്കോട് യൂണിറ്റ് പ്രസിഡന്റ് കെ.സി. മാനവേദൻ രാജ തുടങ്ങിയവർ അനുസ്മരണ പ്രഭാഷണം നടത്തി. എം.സി. ചേട്ടൻ ജന്മശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ഉത്തര മേഖലയിൽ നടത്തിയ ഉപന്യാസ മത്സരത്തിൽ വിജയികളായവർക്കുള്ള ഉപഹാരങ്ങളും ഈ വർഷം എസ്.എസ്.എൽ.സി., എച്ച്.എസ്.സി., വി.എച്ച്.സി. പരീക്ഷകളിൽ മുഴുവൻ വിഷയങ്ങൾക്കും A+ നേടിയ കുട്ടികൾക്കുള്ള പുരസ്കാരങ്ങളും കോഴിക്കോട് സാമൂതിരി രാജാ വിതരണം ചെയ്തു. ഉച്ചഭക്ഷണത്തിനുശേഷം ഉത്തരമേഖലയിലെ യൂണിറ്റ് അംഗങ്ങൾ അവതരിപ്പിച്ച വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു.




*പ്രിൻസസ് അശ്വതിതിരുനാൾ ഗൗരിലക്ഷ്മിബായി ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്യുന്നു. കുമാരകേരള വർമ്മ, അമ്പലപ്പുഴ രാമവർമ്മ, ഡോ. എഴുമറ്റൂർ രാജ രാജവർമ്മ, ആർ. രാമവർമ്മ, പി.കെ. ജയചന്ദ്രവർമ്മ എന്നിവരെയും ചിത്രത്തിൽ കാണാം.*

### എം.സി. കേരളവർമ്മ ജന്മശതാബ്ദി (മധ്യമേഖല)യും ഓണാഘോഷവും തൃശൂർ ക്ഷത്രിയക്ഷേമസഭ

തൃശൂർ ക്ഷത്രിയക്ഷേമസഭയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച എം.സി. കേരളവർമ്മ ജന്മശതാബ്ദി (മധ്യമേഖല) യാഘോഷം സെപ്റ്റംബർ 19ന് തൃശൂർ പഴയനടക്കാവ് ലക്ഷ്മികല്യാണമണ്ഡപത്തിൽ നടന്നു.

പ്രശസ്ത കവിയും സാഹിത്യകാരനുമായ ആറ്റൂർ രവിവർമ്മ മുഖ്യാതിഥി ആയിരുന്ന സമ്മേളനത്തിൽ കക്കാട് കാരണവപ്പാട് ശ്രീ കുഞ്ഞുണ്ണിരാജ അനുഗ്രഹപ്രഭാഷണം നടത്തി. പ്രൊഫ. എ.കെ. രാജരാജവർമ്മ എം.സി. കേരളവർമ്മ സ്മാരക പ്രഭാഷണം നടത്തി. തൃശൂർ ക്ഷത്രിയസഭാ പ്രസിഡന്റ് ശ്രീ.പി.സി. പ്രഹ്ളാദവർമ്മ ആദ്ധ്യക്ഷം വഹിച്ച യോഗത്തിൽ ശ്രീ. എൻ. ശങ്കർ വർമ്മ സ്വാഗതവും ശ്രീമതി ലതികാദേവദാസ് നന്ദിയും പറഞ്ഞു. തുടർന്ന് തൃശൂർ ക്ഷത്രിയസഭയുടെ ഭാഗമായി സംഘടിപ്പിച്ച ഓണാഘോഷത്തിൽ വിവിധ കലാപരിപാടികളും ഓണസ്സദ്യയും ഉണ്ടായിരുന്നു.

### ദക്ഷിണമേഖല ദ്വിദിനസമ്മേളനം തിരുവനന്തപുരം

സെപ്തംബർ 18,19 തീയതികളിൽ തിരുവനന്തപുരത്ത് കോട്ടയ്ക്കകം പ്രിയദർശിനി ആഡിറ്റോറിയത്തിൽ വിപുലമായ പരിപാടികളോടെ എം.സി. കേരളവർമ്മ ജന്മശതാബ്ദിയാഘോഷങ്ങൾ അരങ്ങേറി. 18ന് രാവിലെ 9.30ന് മാസ്റ്റർ മഹേന്ദ്രവർമ്മയും സംഘവും അവതരിപ്പിച്ച തായമ്പകമേളത്തോടെ പരിപാടികൾക്ക് തുടക്കം കുറിച്ചു. ശ്രീമതി സംഗീതാനരേന്ദ്രൻ ആലപിച്ച പ്രാർത്ഥനയ്ക്കുശേഷം പ്രിൻസസ് അശ്വതിതിരുനാൾ ഗൗരിലക്ഷ്മിബായി സമ്മേളനം ഉദ്ഘാടനം ചെയ്തു. പ്രൊഫ. അമ്പലപ്പുഴ രാമവർമ്മ സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ചു. ശതാബ്ദിയാഘോഷം ജനറൽ കൺവീനർ ആർ. രാമവർമ്മ എം.സി. കേരളവർമ്മ അനുസ്മരണപ്രഭാഷണം നടത്തി. ഡോ. ലക്ഷ്മിരഘുനന്ദൻ, പ്രൊഫ. കുമാര കേരളവർമ്മ, ഡോ. എഴുമറ്റൂർ രാജരാജ വർമ്മ, സി.കെ. രവീന്ദ്രവർമ്മ എന്നിവർ ആശംസകൾ അർപ്പിച്ചു. ആഘോഷക്കമ്മിറ്റി ചെയർമാൻ കെ.എൽ. ശ്രീകൃഷ്ണദാസ് സ്വാഗതവും തിരുവനന്തപുരം ക്ഷത്രിയസഭ സെക്രട്ടറി പി.കെ. ജയചന്ദ്രവർമ്മ കൃതജ്ഞതയും രേഖപ്പെടുത്തി.



*സദസ്സിന്റെ ഒരു ദൃശ്യം*




*പ്രൊഫ. കുമാരകേരളവർമ്മയുടെ സംഗീതക്കച്ചേരി. ശ്രീ ഈശ്വരവർമ്മ വയലിൻ, ശ്രീ. തിരുവനന്തപുരം രവീന്ദ്രൻ മൃദംഗം.*

ഒന്നാംദിവസത്തെ പരിപാടിയിൽ ആദ്യസെമിനാർ 'ക്ഷത്രിയസഭാപ്രവർത്തനങ്ങൾ എം.സി. ചേട്ടന്റെ കാലത്തും അതിനുശേഷവും ക്ഷാത്രസന്ദേശം ചീഫ് എഡിറ്റർ രവിവർമ്മ രാജ ഉദ്ഘാടനം ചെയ്തു. സഭയുടെ സംസ്ഥാന സെക്രട്ടറി സുഭാഷ് കുമാർ വർമ്മ പ്രബന്ധം അവതരിപ്പിച്ചു. ടി.എം. ശ്രീകുമാർ (കരിവെള്ളൂർ) രാജാ ശ്രീകുമാർവർമ്മ (കോട്ടയം), അരവിന്ദ വർമ്മ (തിരുവല്ല) എന്നിവർ സെമിനാറിൽ പങ്കെടുത്ത് സംസാരിച്ചു.

ഉച്ചഭക്ഷണത്തിനുശേഷം നടന്ന രണ്ടാമത്തെ സെമിനാർ 'സാംസ്കാരിക മേഖലയിൽ ക്ഷത്രിയരുടെ സംഭാവനകൾ' പ്രൊഫ. ആർ. എസ്. വർമ്മജി ഉദ്ഘാടനം ചെയ്തു. ഡോ. ആർ.പി.രാജ വിഷയത്തിന്മേൽ പ്രബന്ധം അവതരിപ്പിച്ചു.

ഡോ. ആർ. ശ്രീലതാവർമ്മ, മലയിൻകീഴ് ഗോപാലകൃഷ്ണൻ എന്നിവർ സെമിനാറിൽ പങ്കെടുത്ത് സംസാരിച്ചു. തുടർന്ന് കലാപരിപാടികളുടെ ഉദ്ഘാടനം




*'മാറുന്ന കുടുംബബന്ധങ്ങൾ' എന്ന വിഷയത്തിൻമേൽ നടന്ന സെമിനാറിൽ ശ്രീ. കെ.എൽ. മോഹനവർമ്മ പ്രബന്ധം അവതരിപ്പിക്കുന്നു.*

പ്രശസ്ത ചലച്ചിത്ര നടൻ ജഗന്നാഥ വർമ്മ ഉദ്ഘാടനം ചെയ്തു. പ്രൊഫ. കുമാര കേരളവർമ്മ യും സംഘവും അവതരിപ്പിച്ച കർണ്ണാടക സംഗീതസദസ്സോടെ ഒന്നാംദിവസത്തെ പരിപാടികൾക്ക് തിരശ്ശീല വീണു.

രണ്ടാം ദിവസത്തെ പരിപാടികളിൽ രാവിലെ 9.30ന് നടന്ന അക്ഷരശ്ലോകസദസ്സായിരുന്നു ആദ്യം. സഭാംഗങ്ങൾക്കു പുറമെ ഈ പരിപാടിയിൽ പ്രമുഖരായ രണ്ടു വിശിഷ്ടവ്യക്തികളും പങ്കെടുത്തു. തുടർന്ന് മൂന്നാമത്തേതും അവസാനത്തേതുമായ സെമിനാർ 'മാറുന്ന കുടുംബബന്ധങ്ങൾ' ഹരിസേന വർമ്മ I.P.S. ഉദ്ഘാടനം ചെ യ്തു. വിഷയത്തിന്മേൽ പ്രബന്ധം അവതരിപ്പിച്ചത് പ്രശസ്ത സാഹിത്യകാരനും നോവലിസ്റ്റുമായ കെ.എൽ. മോഹനവർമ്മയാണ്. പ്രൊഫ. കെ.എൻ.എസ്. വർമ്മ (ചേർത്തല) പ്രൊഫ. വൃന്ദാദേവിതമ്പുരാൻ (തിരുവനന്തപുരം), ശ്രീ സുകുമാരവർമ്മ (പന്തളം) ശ്രീമതി ശർമ്മിളാവർമ്മ (വെള്ളാരപ്പിള്ളി) എന്നിവർ സെമിനാറിൽ പങ്കെടുത്ത് സംസാരിച്ചു. തുടർന്ന് നടന്ന കവിയരങ്ങിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നെത്തിയ സമുദായാംഗങ്ങളായ ഒരു ഡസനോളം കവികൾ പങ്കെടുത്തു കവിതകൾ ആലപിച്ചു. രണ്ടുദിവസം നീണ്ടുനിന്ന പരിപാടികളിൽ ക്ഷത്രിയസമുദായത്തിലെ പ്രതിഭാശാലികളായ അംഗങ്ങൾ അവതരിപ്പിച്ച വിവിധ കലാവിരുന്നുകൾ ആഘോഷങ്ങൾക്ക് ചാരുത പകർന്നു. ഇതിൽ തിരുവാതിര, ലളിതസംഗീതം, ശാസ്ത്രീയസംഗീതം, വാദ്യസംഗീതം, നൃത്ത നൃത്യങ്ങൾ എന്നിവയ്ക്കുപുറമെ പ്രൊഫഷണൽ കലാകാരന്മാർ അവതരിപ്പിച്ച ഹാസ്യപരിപാടിയും ഉണ്ടായിരുന്നു.

സമാപനസമ്മേളനം ബഹു. കേരള വനം - ഭവനവകുപ്പുമന്ത്രി ബിനോയ് വിശ്വം ഉദ്ഘാടനം ചെയ്തു. ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന പ്രസിഡന്റ് കെ. സി. മാനവർമ്മ രാജ ആദ്ധ്യക്ഷം വഹിച്ച




*സമാപനസമ്മേളനം ബഹു. കേരള വനം, ഭവനവകുപ്പ് മന്ത്രി. ശ്രീ ബിനോയ് വിശ്വം ഉദ്ഘാടനം ചെയ്യുന്നു.*

സമ്മേളനത്തിൽ പ്രൊഫ. എം.ജി. ശശിഭൂഷൺ, ഡോ. ആർ. അജയകുമാർ വർമ്മ, എസ്. രാമാനുജൻ എന്നിവർ സംസാരിച്ചു. ക്ഷത്രിയസഭ സംസ്ഥാന വൈസ് പ്രസിഡന്റും ആഘോഷസമിതി ജോയിന്റ് കൺവീനറുമായ ശ്രീ.പി.ജി. ശശികുമാർവർമ്മ സ്വാഗതവും ശ്രീ പ്രസാദ് വർമ്മ തമ്പുരാൻ നന്ദിയും പറഞ്ഞു. സമ്മേളനത്തിൽ എം.സി. കേരളവർമ്മ ജന്മശതാബ്ദി സ്മരണിക മന്ത്രി ബിനോയ് വിശ്വം എം.സി. കേരളവർമ്മയുടെ മൂത്തമകൾ ഇന്ദിര ആർ.ജി. വർമ്മക്ക് നൽകി പ്രകാശനം ചെയ്തു. വൈകിട്ട് ആറുമണിയോടെ ആഘോഷപരിപാടികൾ സമംഗളം പര്യവസാനിച്ചു.

## കരപ്പുറം ക്ഷത്രിയസഭ
### ഓണാഘോഷപരിപാടി

കരപ്പുറം ക്ഷത്രിയസഭ ആഗസ്റ്റ് മാസം 29-ാം തീയതി ഞായറാഴ്ച തെക്കേമഠത്തിൽ കോവിലകത്തുവച്ച് അതിവിപുലമായി ഓണം ആഘോഷിച്ചു.

രാവിലെ വനിതാവിഭാഗം മനോഹരമായ പൂക്കളം ഒരുക്കി. 10.30നു

പ്രസിഡന്റ് പി.കെ. രവീന്ദ്രവർമ്മയും എൻ. ബാലരാമവർമ്മയും ബാലകേരള വർമ്മയും ചേർന്ന് ഭദ്രദീപം തെളിയിച്ച തോടെ ആഘോഷങ്ങൾ ആരംഭിച്ചു. ജല ജാവർമ്മയും ശൈലജാധനേഷും ചേർന്നാ ലപിച്ച ഓണപാട്ട് ചടങ്ങിനു മാറ്റുകൂട്ടി. സഭയുടെ മുതിർന്ന അംഗം ശ്രീ വിജയ വർമ്മ എല്ലാവർക്കും ഓണസന്ദേശം നൽകി. സുദേവ് വർമ്മയുടെ മദ്ദള വായ നയെത്തുടർന്ന് ഓണപ്പാട്ടുകളുടെ ഊഴ മായിരുന്നു. ജലജാ വർമ്മ, ശൈലജാ ധനേഷ്, അശ്വനിവർമ്മ, നന്ദിതാ വർമ്മ, അഭിജിത്ത് വർമ്മ തുടങ്ങിയവർ ഒരു ക്കിയ വിരുന്ന് ഓണക്കാലത്തിന്റെ ഓർമ്മ കൾ ഉണർത്തി.

വനിതാവിഭാഗം അവതരിപ്പിച്ച തിരു വാതിര സദസ്സിന്റെ കൈയടി പിടിച്ചു പറ്റി. തങ്കമണി നമ്പിഷ്ടാതിരി, ജയശ്രീ രാജീവ്, പ്രഭാ വർമ്മ, ജയലക്ഷ്മി വർമ്മ, ശൈലജാവർമ്മ, ശൈലരജാ ധനേഷ്, നന്ദിതാവർമ്മ തുടങ്ങിയവർ ചുവടുവച്ച പ്പോൾ ജലജാവർമ്മയും അശ്വിനി വർമ്മയും തിരുവാതിരപ്പാട്ടും ഹരിന്ദ്ര വർമ്മയും സുദേവ് വർമ്മയും താളവും കൈകാര്യം ചെയ്തു.

ഉഷാചന്ദ്രവർമ്മ, ഭദ്രാവർമ്മ എന്നി വരുടെ ഗാനാലാപനവും അശ്വനി വർമ്മ അവതരിപ്പിച്ച 'കണ്ണട' എന്ന കവിതയും ഏവരെയും ആകർഷിച്ചു.

കരപ്പുറത്തെ ഗായികാ ഗായകന്മാർ പങ്കെടുത്ത ഗാനാഞ്ജലി ആയിരുന്നു അടുത്ത ഇനം. ശ്രീകുമാരി വർമ്മ, ജല ജാവർമ്മ, ശൈലജാ ധനേഷ്, നന്ദിതാ വർമ്മ, നയനാവർമ്മ, അഭിജിത്ത് വർമ്മ തുടങ്ങിയവർ ഗാനങ്ങൾ ആലപിച്ചപ്പോൾ ശ്രീകുമാരവർമ്മ (ജയൻ) ശ്രീ ഹരീന്ദ്ര വർമ്മ മാസ്റ്റർ സുദേവ് വർമ്മ തുടങ്ങിയ വർ പക്കമേള കൊഴുപ്പേകി. ശ്രീലക്ഷ്മി വർമ്മ നാടോടിനൃത്തവും അവതരിപ്പിച്ചു.

വിഭവസമൃദ്ധമായ ഓണസദ്യക്കു ശേഷം കലാപരിപാടികൾ തുടർന്നു. കുമാരിമാർ നയനാവർമ്മ, സ്നേഹാ വർമ്മ, ഭദ്രാവർമ്മ എന്നിവർ അവതരിപ്പിച്ച സിനിമാറ്റിക് ഡാൻസും കെ.എൻ. സുരേ ന്ദ്രനാഥവർമ്മ ആലപിച്ച സ്വന്തം കവി തയും ഏറെ ഹൃദ്യമായി.

ശ്രീലേഖാ നന്ദനവർമ്മയുടെ വയ ലിൻ കച്ചേരിക്ക് ശ്രീകുമാരവർമ്മയും ഹരീന്ദ്രവർമ്മയും പക്കമേളം കൈകാര്യം ചെയ്തു. സുദേവ് വർമ്മ ചെണ്ടയിലൂടെ ലയവിന്യാസത്തിനു കൊഴിപ്പേകി. ദേവികാ സുരേഷ് വർമ്മയുടെ ഗാനാലാപനമായി രുന്നു അടുത്തയിനം.

വൈകിട്ട് 5 മണിയോടെ ഓണാഘോ ഷപരിപാടികൾ സമംഗളം പര്യവസാനിച്ചു. ആഘോഷങ്ങളിൽ പങ്കെടുത്തവർക്കും കലാപരിപാടികൾ അവതരിപ്പിച്ചവർക്കും സെക്രട്ടറി നന്ദി പ്രകാശിപ്പിച്ചു.

## കരിവെള്ളൂർ യൂണിറ്റ്

### പ്രവർത്തനറിപ്പോർട്ട്

**2010 ജൂലായ്**

ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് പ്രവർത്തകസമിതിയോഗം ജൂലായ് 25ന് ചെറുതാഴം വി.എം. നാരാ യണൻ ഉണിത്തിരിയുടെ ഭവനത്തിൽ നട ന്നു. യൂണിറ്റ് വെസ് പ്രസിഡന്റ് സി. മാധ വൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി ടി.എം. ശ്രീകുമാർ റിപ്പോർട്ട് അവതരിപ്പിച്ചു. സഭയുടെ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലതയോടെ നട ത്തുന്നതിന് മെമ്പർമാരുടെ സഹകരണം അഭ്യർത്ഥിക്കുകയും തുടർന്ന് നടന്ന ചർച്ചയിൽ വി.എം. നാരായണൻ ഉണി ത്തിരി, എൻ.എം. കൃഷ്ണൻ ഉണിത്തിരി, എൻ.പി. ബാലകൃഷ്ണൻ, സി.കെ. രാഘ വവർമ്മ, ഇ.എം. കൃഷ്ണകുമാർ, സുദേവ് വർമ്മ, വിജയകുമാര വർമ്മ, വി.എം. ഗോവിന്ദൻ ഉണിത്തിരി, സി.കെ. പുരു ഷോത്തമൻ എന്നിവർ സംസാരിക്കുകയും ചെയ്തു.

**തീരുമാനങ്ങൾ**

1. ഈ വർഷത്തെ ഓണാഘോഷപ രിപാടിയും സ്കോളർഷിപ്പു വിതരണവും ആഗസ്റ്റ് 29ന് വി.എം. നാരായണൻ ഉണി ത്തിരിയുടെ ഭവനത്തിൽ നടത്താൻ തീരു മാനിച്ചു.

2. ഓണസദ്യക്ക് ഒരുക്കുന്ന വിഭവ ങ്ങൾ മെമ്പർമാർ അവരുടെ ഭവനത്തിൽ തയ്യാറാക്കി യോഗസ്ഥലത്ത് എത്തിക്കാൻ തീരുമാനിച്ചു.

3. സ്കോളർഷിപ്പിനുള്ള കുട്ടികളെ തിരഞ്ഞെടുക്കുന്നതിന് സി. മാധവൻ, ടി. എം. ശ്രീകുമാർ, വി.എം. കൃഷ്ണകുമാർ, സി.കെ. രാഘവൻ, സി.കെ. പുരുഷോ ത്തമൻ എന്നിവരടങ്ങിയ കമ്മിറ്റിയെ ചുമ തലപ്പെടുത്തി.

4. സെപ്റ്റംബർ 1ന് കോഴിക്കോട് നടക്കുന്ന എം.സി. കേരളവർമ്മ അനു സ്മരണത്തിൽ 10 പേരെ പങ്കെടുപ്പി ക്കാൻ തീരുമാനിച്ചു. പരിപാടിയിൽ തിരു വാതിരക്കളി അവതരിപ്പിക്കുന്നവർക്ക് യാത്രാച്ചെലവ് സഭ അനുവദിക്കണ മെന്നും തീരുമാനിച്ചു.

വി.എം. കൃഷ്ണകുമാർ സ്വാഗ തവും വി.എം. ബാലകൃഷ്ണൻ നന്ദിയും പറഞ്ഞു.

**ഓണാഘോഷപരിപാടിയും സ്കോളർ ഷിപ്പ് വിതരണവും**

ഓണാഘോഷപരിപാടിയും സ്കോളർഷിപ്പ് വിതരണവും ആഗസ്റ്റ് 29ന് വി.എം. നാരായണൻ ഉണിത്തിരി യുടെ (ട്രസ്റ്റ് രക്ഷാധികാരി) ഭവനത്തിൽ നടന്നു. യോഗത്തിൽ വി.എം.കൃഷ്ണകു മാർ സ്വാഗതം ആശംസിച്ചു. പ്രസിഡന്റ് എൻ.പി. കൃഷ്ണൻ ഉണിത്തിരി അദ്ധ്യ ക്ഷത വഹിച്ച യോഗത്തിൽ മുഖ്യഅതിഥി എൻ.കെ. കൃഷ്ണൻ ഉണിത്തിരി ഓണാ ഘോഷപരിപാടിയുടെ ഉദ്ഘാടനം നിർവ്വ ഹിച്ചു. കരിവെള്ളൂർ യൂണിറ്റിന്റെ ശ്ലാഘ നീയമായ പ്രവർത്തനങ്ങൾ മറ്റു യൂണിറ്റു കൾക്കും മാതൃകയാകേണ്ടതാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. സെക്രട്ടറി ടി. എം. ശ്രീകുമാർ റിപ്പോർട്ട് അവതരിപ്പിക്കു കയും കേന്ദ്രസഭയുടെ നിർദ്ദേശങ്ങളും പരിപാടികളും വിശദീകരിക്കുകയും ചെയ്തു.

2010 വർഷത്തെ സ്കോളർഷിപ്പു കളും ക്യാഷ് അവാർഡുകളും എൻ.കെ. കൃഷ്ണൻ ഉണിത്തിരി വിതരണം ചെയ്തു. എസ്.എസ്.എൽ.സി. (സ്റ്റേറ്റ് സിലബസ്/ സിബിഎസ്സി) പ്ലസ് ടു (സ്റ്റേറ്റ് സിലബസ്/ സിബിഎസ്സി), ഡിഗ്രി, ഡിപ്ലോമ എന്നീ വിഭാഗങ്ങളിലായി ഏഴു കുട്ടികൾക്ക്

സ്കോളർഷിപ്പും വിദ്യാഭ്യാസ ധനസഹായമായി 9 കുട്ടികൾക്ക് കാഷ് അവാർഡും എൻ.കെ. കൃഷ്ണൻ ഉണിത്തിരി വിതരണം ചെയ്തു. എസ്.എസ്.എൽ.സി. വിഭാഗത്തിൽ ഒന്നാംസ്ഥാനത്തിന് കീർത്തനവർമ്മയും രണ്ടാം സ്ഥാനത്ത് ഗോപിക. എസും അർഹരായി. സിബിഎസ്ഇ വിഭാഗത്തിൽ ഒന്നാംസ്ഥാനത്തിന് ദീപക് ബി. വർമ്മയും പ്ലസ്ടു വിഭാഗത്തിൽ ഒന്നാംസ്ഥാനത്തിന് അനുശ്രീ അക്ഷയയും രണ്ടാം സ്ഥാനത്തിന് കവിതാവർമ്മ, അമ്പിളി വർമ്മ എന്നിവരും അർഹരായി. ഡിഗ്രി വിഭാഗത്തിൽ കുമാരി സംഗീതവർമ്മ സ്കോളർഷിപ്പിന് അർഹയായി. ഈയിനത്തിൽ ആകെ 27,222 രൂപ വിതരണം ചെയ്തു. എൻ.കെ. നാരു ഉണിത്തിരി, സി. മാധവൻ, വി.എം. നാരായണൻ ഉണിത്തിരി, എൻ.പി. വത്സല സുബ്രഹ്മണ്യൻ എന്നിവർ ആശംസകളർപ്പിച്ചു.

യോഗത്തിൽ ശ്രീ.വി.എം. ദാമോദരൻ മനുഷ്യശരീരത്തിലെ അവയവങ്ങൾ ദാനം ചെയ്യുന്നതിന്റെ ആവശ്യകതയെക്കുറിച്ച് വിശദമായി സംസാരിച്ചു. തന്റെ ശരീരവും അവയവങ്ങളും ദാനം ചെയ്ത് മാതൃക കാട്ടിയ ദാമോദരേട്ടന്റെ മാതൃകാപരമായ പ്രവർത്തനത്തെ യോഗം അഭിനന്ദിച്ചു. തുടർന്ന് മുപ്പതോളം പേർ അവയവങ്ങൾ ദാനം ചെയ്യുന്നതിന് സന്നദ്ധത അറിയിച്ചു.

ഓണാഘോഷപരിപാടികളുടെ ഭാഗമായി ലളിതഗാനം, സംഘഗാനം, സിനിമാഗാനങ്ങൾ എന്നിവ അവതരിപ്പിച്ചു. കുട്ടികൾക്കും മുതിർന്നവർക്കും വേണ്ടി നടത്തിയ മത്സരങ്ങളിൽ നിരവധി പേർ പങ്കെടുത്തു. വിഭവസമൃദ്ധമായ ഓണസദ്യക്കുശേഷം വി.എം.ബാലകൃഷ്ണന്റെ നന്ദി പ്രകടനത്തോടെ പരിപാടികൾ അവസാനിപ്പിച്ചു.

## ശ്രീകാമാക്ഷി ക്ഷേത്രം

കരിവെള്ളൂർ ശ്രീകാമാക്ഷി ക്ഷേത്രത്തിലെ വിവിധ ഉത്സവപരിപാടികളായ കർക്കിട മാസത്തിലെ ഭഗവതീസേവ, അഖണ്ഡരാമായണപാരായണം, നിറപുത്തരി എന്നിവയും നാഗപ്രതിഷ്ഠാദിനം, വിനായകചതുർത്ഥി ദിവസത്തെ മഹാഗണപതിഹോമം എന്നിവയും പൂർവ്വാധികം ഭംഗിയായി നടന്നു. നവരാത്രി ആഘോഷം നിറമാല തിടമ്പുനൃത്തം, പ്രഭാഷണങ്ങൾ, സംഗീതക്കച്ചേരി, ഓട്ടൻതുള്ളൽ, സാസ്കാരിക പരിപാടികൾ, വാഹനപൂജ, വിദ്യാരംഭം എന്നീ ചടങ്ങുകളോടെ നടത്തുന്നതിന് തീരുമാനിച്ചു. പരിപാടികളുടെ നടത്തിപ്പിനായി 101 പേരടങ്ങിയ കമ്മിറ്റിയുടെ യോഗത്തിൽ പ്രവർത്തനം ആരംഭിച്ചു.

### വിവാഹിതരായി

ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റംഗമായ ടി.എം. രാജമോഹനന്റെയും ശ്രീ.കെ.ഷീലയുടെയും മകൾ കുമാരി ദിവ്യശ്രീയും പിലാത്തറ പയിച്ചിയിൽ എൻ.കെ. മഠത്തിൽ സി.ടി. മാധവന്റെയും എൻ.കെ. സീതയുടെയും മകൻ സജീഷും തമ്മിലുള്ള വിവാഹം പിലാത്തറ കൈരളി ഓഡിറ്റോറിയത്തിൽ 4.7.2010ന് സമംഗളം നടന്നു.

### ഗൃഹപ്രവേശം

ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് വൈസ് പ്രസിഡന്റും സംസ്ഥാന പ്രവർത്തക സമിതി അംഗവുമായ അഡ്വ. വി.എം. കൃഷ്ണകുമാർ വിളയാങ്കോട് ശ്രീ മഹാശിവക്ഷേത്രത്തിന് സമീപം പുതുതായി നിർമ്മിച്ച ഭവനത്തിന്റെ ഗൃഹപ്രവേശം സെപ്റ്റംബർ 12ന് സമംഗളം നടന്നു.

# സാംസ്കാരികം

### അഹല്യ വീണാസംഗീത സ്കൂൾ

വീണാവിദുഷി അഹല്യ തമ്പുരാട്ടിയുടെ സ്മരണാർത്ഥം ഹരിപ്പാട്ട് അനന്തപുരം കൊട്ടാരത്തിൽ മായാവർമ്മ പ്രവർത്തനമാരംഭിച്ച അഹല്യ വീണാ സംഗീത സ്കൂളിന്റെ ഒന്നാം വാർഷികം 21.8.2010 ന് അനന്തപുരം കൊട്ടാരത്തിലെ നടപ്പുരയിൽ വെച്ച് ആഘോഷിച്ചു. പന്തളം വലിയരാജ രേവതിനാൾ പി. രാമവർമ്മരാജ അദ്ധ്യക്ഷത വഹിക്കുകയും ഭദ്രദീപം കൊളുത്തുകയും ചെയ്തു. ലതികാരഘുബീർ നടത്തിയ ഈശ്വരപ്രാർത്ഥനയോടെ യോഗമാരംഭിച്ചു. കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിരാജ സ്വാഗതമാശംസിച്ചു. കേരളകാളിദാസ കേരളവർമ്മ വലിയ കോയിത്തമ്പുരാൻ' സ്മാരക സ്കൂളദ്ധ്യാപകൻ, ബി. വേണുഗോപാൽ, ഡോ.എം.വേണുഗോപാൽ എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. വി. ഗണേശൻ കൃതജ്ഞത പ്രകാശിപ്പിച്ചു.

യോഗത്തിനുശേഷം, പ്രസ്തുത സ്കൂളിലെ കുട്ടികളുടെ സംഗീത പരിപാടിയും പ്രശസ്ത മാന്ത്രിക കുമാരി അമ്മുവിന്റെ ഇന്ദ്രജാലപ്രകടനവും നടക്കുകയുണ്ടായി.

### ചരമം

#### എൻ.ജി. കേരളവർമ്മ

പന്തളം പടിഞ്ഞാറെ നെലിക്കോയിക്കലിൽ എൻ.ജി. കേരളവർമ്മ ആഗസ്റ്റ് 24ന് അന്തരിച്ചു. കേരളാ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ സ്റ്റേഷൻ മാസ്റ്ററായിരുന്നു. പന്തളം കൊട്ടാരത്തിൽ പരേതനായ പി. ഗോദവർമ്മരാജയുടേയും വെൺമണി വടക്കേമഠത്തിൽ അംബിക തമ്പുരാട്ടിയുടേയും മകനായി 1934 ലായിരുന്നു ജനനം. പന്തളം കൊട്ടാരത്തിലെ വിവിധ കാര്യങ്ങളിൽ സമ്പൂർണ്ണമായി നിറഞ്ഞുനിന്ന ഒരു വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്.

പന്തളം ക്ഷത്രിയ സഭ, പാലസ് ക്ലബ്ബ് തുടങ്ങിയവയുടെ പ്രവർത്തനങ്ങളിൽ അദ്ദേഹത്തിന്റെ സ്വതസിദ്ധമായ സ്പർശനങ്ങൾ പല ഘട്ടങ്ങളിലും ഉണ്ടായിട്ടുണ്ട്. ഉദ്യോഗത്തിൽ നിന്നും പിരിഞ്ഞ ശേഷം കാർഷികവൃത്തിയിൽ സജീമായിരുന്നു. എഴുമറ്റൂർ കോയിക്കൽ ചന്ദ്രിക തമ്പുരാട്ടിയാണ് പത്നി. ഹരേഷ്, രാജേഷ്, ഗിരീഷ് എന്നിവരാണ് മക്കൾ. ശ്രീജ, സംഗീത, സന്ധ്യ എന്നിവർ മരുമക്കളാണ്.

#### വി. എസ്. കേരളവർമ്മ തമ്പുരാൻ



വെൺമണി: പന്തളം മന്നം ഷുഗർ മിൽസ് ഇൻസ്പെക്ടറായിരുന്ന വടക്കേമഠത്തിൽ വി.എസ്. കേരളവർമ തമ്പുരാൻ (83) നിര്യാതനായി. ഭാര്യ: കടപ്ര തൂളിശാല കോയിക്കൽ ചന്ദ്രിക തമ്പുരാട്ടി. മക്കൾ : വി.കെ. സതീശവർമ്മ തമ്പുരാൻ (ചീഫ് അഡ്വൈസർ എൽഐസി, ചെങ്ങന്നൂർ),

വി.കെ. പ്രകാശവർമ തമ്പുരാൻ (ജനറൽ മാനേജർ, കാന്തി ഫ്ളോർ ഫർണിഷേഴ്സ്, ആലപ്പുഴ), വി.കെ. ശ്രീലത തമ്പുരാട്ടി (വർമാസ് പബ്ലിക് സ്കൂൾ, വൈക്കം), വി.കെ. രവിവർമ തമ്പുരാൻ (അസി. എഡിറ്റർ മലയാള മനോരമ, പത്തനംതിട്ട). മരുമക്കൾ: പ്രസീദ വർമ (എസ്ഡി കോളേജ്, ആലപ്പുഴ), എം.ആർ. ഹരീന്ദ്രവർമ (ഫാക്ട്, അമ്പലമുകൾ), വി. മിനി (എസ്ബിടി, പന്തളം), പരേതയായ ജയഭവാനി.

**ആർ.വി. കുഞ്ഞിക്കുട്ടൻ തമ്പുരാൻ**



തൃപ്പൂണിത്തുറ: സിനിമ സീരിയൽ നടനും കൊച്ചി രാജകുടുംബാംഗവുമായ തൃപ്പൂണിത്തുറ ഈടൂപ്പ് പാലസിൽ ആർ.വി. കുഞ്ഞിക്കുട്ടൻ തമ്പുരാൻ (74) അന്തരിച്ചു.

അമ്പതോളം മലയാള സിനിമകളിലും 'കോട്ടൺമേരി' എന്ന ഇംഗ്ലീഷ് സിനിമയിലും 'സമയം' 'ചിറ്റ' മുതലായ ടെലിവിഷൻ സീരിയലുകളിലും അഭിനയിച്ചിട്ടുണ്ട്.

ഭാര്യ: സതീവർമ (മാനേജർ, തൃപ്പൂണിത്തുറ, കഥകളി കേന്ദ്രം, വനിതാവിഭാഗം) മക്കൾ: സുമാവർമ്മ (ഘാന), ആർ. വി. വാസുദേവൻ. മരുമക്കൾ: രാജു ബോസ് (ഘാന), രജിതാവർമ്മ.

**കെ. രാജരാജവർമ കോയി തമ്പുരാൻ**



തിരുവല്ല: പാലിയേക്കര കൊട്ടാരത്തിലെ വലിയ തമ്പുരാൻ കെ. രാജരാജവർമ കോയി തമ്പുരാൻ (ചെറുണ്ണിതമ്പുരാൻ - 92) ഒക്ടോബർ 14ന് ചെന്നൈയിൽ അന്തരിച്ചു. തിരുവിതാംകൂർ ദേവസ്വം ബോർഡ് അസിസ്റ്റന്റ് കമ്മീഷണർ ആയിരുന്നു. ഭാര്യ: പരേതയായ സീതക്കുട്ടി തമ്പുരാട്ടി (ആറന്മുള കൊട്ടാരം) മക്കൾ: എ.കെ. ആർ.ആർ.വർമ (രവീന്ദ്രൻ), കൃഷ്ണകുമാരി തമ്പുരാട്ടി. മരുമക്കൾ: കെ.വി.എ. തമ്പുരാൻ, ശ്രീദേവി തമ്പുരാട്ടി.

**മംഗലകുമാരി തമ്പുരാട്ടി**



തിരു: മാവേലിക്കര മണ്ണൂർമഠം കൊട്ടാരത്തിൽ മംഗലകുമാരി തമ്പുരാട്ടി (65) പാൽക്കുളങ്ങര കോഴിയോട്ട് ലെയ്നിലെ (എആർഎ - 112) ശ്രീശൈലത്ത് അന്തരിച്ചു. ഭർത്താവ്: കിളിമാനൂർ കൊട്ടാരത്തിൽ പരേതനായ ബാലചന്ദ്രവർമ(ചെറുണ്ണി). മക്കൾ: ഗോപകുമാർ, അശോക് കുമാർ, ജയശ്രീ. മരുമക്കൾ: കൃഷ്ണകുമാർ, സ്മിത.

**ശ്രീദേവിതമ്പായി**

കൊടുങ്ങല്ലൂർ പുത്തൻ കോവിലകത്ത് ശ്രീദേവിതമ്പായി (73) ഒക്ടോബർ 9ന് തൃപ്പൂണിത്തുറയിൽ നിര്യാതനായി. കൊച്ചി സർവ്വകലാശാലയിൽ അസിസ്റ്റന്റ് രജിസ്ട്രാറായിരുന്നു. കിളിമാനൂർ കൊട്ടാരത്തിൽ രവിവർമ്മയാണ് ഭർത്താവ്. മക്കൾ: അജിത് കുമാർ (ധനലക്ഷ്മി ബാങ്ക്) അരുൺകുമാർ. മരുമക്കൾ: സന്ധ്യ.

**വി.കെ. ഗോദവർമ്മ രാജ**

കടപ്രവാക്കയിൽ കോയിക്കൽ വി. കെ. ഗോദവർമ്മ രാജ(69) ഒക്ടോബർ 20ന് അന്തരിച്ചു. ഭാര്യ വൈക്കത്ത് പടിഞ്ഞാറെ കോവിലകത്ത് പത്മകുമാരി. മക്കൾ: പരേതയായ ശ്രീകല, മകൻ. സജിത്ത് (യുകെ) മരുമകൾ: വാണി

**മോഹനവർമ്മ**

പൂഞ്ഞാർ കൊട്ടാരത്തിൽ മോഹനവർമ്മരാജ(64) അന്തരിച്ചു. ഭാര്യ: ഹരിപ്പാട് അനന്തപുരം കൊട്ടാരത്തിൽ ജയതമ്പുരാട്ടി. മക്കൾ: ജയരാമൻ (കുഞ്ഞുണ്ണി) ജയദേവൻ.

**കെ.ആർ. വർമ്മ**



കൊച്ചി രാജകുടുംബാംഗമായ തൃപ്പൂണിത്തുറ മംഗളാലയം പാലസ്സിലെ ഡോ. കെ.ആർ. വർമ്മ (86) ആഗസ്റ്റ് 24-ാം തീയതി ചെന്നൈയിൽ അന്തരിച്ചു. ദീർഘകാലം ഇംഗ്ലണ്ടിൽ അനസ്തറ്റിസ്റ്റ് ആയി പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ: മദ്രാസ് മെഡിക്കൽ മിഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റീപ്രൊഡക്ടീവ് മെഡിസിൻ ഡയറക്ടറായ ഡോ. തങ്കം ആർ. വർമ്മ. മക്കൾ: മീനവർമ്മ (ഇംഗ്ലണ്ട്), സുനിൽ വർമ്മ (ഇംഗ്ലണ്ട്).

**പത്മിനി തമ്പുരാൻ**

കൊച്ചിരാജകുടുംബാംഗം തൃപ്പൂണിത്തുറ പത്മവിലാസം പാലസ് 17-ൽ പ്രൊഫ. പത്മിനി തമ്പുരാൻ (65) ഒക്ടോബർ 17ന് അന്തരിച്ചു. എസ്.എൻ. കോളേജുകളിൽ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം പ്രൊഫസറായിരുന്ന പത്മിനിതമ്പുരാൻ കൊല്ലം എസ്.എൻ. കോളേജിൽ നിന്നാണ് വിരമിച്ചത്.

പന്തളത്ത് നീരാഴിക്കെട്ടു കൊട്ടാരത്തിലെ അംഗവും റിട്ട. എൽ.ഐ.സി. ഡിവിഷണൽ മാനേജരുമായ പി. കേരളവർമ്മരാജ (ശിവപ്രസാദ്)യാണ് ഭർത്താവ്. വൃന്ദ (എസ്.ബി.റ്റി, കൊടുങ്ങല്ലൂർ), വന്ദന (ഹിദായത്തുൽ ഇസ്ലാമിക് സ്കൂൾ, കോഴിക്കോട് എന്നിവർ മക്കളും തൃശൂർ ഗവ. എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകൻ ഡോ. നന്ദകുമാർ (വെള്ളാങ്കല്ലൂർ), കോഴിക്കോട് ദേവഗിരി കോളേജ് അദ്ധ്യാപകൻ ഡോ. സലിൽ വർമ്മ (ഏറ്റുമാനൂർ വടക്കംകൂർ) എന്നിവർ മരുമക്കളുമാണ്.

**ഡോ. കേരളവർമ്മ കൊച്ചുണ്ണി തമ്പുരാൻ**



തൃപ്പൂണിത്തുറ: കൊച്ചി രാജകുടുംബത്തിലെ ഇളയ തമ്പുരാൻ തൃപ്പൂണിത്തുറ കൊച്ചുപടിഞ്ഞാറെ കോവിലകത്ത് ഡോ. കേരളവർമ കൊച്ചുണ്ണി തമ്പുരാൻ (95) തൃശൂരിൽ അന്തരിച്ചു. നാഷണൽ ഡയറി ഡവലപ്മെന്റ് ബോർഡിന്റെ കീഴിലുള്ള മിൽക്ക് സ്കീം ക്വാളിറ്റി കൺട്രോൾ ഡവല്മെന്റ് ബോർഡ് മുൻ മേധാവിയാണ്. ഭാര്യ: കോങ്കോത്ത് പാർവതിയമ്മ. മക്കൾ: ശുഭ ഹരി കോങ്കോത്ത് (മാനേജിംഗ് ഡയറക്ടർ, ഹാർമണി ഹോസ്പിറ്റാലിറ്റി സർവീസ്, കൊച്ചി) മരുമക്കൾ: കെ. രാമകൃഷ്ണൻ (റിട്ട. എം.ഡി. എസ്ബിടി), നന്ദിനി.